
നാട
കാമുകന്മാർ
350
അലെക്സി അന്തോണോവ്



MUNAVIRUL ISLAM HIGH SCHOOL,
Date..........
ERNAKULAM.

# രണ്ടു കാമുകന്മാർ

350

MALAYALAM

**RANDU KAMUKANMAR**

**(Drama)**

Translation of:
IT HAPPENED IN IRKUTSK
By **ALEXEI ARBUZOV**

Translated by:
**Subhadra Parameswaran**

1st Impression 1000 Copies
November 1963

**Price Rs. 1-75**

Publishers:
**C. I. C. C. Book House,**
T. B. Road, ERNAKULAM.

Printed at NARMADA PRESS, ERNAKULAM.

# രണ്ടു കാമുകന്മാർ

(നാടകം)

5362

**അലക്സി അർബുസോവ്**

വിവർത്തനം: സുഭദ്രാ പരമേശ്വരൻ

പ്രസാധകർ:

**സി. ഐ. സി. സി. ബുക്കു് ഹൌസ്**

ടി. ബി. റോഡ്, എറണാകുളം

വില. 1-75.

"അനുരാഗത്തിനു് നാം വളരെ തുച്ഛമായ പ്രാധാന്യമേ കല്പിയ്ക്കാറുള്ളു. മനുഷ്യനെ ഉദാരനാക്കുകയും അവനു് ആത്മോന്നതി നേടിക്കൊടുക്കുകയും ചെയ്യുന്ന അനുരാഗത്തേയാണു് ഞാനുദ്ദേശിയ്ക്കുന്നതു്. ഈയൊരു ചിന്ത വളരെക്കാലമായി എന്നെ അലട്ടാൻതുടങ്ങിയിട്ടു്. പ്രണയബന്ധത്തിലേർപ്പെടുന്ന മനുഷ്യൻ, ഒരു പരിധിവരെ, സ്വന്തം ജീവിതത്തെ രൂപപ്പെടുത്തിയെടുക്കാൻ ശ്രമിക്കുന്നുവെന്നാണെന്റെ വിശ്വാസം. മാത്രമല്ല, അയാളും തന്റെ കാമുകിയുടേയും സ്വഭാവത്തെ രൂപപ്പെടുത്തുന്നു.

അതുതന്നെയാണീ നാടകത്തിലെ പ്രമേയവും."

— അലക്സി അർബുസോവ്.

ISLAM HIGH SCHOOL
ERNAKULAM
5363

5362

# കഥാപാത്രങ്ങൾ

ഗായകസംഘം.

വാല്യ: ഒരു പലവ്യഞ്ജനക്കടയിലെ പണം സൂക്ഷിപ്പുകാരി വയസ്സ് 25

ലാറിസ്സ: അവിടത്തെ വില്പന ഗുമസ്ത, ,, 34

സെർഡ്യൂക്ക സ്റ്റീപ്പൻയെഗറോവിച്ച്:
ഒരു ഖനനയന്ത്രത്തിന്റെ ഫോർമാൻ ,, 51

സർജി സെറ്യോജിൻ: ഷിഫ്റ്റ് ഫോർമാനും, ഖനന
യന്ത്രത്തിന്റെ സീനിയർ ഓപ്പറേറ്ററും ,, 26

വിക്റ്റർ (വിറ്റ്യ) ബേയ്ട്സോവ്: ഇലക്ട്രീഷൻ
സെറ്യോജിന്റെ ഒന്നാം സഹായി ,, 25

റോഡിൻ (റോഡിക്ക്): ഒരു ഹൈഡ്രോളിക്ക് പ്രവത്തകൻ
സെറ്യോജിന്റെ രണ്ടാം സഹായി ,, 24

ഡെന്നീസ്: ഖനന യന്ത്രത്തിലെ എണ്ണക്കാരൻ ,, 25

അഫാൻസി ലാപ്ച്ചെങ്കോ: സഹായി ,, 20

സീങ്ക: ഡെന്നീസിന്റെ പത്നി, ഒരു കോൺക്രീറ്റ് വേലക്കാരി.

മായ: റോഡിക്കിന്റെ സഹോദരി. മോസ്കോവിൽ
നിന്നു വന്ന ഒരു സ്കൂൾകുട്ടി ,, 17

ന്യൂറ: കേന്ദ്രആഫീസിലെ ഇലക്ട്രീഷൻ 22

ഒരു കുടിയൻ.

ചെറിയ പെൺകിടാവ്

നേർസ്

യുവാവ്—ഒന്നാമൻ

യുവാവ്—രണ്ടാമൻ

ജൂൻറൺ: ഏതാണ്ട് പത്തുവയസ്സായ ഒരു ബാലൻ

ലാറ: അവന്റെ സ്നേഹിത, ഒമ്പതു വയസ്സുകാരി

യാത്രക്കാരൻ:

5363

# ഭാഗം ഒന്നു്

[ഗായക സംഘവും കഥാപാത്രങ്ങളും പ്രവേശിക്കുന്നു. സ്റ്റേജിൽ, ഇഷ്ടംപോലെ അവിടവിടെ ഇരിക്കുവാൻ അവരെ അനുവദിക്കുകയാണ് നല്ലത്. എന്തെന്നാൽ എല്ലാവരും സ്വന്തം ചിന്തകളിൽ മുഴുകിയിരിക്കുക യാണ്. ഒരാൾ ഒരു ഗിത്താർ വായിക്കുന്നുണ്ട്. പക്ഷെ അശ്രദ്ധമായി പതുക്കെ അയാളതു ചെയ്യു ന്നതു കണ്ടാൽ ശ്രുതി കൂട്ടുകയാണെന്നേ തോന്നൂ. ഒരു താരാട്ടിൻെറ നേരിയ സ്വരം. ഇനി പാടാനുള്ള ഒരു ഗാനത്തിൻെറ ഒരേകദേശരൂപം പരീക്ഷിച്ചു നോക്കുകയാണ്. പക്ഷെ ഒരുകാര്യം ശ്രദ്ധിക്കണം: ഈ സംഗീതോപകരണങ്ങളെല്ലാം കേവലം യാദൃശ്ചി കമാകാനേ പാടു. തെല്ലുനേരത്തെ ചിന്താമഗ്നമായ നിശ്ശബ്ദതക്കുശേഷം സംഭാഷണം ആരംഭിക്കുന്നു.]

ഒന്നാമത്തെ യുവാവ്: പ്രേമത്തിന്നടിപ്പെട്ട ഒരു സ്ത്രീയോ പുരുഷനോ, സൂര്യപ്രകാശത്തിൽ നില്ക്കുന്ന ഒരു പൂവുപോലെ വികസിക്കുമെന്നു പറയുന്നത് ശരിയാണോ?

പെൺകുട്ടി: (ആലോചനയോടെ) ചിലപ്പോഠം........

രണ്ടാമത്തെ യുവാവ്; (പെൺകുട്ടിയുടെ കൈ പിടിച്ച്, അവളുടെ നയനങ്ങളിലേക്ക് ഉററുനോക്കിക്കൊണ്ട്) എന്റെ സ്നേഹത്തിനു നിന്നെ രൂപാന്തരപ്പെടുത്തി, എനിക്കുപോലും മനസ്സിലാകാത്ത വിധത്തിൽ മനോഹരിയാക്കുവാൻ സാധിക്കുകയില്ലെ........

പെൺകുട്ടി: ഒരു പക്ഷെ........

ഗായകസംഘം: ഇക്കടസ്സ് നഗരത്തിൽ നിന്നു അധികം ദൂരമില്ലാത്ത അൻഗാര നദീതീരത്തുവെച്ച കുട്ടിമുട്ടിയ മൂന്നു ചെറുപ്പക്കാരുടെ കഥയാണിത്. അവിടെ, ഇരുപതാം നൂററാണ്ടിന്റെ മദ്ധ്യകാലത്ത് ഒരു വലിയ ഹൈഡ്രോളിക സ്റ്റേഷൻ പണിയുന്നുണ്ടായിരുന്നു.

ഈ മൂന്നു ചെറുപ്പക്കാരെ പററിയുള്ള വിധി നിർണ്ണയിക്കുവാൻ ഞങ്ങഠം നിങ്ങളെയേല്പിക്കുന്നു. ഞങ്ങഠം ഗുണപാഠമൊന്നും ചൂണ്ടി കാണിക്കുന്നില്ല, എന്തെന്നാൽ നിങ്ങളുടെ തീരുമാനത്തിൽ ഞങ്ങഠംക്കു തികഞ്ഞ വിശ്വാസമുണ്ട്.

— ഇതാണ് കഥ —

വാല്യ: എന്റെ ജീവിത കഥയാണ്.

സർജി: എന്റേയും.

വിക്ടർ (അല്പമൊരു എതിർപ്പോടെ) എന്റേയും.

വാല്യ: വാല്യയെന്നാണെന്റെ പേർ.

വിക്ടർ: എന്റെ പേർ വിക്ടറെന്നാണ്.

സർജി: (വിചാരത്തോടെ) എന്നെ സർജിയെന്നാണ് വിളിക്കുന്നത്.

ലാറിസ: (വാല്യയുടെ ചുമലിൽ കൈവച്ചുകൊണ്ടു) ലാറിസ യെന്നാണെൻെറ പേർ. ഞാനിവളുടെ സ്നേഹിതയാണ്. പക്ഷെ ഈ കഥ എന്നെ പററിയല്ല. കേവലം യാദൃശ്ചി കമാത്രമാണിതിൽ എൻെറ ഭാഗം. എനിക്കതു പറയുവാൻ കുണ്ഠിതമുണ്ട്.

സെർഡ്യൂക്ക്: സെർഡ്യൂക്ക് എന്നാണെൻെറ പേർ. എനിക്ക് വയസ്സ് അമ്പതിലേറെയായി. അതാണ് കഷ്ടം (അല്പ നേരത്തെ നിശ്ശബ്ദതക്കുശേഷം) ഈ കഥയിൽ ഭാഗഭാക്കുക ളായി ഇനിയുമുണ്ട് നിരവധിയാളുകൾ. നിങ്ങൾക്കവരെ പററി പിന്നീടു കേൾക്കാം.

ഗായകസംഘം: ഇങ്ങിനെയാണ് കഥയവസാനിക്കുന്നത്. മധുമാസത്തിലെ ഒരു സായാഹ്നം. അല്പമൊരു മഴച്ചാറ ലുണ്ട്. ഭാവിയെപ്പററി ആലോചിച്ചുകൊണ്ടു വാല്യ അൻ ഗാര നദിമേലുള്ള ഒരു ചെറിയ മരപ്പാലത്തിൽ നില്ക്കു കയാണ്.

ഒരു ചെറിയ മരപ്പാലത്തിൻെറ ബാഹ്യരേഖ ദൃഷ്ടി ഗോചരമാകുന്നു. മങ്ങിയ തെരുവു വിളക്കിൻെറ വെളി ച്ചത്തിൽ ചിന്താനിമഗ്നയായ വാല്യ ആ മരപ്പാലത്തിൽ നില്ക്കുകയാണ്.

ഇപ്പോൾ വിക്ടർ പ്രത്യക്ഷമാകും. ഇതാ വരുന്നു അയാൾ.

വിക്ടർ: വാല്യ (അവളെ സമീപിക്കുന്നു) നോക്കു, മഴ ചാറു ന്നുണ്ട്.

വാല്യ: എനിക്കു വിരോധമില്ല. (ഒരു നിശ്ശബ്ദതക്കുശേഷം) ആ അണക്കെട്ടിൻെറ ദീപമാലകളെ നോക്കു. ഭംഗിയായി രിക്കുന്നില്ലേ?

വിക്ടർ: രണ്ടാഴ്ച്ചക്കുള്ളിൽ നാം ഈ നദിയിലും അണകെട്ടുമെന്നാ ണല്ലോ അവർ പറയുന്നത്.

വാല്യ: (തലയാട്ടുന്നു) അതായിരിക്കുമവസാനം.

വിക്ടർ: നീ വീട്ടിൽ പോകുന്നുണ്ടോ?

വാല്യ: ഉവ്വ്.

വിക്ടർ: ഞാൻ കൂടെ വരട്ടെ?

വാല്യ: വേണ്ട.

വിക്ടർ: എന്തുകൊണ്ട്?

വാല്യ: വരാതിരിക്കുന്നതാണ് എനിക്കിഷ്ടം.

വിക്ടർ: പക്ഷെ നീ നനയും.

വാല്യ: അതു സാരമില്ല. (അയാളെ നോക്കുന്നു.) വിക്ടർ, .... പ്രിയപ്പെട്ട വിക്ടർ വളരെ വളരെ നന്ദി.

വിക്ടർ: എന്തിന്ന്?

വാല്യ: നോക്കു (കയ്യിലിരിക്കുന്ന നോട്ടുകെട്ടുകൾ കാണിക്കുന്നു)

വിക്ടർ: നിൻെറ ശമ്പളമാണോ?

വാല്യ: അതേ, എൻെറ ആദ്യത്തെ ശമ്പളം (അവളുടെ കണ്ണുകളിൽ വെള്ളം നിറയുന്നു) അദ്ദേഹം അറിഞ്ഞിരുന്നുവെങ്കിൽ എത്ര സന്തോഷിക്കുമായിരുന്നു.

വിക്ടർ: അതേ.

വാല്യ: (തൻെറ കവിൾത്തടം അയാളുടെ കൈത്തണ്ടയിൽ അമർത്തി) വളരെ നന്ദി.

വിക്ടർ: (പതുക്കെ) പൊട്ടിപ്പെണ്ണ്.

വാല്യ: (പുഞ്ചിരിയോടെ) വോൾഗ അണക്കെട്ടിൽ ഒരു പെൺകുട്ടിയുണ്ടത്രെ. അവളാണ് ഖനനയന്ത്രത്തൊഴിലാളികളുടെ മുഴുവൻ മേലന്വേഷണം എന്നാണവർ പറയുന്നത്.

വിക്ടർ: തീർച്ചയായുമതെ.

വാല്യ: ഈശ്വരാ!

വിക്ടർ: എന്താണത്?

വാല്യ: (ചിരിച്ചുകൊണ്ടു) ഒരു മഴത്തുള്ളി എന്റെ കഴുത്തിലൂടെ ഇറങ്ങിപ്പോയി.

വിക്ടർ: നമ്മുടെ ഖനനയന്ത്രം ബ്രാററ്സ്കിലേക്കു പോകുകയാണെന്നു പറയുന്നതു് കേട്ടുവോ?

വാല്യ: (പെട്ടെന്നു) ഗുഡ് ബൈ. എനിക്കു കുട്ടികളെ കൊണ്ടുവരുവാൻ നേർസറിയിലേക്കു പോകണം.

വിക്ടർ: (അവളുടെ കൈ പിടിച്ചു്) വാല്യ, ഓമനെ....

വാല്യ: വേണ്ട.... അതു പറയല്ലെ.

വിക്ടർ: ഒരിക്കലും?

വാല്യ: ഞാൻ പിന്നെ കണ്ടോളാം. (ഓടിപ്പോകുന്നു)

വിക്ടർ: അവൾ ആനന്ദഭരിതയായി ഓടിപ്പോകുന്നു. അശ്രുകണങ്ങൾ കൊണ്ടവളുടെ കണ്ണുകൾ പ്രകാശിക്കുകയാണു്. ഞാനിതാ ഇവിടെ തനിച്ചായി.

ഗായകസംഘം: നിങ്ങൾ അവളെ അത്രയേറെ പ്രേമിക്കുന്നുണ്ടോ?

വിക്ടർ: (ആലോചനയോടെ) ഭയങ്കരമായി. എപ്പോഴാണീ കുഴപ്പം തുടങ്ങിയതെന്നു ഞാൻ ഓക്കുന്നില്ല.

ഗായകസംഘം: കുഴപ്പമോ. പക്ഷെ പ്രേമിക്കുക എന്നതു് ആനന്ദകരമായ ഒരനുഭവമല്ലെ?

വിക്ടർ: ഒരു പക്ഷെ. ഏതായാലും ആദ്യമായി ഇവിടെ വന്നപോലെയല്ല ഇന്നു ഞാൻ.

ഗായകസംഘം: ഒരു പക്ഷെ രണ്ടു കൊല്ലം മുമ്പു ഒരു സായാഹ്നത്തിൽ നിങ്ങളും സർജിയും കൂടെ ആ കടയിൽ പോയപ്പോഴായിരിക്കണം ഇതാരംഭിച്ചതു്.... ഓർമ്മയുണ്ടോ?

അക്കാലത്ത് നിങ്ങറം താമസിച്ചിരുന്ന ഹോസ്റ്റലിൽ നിന്ന് അധികം ദൂരെയല്ലായിരുന്നല്ലോ അത്.... അതാ അത് ആ ചെറിയ കുന്നിൻ മുകളിൽ നില്ക്കുന്നു. പണി സ്ഥലത്ത് നിന്നു ഒരു കല്ലെറിഞ്ഞാൽ ചെന്നു വീഴുന്നത്ര അകലമേ ഉണ്ടായിരുന്നുള്ളൂ.... അതാ വാല്യ. അവളാ കട യിൽ കണക്കുകറം എഴുതുന്ന പണിയിലായിരുന്നു.... അതാ അവളുടെ സ്നേഹിതയായ ലാറിസ. സമയം ഏഴു മണിയാ യിരിക്കും. അവരുടെ പ്രവർത്തനസമയം കഴിഞ്ഞിരിക്കുന്നു.

വിക്ടർ: ഞാനും സർജിയും അന്നു് കാൻറീനിലാണ് അത്താഴം കഴിച്ചത്. പിന്നീട് കടയിൽ പോകാൻ ഞങ്ങറം പരി പാടിയിട്ടിരുന്നു.

ഗായകസംഘം: നിങ്ങളവിടെ അന്നുവരെ പോയിരുന്നില്ല.

[വാല്യയും ലാറിസയും കട പൂട്ടുന്നു. ആകാശം നിർമ്മല മാണ്. സൂര്യൻ അസ്തമിക്കാറായി.]

വാല്യ: ഇപ്പോറം വളരെ വൈകിയോ, ഇരുട്ടാകുന്നേയുള്ളു. അല്ലെ ലാറിസ?

ലാറിസ: അതെ, മധുമാസം വരാറായി. എനിക്കീ പൂട്ട് കുററി യിലിടാൻ സാധിക്കുന്നില്ല. അതു വളരെ ചെറുതാണ്.

വാല്യ: അതാ ആ വടിയെടുത്ത് നാലു കൊട്ടു കൊടുക്കു.... അല്ല ഞാനാകാം. (വടിയെടുത്ത് പൂട്ടിന്മേൽ നാലടി വെച്ചു കൊടുക്കുന്നു). അതാ ശരിയായി.

ലാറിസ: നന്നായി.

വാല്യ: (സന്തോഷത്തോടെ ചുററും നോക്കിയിട്ട്) എല്ലാം എന്തു തമാശയായിരിക്കുന്നു. എനിക്ക് വലിയ ഇഷ്ടമാണ് ഈ വസന്തകാലം.

[കുടിച്ചു ലഹരികയറിയ ഒരാറം ധൃതിയിൽ ഷോപ്പിലേക്ക് കടന്നു വരുന്നു]

കുടിയൻ: പെൺകുട്ടികളെ നിങ്ങൾ കട അടക്കുകയായില്ല ഉവ്വോ? എനിക്കൊരു കുപ്പി വോഡ്ക കൂടി തരുന്നതിന്നു മുമ്പതു ചെയ്യരുത്.

ലാറിസ: മണി ഏഴു കഴിഞ്ഞു. കട പൂട്ടി.

കുടിയൻ: (വ്യസനത്തോടെ) അപ്പോഴൊ കുട്ടികളെ. നിങ്ങളതു ചെയ്യരുത്. പിന്നെ വോഡ്കയെങ്ങനെ കിട്ടും?

വാല്യ: ഒരു രക്ഷയുമില്ല. പകൽ മുഴുവനും ഞങ്ങൾ പണിയെടുക്കുകയായിരുന്നു.

കുടിയൻ: ഞാൻ കുടിച്ചു മതിമറന്നിരിക്കുന്നു എന്നാണോ വിചാരം? ഏയ്! അങ്ങിനെയൊന്നുമല്ല. അഞ്ചു് മാസമായി.... ക്രിസ്തുമസ്സ് കഴിഞ്ഞതിൽ പിന്നെ ഒരൊററ തുള്ളി സ്വാദ് നോക്കിയിട്ടില്ല.

വാല്യ: പക്ഷെ ഇത്തവണ നിങ്ങൾക്കു ഒരു തുള്ളിയിലധികം കിട്ടിയിരിക്കുന്നു.

കുടിയൻ: എൻെറ ഭാര്യ ഒരു ആൺ കുട്ടിയെ പ്രസവിച്ചിരിക്കുന്നു. അങ്ങ് സ്ലാടൈഔസ്റ്റിൽ. ഞാൻ അതൊന്ന് ആഘോഷിക്കേണ്ടതല്ലെ? അങ്ങനെയല്ലെ?

വാല്യ: തീർച്ചയായും. നമുക്ക് ഒന്നു നൃത്തംചെയ്യാം (അയാളെ പിടിച്ചു ഒരു മൂളിപ്പാട്ടുപാടികൊണ്ടു വട്ടം കറങ്ങുന്നു) ഇനി ഓടിപ്പോയി ഒന്നുകിടന്നുറങ്ങിയാട്ടെ, കാരണവരേ.

കുടിയൻ: ഹേയ് കണക്കെഴുത്തുകാരിപ്പെണ്ണേ, പിന്നെ എന്താണ് നിൻെറ പേരു്.

വാല്യ: വാല്യ.

കുടിയൻ: വാല്യ കുട്ടി, വളരെ നന്ദി. ഇന്നെനിക്കൊരു വിശേഷദിവസമാണ്. സത്യമായും അതെ. വരു നമുക്ക് പട്ട

ണത്തിലേക്ക് പോയി ഇന്നത്തെ രാത്രി ഭംഗിയായി ഒന്നാഘോഷിക്കാം.

വാല്യ: (അയാളെ വീണ്ടുമൊന്നു കറക്കിതിരിച്ചു) നിങ്ങൾതന്നെ പോയാട്ടെ മനുഷ്യാ. പിന്നെ നിങ്ങൾക്കു പററിയ സ്ഥലമാണതു്.

കുടിയൻ: വാല്യ, വളരെ നന്ദി. എൻെറ ഭാര്യയുടെപേരിൽ ഞാൻ നിന്നോടു നന്ദിപറയുന്നു (നടക്കുന്നു; തിരിഞ്ഞുനിന്നു) ആരെയെങ്കിലും കണ്ടുമുട്ടിയില്ലെങ്കിൽ എല്ലാം ശരിയാകും, പക്ഷെ ആരെയെങ്കിലും കണ്ടാൽ........എല്ലാം നരകത്തിൽ പോയി തുലയട്ടെ. (പോകുന്നു)

ലാറിസ: നീയെന്തിനാണിതൊക്കെ ചെയ്തതു്?

വാല്യ: വെറുതെ ഒരു നേരംപോക്കിന്നു്. ഈ ലോകത്തിൽ ഇനിയുമുണ്ടു് ഒരാൺകുട്ടി എന്നറിയുന്നതിൽ ഒരു രസമൊക്കെയില്ലേ? (ആനന്ദത്തോടെ ചിരിക്കുന്നു)

[സർജിയും വിക്ടറും വരുന്നു]

വിക്ടർ: വന്ദനം പെൺകുട്ടികളെ........ഡിപ്പാർട്ടുമെൻറ് കട അടച്ചുകഴിഞ്ഞോ?

വാല്യ: ഞങ്ങളുടെ കടയെ പരിഹസിക്കുകയൊന്നുംവേണ്ട. പട്ടണത്തിലെ ഏതു വലിയ ഷോപ്പിലെ പിരിവിനോളംതന്നെ ഉണ്ടായിരുന്നു ഇന്നു ഞങ്ങൾക്കും. ഇന്നിവിടെ പുകകയററിയുണക്കിയ ഹെററിങ്ങ് മത്സ്യമുണ്ടായിരുന്നല്ലോ. ഇവിടുത്തെ തിരക്ക് ഒന്നു കാരണമതുതന്നെയായിരുന്നു.

വിക്ടർ: ഇതാ എൻെറ മേലുദ്യോഗസ്ഥൻ സർജിയുമായി പരിചയപ്പെടു. ഞാനിയാളെപററി മുമ്പു പറഞ്ഞിട്ടുണ്ടല്ലോ?

വാല്യ: (അവൾ അപ്പോൾ മാത്രമെ സർജിയെ കണ്ടുള്ളു) സുഖം തന്നെയല്ലെ?

വിക്ടർ: (സർജിയോട്ട്) ഇതാണ് വാല്യ. ചില്ലറ മാററവന്നതിൽ അതിവിദശ്ധ. ഇതാ ഇതു ലാറിസ്സ പെട്രോവ്ന, വില്പന മാനേജർ. രണ്ടുപേരും നല്ല കുട്ടികളാണ്.

വാല്യ: അപ്പോഠം നിങ്ങളാണ് സർജി.

വിക്ടർ: (വാല്യയോട്) ഇയാളെ ഇതിനുമുമ്പു കണ്ടിട്ടുണ്ടോ?

വാല്യ: ഉവ്വ്, ഞാനിതിനുമുമ്പു ശ്രദ്ധിച്ചിരിക്കുന്നു. വല്ലപ്പോഴും ഒരിക്കൽ നമ്മുടെ കടയിൽകയറാറുണ്ട്.

സർജി: വല്ലപ്പോഴും. വാസ്തവം പറയുകയാണെങ്കിൽ എനിക്കു നല്ലപോലെ വേവിച്ച, നല്ല കറുമുറെന്നുള്ള റൊട്ടിയാണ് ഇഷ്ടം.നിങ്ങഠം ഇവിടെ വില്ക്കുന്ന വിളറിയതരത്തിലുള്ളതല്ല.

വാല്യ: എല്ലാവക്കും നല്ലതുതന്നെയാണിഷ്ടം. പക്ഷെ നിങ്ങഠം എന്തിനാണ് ഇത്ര അസാധാരണമായ രീതിയിൽ എന്നെ തുറിച്ചുനോക്കുന്നതു്. ഞാൻ നിങ്ങളെ എന്തോ ദ്രോഹിച്ചിട്ടുണ്ടെന്നപ്പോലെ!

സർജി: ഹേയ്, അതുകൊണ്ടൊന്നുമല്ല. (കേവലമായി) നിങ്ങളെ കാണാൻ കൌതുകമുണ്ട്. അതുകൊണ്ടങ്ങനെ നോക്കുന്നുവെന്നുമാത്രം.

[അല്പനേരത്തെ നിശ്ശബ്ദത]

വിക്ടർ: നോക്കു, അയാഠം അവളെ നാണിപ്പിച്ചിരിക്കുന്നു. എല്ലാവക്കും ചെയ്യാനൊക്കുന്നതല്ല അതു്.

[പുതപ്പുകൊണ്ട് മൂടിപുതച്ച ഒരു പെൺകുട്ടി പീടികയെ സമീപിക്കുന്നു.]

ചെറിയകുട്ടി: അമ്മായി........കടയടച്ചുകഴിഞ്ഞോ?

വാല്യ: നിൻെറ വിചാരം രാവും പകലും ഞങ്ങഠം ഇവിടെ ഇരിക്കണ്മെന്നാണെന്നു തോന്നുന്നുവല്ലോ. എട്ട് മണിക്കുള്ളിൽ

നേരം അന്തമില്ലാതെ ഈ കണക്കു പുസ്തകമൊന്നുതിരിച്ചു മറിച്ചു നോക്കു.

ചെറിയകുട്ടി: എനിക്കൊരു അറുപതു് കോപ്പെക്കിന്റെ റൊട്ടിയേ വേണ്ടു.

ലാറിസ: (ദേഷ്യത്തോടെ) ഇതാ നോക്കു. കടയടക്കേണ്ട താമസമേയുള്ളു ഓരോരുത്തർ കയറിവരാൻ.

ചെറിയകുട്ടി: അമ്മൂമ്മ അത്താഴത്തിനു വരുന്നുണ്ടു്. ഞങ്ങൾക്കു ആവശ്യത്തിനുള്ള അപ്പമില്ല.

വാല്യ: ഇതാ എന്റെ റൊട്ടിയെടുത്തോളു. (ചരടു് സഞ്ചിയിൽ നിന്നു് ഒരു റൊട്ടിയെടുത്തു കുട്ടിയുടെ കയ്യിൽ കൊടുക്കുന്നു)

ചെറിയകുട്ടി: പക്ഷെ അതു് നിങ്ങൾക്കു് ആവശ്യമുണ്ടാകുകയില്ലെ.

വാല്യ: ഞാനതില്ലാതെ കഴിച്ചോളാം. വെറുതെ തടിക്കാൻവയ്യ. തടിവെച്ചാൽ പുരുഷന്മാർക്കു എന്നെ ഇഷ്ടമാവുകയില്ല. അറിയാമോ?

ചെറിയകുട്ടി: വളരെ നന്ദി. (അപ്പമെടുക്കുന്നു) അറുപതു കോപ്പെക് വേണോ?

വാല്യ: തീർച്ചയായും. അറുപതു് കോപ്പെക്കുണ്ടെങ്കിൽ രണ്ടു സോഡ വാങ്ങിക്കാം.

ചെറിയകുട്ടി: (ഒരു റൂബിൾ കൊടുത്തിട്ടു്) ബാക്കി നാൽപതു കോപ്പെക് തരണം.

വാല്യ: ഇതാ മുപ്പതു് കോപ്പെക്. അത്രെയുള്ളു എന്റെ കയ്യിൽ. പത്തു് കോപ്പെക് കമ്മീഷൻ. (വിക്ടറുടെനേരെതിരിഞ്ഞു്) സഹകരണസംഘങ്ങൾ പണമുണ്ടാക്കുന്നതു് എങ്ങിനെയാണെന്നു് മനസ്സിലായോ.

ചെറിയകുട്ടി: വളരെ നന്ദി അമ്മായി. (ഓടിപ്പോകുന്നു)

വാല്യ: (അവളെ തിരികെ വിളിച്ച്) നീയാണ് അമ്മായി. (സർജിയോട്) അപ്പോൾ നിങ്ങളാണല്ലെ ആ ഖനനയന്ത്രത്തിലെ വലിയ ശബ്ദം.

സർജി: ഏററവും വലിയതല്ല. അത് നമ്മുടെ സ്നേഹിതൻ സർഡ്യുക്കാണ്. ഞങ്ങളുടെ തൊഴിലാളികളുടെ മേധാവിയാണയാൾ. ഷിഫ്ററിൻെറ ചാർജ്ജജാണ് എനിക്ക്. സീനിയർ ഓപ്പറേററർ.

ലാറിസ: പക്ഷെ കണ്ടാൽ തോന്നുന്നില്ല.

സർജി: ഞങ്ങളുടെ ഖനന യന്ത്രം അടുത്ത് നിന്നു കണ്ടിട്ടുണ്ടോ. വല്ലപ്പോഴും അവിടെ വന്ന് അതൊന്നു കാണു. സത്യമായും സൗന്ദര്യധാമം തന്നെയാണത്.

ലാറിസ: ഏതായാലും നിങ്ങൾ അങ്ങിനെയാണതിനെ പരിഗണിക്കുന്നത്.

സർജി: ഞങ്ങളെല്ലാവരും.

വിക്ടർ: എത്ര ഗംഭീരമാണതിൻെറ പ്രവൃത്തി. പതിനാലായിരം പണിക്കാരുടെ ജോലിക്ക് അത് തന്നെ മതി.

വാല്യ: സീനിയർ ഓപ്പറേററർമാക്കു ധാരാളം പണം കിട്ടും. തീർച്ച.

സർജി: (ആശങ്കയോടെ) ചിലപ്പോൾ.

വാല്യ: ചോദിക്കുന്നതു ക്ഷമിക്കണം. നിങ്ങൾ വിവാഹിതനാണോ?

സർജി: അല്ല.

വാല്യ: ലാറിസ, അതു കേട്ടുവോ? (ഒരു മൂളി പാട്ടും പാടി നൃത്തം വെയ്ക്കുന്നു.) ഇതാണ് നമ്മുടെ അവസരം. കണ്ടോളു. ഞാൻ നിങ്ങൾക്കുവേണ്ടി നൃത്തം വെയ്ക്കുകയാണ്.

സർജി: (അവളെ നോക്കി) നിനക്ക് നൃത്തം ചെയ്യാനിഷ്ടമാണ് അല്ലെ?

വാല്യ: അതു തെററാണോ?

സർജി: അല്ല, നീ ഭംഗിയായി നൃത്തം ചെയ്യുന്നുണ്ട്.

വാല്യ: നിങ്ങാംക്ക് എന്നോട്ട ഭ്രമമൊന്നും തോന്നുന്നില്ലല്ലോ? ഉവ്വോ. പ്രിയപ്പെട്ട വിററ്യ മാറി നില്ക്കു. നാം തമ്മിലുള്ള ബന്ധമെല്ലാം അവസാനിച്ചിരിക്കുന്നു.

വിക്ടർ (ചിരിച്ചുകൊണ്ട) നിനക്കയാളുടെ തല തിരിക്കാനാവില്ല. അയാളുടെ തലക്കുള്ളിൽ കളിമണ്ണൊന്നുമല്ല. ഇതിലും നല്ല ഒരാറം ഈ ഉലകത്തിലില്ല.

സർജി: വരു. നമുക്ക് പോകാം, ഗുഡ്ബൈ കുട്ടികളെ.

വാല്യ: (കുസൃതിയോടെ) ടാററാ, നല്ല കുട്ടിയായിരിക്കു.

വിക്ടർ (വാല്യയോട് സ്വകാര്യമായി) ഇന്നു വൈകുന്നേരത്തെ നൃത്തത്തിനു വരണേ. അതും കഴിഞ്ഞ് നമുക്ക് സിനിമയ്ക്കു പോകാം. അവസാനത്തെ കളിക്കുള്ള സമയത്തിനു എത്താം.

വാല്യ (കണ്ണിറുക്കി) ഓ. കെ. ശരി, ശരി. [സർജിയും വിക്ടറും പോകുന്നു.]

വാല്യ: (ഒരു നിശ്ശബ്ദതക്കുശേഷം) നമുക്കും പോകാനുള്ള സമയമായി. (തിരിഞ്ഞു കടയിലേക്കു നോക്കി) കൊച്ചു പീടികെ നാളെ പ്രഭാതം വരെ ഗുഡ്ബൈ. എൻെറ തലയങ്ങനെ കറങ്ങുകയാണ് ലാറിസ. (ഒരു മരത്തിന്മേൽ ചാരി നില്ക്കുന്നു........) ആ മത്സ്യം കാരണം നമുക്ക് എത്ര കട്ടത്ത ദിവസമായിരുന്നു ഇന്ന്........ ഞാൻ വല്ലാതെ ക്ഷീണിച്ചു.

ലാറിസ: നീ കുറെയധികം സംസാരിക്കുന്നുണ്ട്.

വാല്യ: അതു കൊണ്ടു നിനക്കെന്താ? ഈ ചെറപ്പം ഒരിക്കലെ കിട്ടുകയുള്ളു (ചിരിക്കുന്നു) ആ ഓപ്പറേറർ ആളൊരു തമാശക്കാരനാണ്.

ലാറിസ: ഇതാ, ഇനി അയാളെ കയറി പ്രേമിക്കാതിരിക്കുവാൻ ശ്രദ്ധിച്ചോളു.

വാല്യ: അതിനു ഞാനില്ല. എന്നുമില്ല. എൻെറ വികൃതമായി ഒത്തു മാറാൻ മാത്രം നല്ലതായി ലോകത്തിലൊന്നുമില്ല.

ലാറിസ: അയാറം ഒരു സുമുഖനാണ്.

[വാല്യയും ലാറിസയും മരങ്ങളും മറയുന്നു]

ഗായകസംഘം: അതാ പോകുന്നു റോഡിക — ഓപ്പറേററുടെ സഹായി — നല്ല കുട്ടിയാണയാറം.

—റോഡിക എന്താണ് താൻ ആലോചിക്കുന്നത്. മോസ്റ്റോവിനെ കുറിച്ചോത്തു ആവലാതിപ്പെട്ടുകയാണോ.

റോഡിക: ചിലപ്പോറം എനിക്കങ്ങനെ ആവലാതി തോന്നാറുണ്ട്. എന്തുതന്നെയായാലും ഞാൻ ജനിച്ചതും വളൎന്നതും അവിടെയല്ലെ? അമ്മയും രണ്ടു കൊച്ചു സഹോദരിമാരും അവിടെയാണ് താമസിക്കുന്നത്. അവർ എന്നെ ഭയങ്കരമായി ലാളിക്കാറുണ്ടായിരുന്നു. വാസ്തവത്തിൽ അതുകൊണ്ടാണ് ഞാൻ മോസ്റ്റോ വിട്ടതുതന്നെ. സ്വന്തമായി ജീവിക്കാനെനിക്കു പഠിക്കണം. ലാളിച്ചു ചീത്തയാക്കിയ ഒരു ചെറപ്പക്കാരനു ആവേശകരമായൊരനുഭവമാണിത്.

ഗായകസംഘം: നിങ്ങറംക്കതറിയേണ്ടിയിരിക്കുന്നു.

റോഡിക്: പുതിയ കൊല്ലത്തോടടുപ്പിച്ചാണ് ഞാനെൻെറ അവധി ദിവസങ്ങറം സൗകര്യപ്പെടുത്തുക. ജനുവരി മാസത്തിലാണ് എനിക്ക് ഏററവും അധികം മോസ്റ്റോ നഗരത്തെ ഇഷ്ടപ്പെടുവാൻ സാധിക്കുക. ആ വർഷം മുഴുവനും നിലനില്ക്കത്തക്ക വിധത്തിൽ ഞാൻ ആ ദിവസങ്ങറംകൊണ്ടു

മോസ്കോവിനെ ഊററിയെടുക്കും. ഇവിടെ ഇതാ ഞാനെൻെറ സ്വന്തം കാലിലാണ്. (പുറവം നോക്കുന്നു). മററ നാലുപേരുടെ കൂടെയാണ് ഹോസ്റ്റലിലെ മുറിയിൽ ഞാൻ കഴിക്കുന്നത്. ആ നദിക്കുനേരെ, ആ കുന്നിനു മുകളിലാണ് ഹോസ്റ്റൽ.

ഗായകസംഘം: ആരാണ് ആ ബെഞ്ചിൽ ചുരുണ്ടുകൂടി കിടക്കുന്നത്.

റോഡിക്: ഒരു നിമഷം, ഞാനൊന്നു നോക്കട്ടെ. (ചിരിക്കുന്നു). ഹോ, ഇത് ഞങ്ങളുടെ സഹായി ലാപ് ചെങ്കോവാണ്. ഒരു മടിയൻ! (ലാപ്ചെങ്കോവിനെ സമീപിക്കുന്നു) ഹേയ് നിങ്ങം എന്താണിവിടെ ഇങ്ങനെ കിടക്കുന്നത്.

ലാപ്ചെങ്കോ: എനിക്കത് ഇഷ്ടമായതു കൊണ്ടുതന്നെ.

[ഗായകസംഘം മറയുന്നു. റോഡിക്കും ലാപ്ചെങ്കോവും ഹോസ്റ്റലിൻെറ മുമ്പിൽ. വിക്ടർ വാതിൽക്കൽ പ്രത്യക്ഷപ്പെടുന്നു.]

വിക്ടർ: കാലാവസ്ഥ തെളിയുകയാണ് (ലാപ്ചെങ്കോവിനെ കാണുന്നു) താനാ ബെഞ്ചിൽ എന്തു ചെയ്യുകയാണ്?

ലാപ്ചെങ്കോ: വെറുതെ വിശ്രമിക്കുന്നു.

[ഡെന്നിസ്സ് വരുന്നു. അയാളുടെ കയ്യിൽ ഒരെഴുത്തുമുണ്ട്.]

റോഡിക്: ആരുടെയാണത്?

ഡെന്നിസ്സ്: എൻെറ പഴയ പടയാളി സുഹൃത്തുക്കളുടെ. അവർ എന്നെ മറന്നിട്ടില്ല. (വികസിച്ച ചിരിയോടെ) ഇത് കേറംക്കു. ഞങ്ങളുടെ ക്യാപ്ററനെ മേജറായി ഉയർത്തിയിരിക്കുന്നു. നല്ല ബുദ്ധിമാനാണ് അദ്ദേഹം. അതിൽ കൂടുതൽ തലച്ചോറ ആക്കുമുണ്ടാകില്ല.

റോഡിക്: അതു പറയല്ലെ. ബുദ്ധിക്ക് യാതൊരതിരുമില്ലെന്നറിയാമല്ലോ.

സർജി: [ഹോസ്റ്റലിൽനിന്നു വരുന്നു. ലാപ്ചെങ്കോവിനെ കണ്ട പ്പോഠം അയാളുടെ അടുത്തേക്കു ചെല്ലുന്നു]. അഫാൻസി ഇപ്പോഴും കിടപ്പാണോ?

ലാപ്ചെങ്കോ: ഞാൻ ധ്യാനിക്കുകയാണ്.

ഡെന്നിസ്സ്: സർജി എന്റെ ക്യാപ്റ്ററന് ഉദ്യോഗ കയററം കിട്ടിയിരിക്കുന്നു. ഇപ്പോഠം അദ്ദേഹം ഒരു മേജറാണ്.

സർജി: അഭിനന്ദനങ്ങഠം.... ഇന്നു് ചീഫ് ഇത്തിരി ദേഷ്യത്തി ലായിരുന്നു, അല്ലെ റോഡിക്.

റോഡിക്: ആ മനുഷ്യൻ നമുക്കു നരകമാണുണ്ടാക്കുന്നത്.

ഡെന്നിസ്സ്: എന്താണ് സിങ്ക വരാത്തതെന്നാണ് ഞാൻ അത്ഭു തപ്പെടുന്നത്. അവഠംക്കീവാത്ത കേഠംക്കുമ്പോഠം സന്തോ ഷമാകും.

വിക്ടർ: [പുറത്തുള്ള തൊട്ടിക്കരികെ ചെന്നു പല്ലു തേക്കുന്നു] എന്തു വാത്ത?

ഡെന്നിസ്സ്: നിങ്ങഠം കേട്ടില്ലേ (എഴുത്തു കാണിക്കുന്നു) എന്റെ ക്യാപ്റ്ററനെ ഒരു മേജറാക്കിയിരിക്കുന്നു. [റോഡിക് കുലു ങ്ങി ചിരിക്കുന്നു] എന്റെ സിങ്കക്ക് എല്ലാം മനസ്സിലാകും.

റോഡിക്: നിങ്ങഠം ഇത്ര ആനന്ദഭരിതരായ ജോഡിയായിരിക്കു ന്നത് എന്തുകൊണ്ടാണെന്നറിയാമോ? നിങ്ങഠം രണ്ടുപേരും രണ്ടു ഹോസ്റ്റലിൽ താമസിക്കുന്നതുകൊണ്ട്. സ്വന്തമായ ഒരു സ്ഥലം കിട്ടുന്നതുവരെ കാക്കു. അപ്പോഴാണ് ഗാർഹി കാനന്ദത്തിന്റെ അവസാനമായെന്നു മനസ്സിലാക്കുക.

സർജി: നിന്നെപ്പോലുള്ള ബുദ്ധിമാനായ ഒരു മോസ്കോകാരനെ സംബന്ധിച്ചിടത്തോളം ഇത് തീരെ നിസ്സാരമായ ഒരു വക്രബുദ്ധിയായിപ്പോയി റോഡിക്.

[സെർഡ്യൂക്ക് വരുന്നു. അത്യന്തം കോപാക്രാന്തനായിരുന്നു അയാാം.]

സെർഡ്യൂക്ക്: എല്ലാവരും വിശ്രമിച്ചോ. എവിടെപ്പോയി ആ ലാപ്ചെങ്കോ? [അയാളെ കാണുന്നു] പതിവിൻപടി മല ന്നു കിടന്നുകഴിഞ്ഞോ? (ലാപ്ചെങ്കോവിനോട്) ഉം വരു. എണീക്കവിടുന്ന്. [ലാപ്ചെങ്കോ ചാടിയെഴുനേല്ക്കുന്നു] ഇത്ര വളരെ കിടന്നാൽ നിങ്ങളുടെ പുറത്ത് വ്രണം വരും. [മേശമേൽ മുഷ്ടി ചുരുട്ടിയിടിക്കുന്നു] എന്താണിതെന്നാണ് നിങ്ങളുടെ വിചാരം. വൃദ്ധ മന്ദിരമോ, പണിസ്ഥലമോ? നാം ഇവിടെ കമ്യൂണിസം പടുത്തുയത്തുകയാണെന്ന് നിങ്ങാംക്കറിയില്ലെ. ഈ പണിയിൽ ഇരിക്കുന്നത് തന്നെ യെത്ര അഭിമാനമാണ്.... മിണ്ടാതിരിക്കു. സർജി ഇവിടെ നോക്കു, ഏത് നശിച്ചവനാണ് ഇയാളെ നമ്മുടെ ഈ ഖനന യന്ത്രത്തിലെ പണിക്കയെച്ചത്? ഉത്തരം പറയൂ, ആരാണത്?

സർജി: ചീഫ്. അങ്ങുതന്നെയാണല്ലോ അയാളെ കൂട്ടി കൊണ്ടു വന്നത്.

സെർഡ്യൂക്ക്: [ലാപ്ചെങ്കോവിനോടു] ഞാൻ നിനക്ക് ഒരു നല്ല കാര്യം ചെയ്യാനൊരുങ്ങിയതിനു പകരം കണ്ടില്ലെ ഇപ്പോാം വിസ്ഥിയുമായി. (നെടുവീപ്പിടുന്നു) ഞാൻ ഇങ്ങനെ ശ്വാസം കളയുന്നത് എന്തിനാണെന്നാണ് നിൻെറ വിചാരം? ഇപ്പണിയോടെനിക്കു വലിയ മമതയാണ്. കഴിഞ്ഞ കൊല്ലം അവർ നമ്മുടെ സർജിയെ എൻെറ സ്ഥാനത്ത് നിയമിച്ചു, എന്നെ ഫോർമാനാക്കി ഉയത്തു ന്നതുവരെ ഞാനിതിലായിരുന്നു. അന്ന് വിക്ടർ വെറും ഒരു എണ്ണപ്പണിക്കാരനായിരുന്നു. പിന്നീട് അയാാം ഇലക്ട്രീഷ്യൻെറ പണി പഠിച്ചു. ഇപ്പോഴിതാ ഒന്നാം സഹായിയായിരിക്കുന്നു. ഈ ഡെന്നിസ്സിനെ നോക്കൂ.

ആറു മാസം മുമ്പുവരെ വേലയില്ലാത്ത ഒരു ടാങ്ക് പ്രവൎത്ത കനായിരുന്നില്ലെ ഇയാാം. ഇപ്പോാം അയാാം ഒരു എണ്ണ പ്പണിക്കാരനായി. അതിനെയാണ്. പുരോഗതിയെന്നു ഞാൻ വിളിക്കുന്നത്. ഇത് പോലുള്ള ഒരു വലിയ കമ്യൂ ണിസ്റ്റ് വേലയിൽ അതാണ് ഒരാാം നിങ്ങളിൽ നിന്നു പ്രതീക്ഷിക്കുന്നത്. ലാപ്ചെങ്കോ, എന്താണ് ഞാൻ ഉദ്ദേശിക്കുന്നത് എന്നു മനസ്സിലായോ? ഇനി തന്റെ കാൎയ്യം എടുക്കുക. തനിക്ക് വ്യത്യാസം മനസ്സിലാകുന്നു ണ്ടോ? ആധുനിക എൻജിനീയറിങ്ങ് ശാസ്ത്രത്തിന്റെ ഒരത്ഭുത ചിഹ്നമായ ഈ കൊണ്ടുനടക്കാവുന്ന ഖനന. യന്ത്രത്തിൽ പണിയെടുക്കുന്ന ഒരാാം, അതിന്നനുസരിച്ച ഒരു മഹാൻ തന്നെയാകണം. മനസ്സിലാകുന്നുണ്ടോ? നിങ്ങാം എന്താണ് ചെയ്യുന്നത്? സായാഹ്നസ്കൂളുകളിൽ പോകുന്നുണ്ടോ? വല്ലതും പഠിക്കുന്നുണ്ടോ? മനസ്സ് നന്നാ ക്കാൻ എന്തെങ്കിലും ശ്രമിക്കുന്നുണ്ടോ? അങ്ങനെയൊന്നു മില്ല. യാതൊരു ദിക്കിലുമെത്താതെ വെറുതെ സമയം കളയുകയാണ്. നിങ്ങാം ചളിയിൽ താണുപോയ ഒരു മരകഷ്ണമാണ്. [അയാാംക്കതു മനസ്സിലാകട്ടെ എന്ന നാട്യ ത്തിൽ കുറച്ചു നേരം നിൎത്തുന്നു] ശരി വല്ലതും മനസ്സി ലായോ?

ലാപ്ചെങ്കോ: ഞാൻ കഴിവതു ശ്രമിക്കുന്നുണ്ട്.

സെർഡ്യൂക്ക്: നല്ലത്. ഇനി കാര്യപരിപാടിയിലെ അടുത്ത ഇനം. ഇന്ന് കാലത്ത് പത്തു മണിക്ക് ആരായിരുന്നു നിയന്ത്രണസ്ഥലത്ത്.

വിക്ടർ: ഞാനായിരുന്നു.

സെർഡ്യൂക്ക്: [സർജിയോട്] നിങ്ങാം എവിടെയായിരുന്നു?

സർജി: എന്നെ കോസ്മോസോാം കമ്മററിയിലേക്ക് വിളി ച്ചിരുന്നു.

സെർഡ്യൂക്ക് [വിക്ടറോട്] അപ്പോൾ ബോബ്കിൻെറ മേലേക്ക ഒരു തുമ്പ മണ്ണു വാരിയിട്ട കൊള്ളരുതാത്തവൻ നിങ്ങളാണല്ലെ? [ലാപ്ചെങ്കോവിനു പൊട്ടിവരുന്ന ചിരി അമർത്താൻ സാധിക്കുന്നില്ല] അത്ശരി. ചിരിച്ചോ ലാപ്ചെങ്കോ. നീ വാസ്തവത്തിൽ കരയുകയാണ് വേണ്ടത്. [വിക്ടറോട്] എന്താണ് സംഗതിയെന്നുവെച്ചാൽ തെളിച്ചു പറയൂ.

വിക്ടർ: നോക്കു ചീഫ്. ഞങ്ങൾ ബോബ്കിനുമായി വാദിക്കുകയായിരുന്നു. ഞങ്ങൾ അയാളെ എല്ലാ കാര്യത്തിലും തോല്പിച്ചു. അത് കൊണ്ട് ആ പുഴു ഞങ്ങളുടെ പണി ഒളിച്ചു നിന്നു നോക്കാനുള്ള ധൈര്യം കാണിച്ചു.

സെർഡ്യൂക്ക്: എന്താണീ പറയുന്നത്. നിങ്ങളുടെ പണി ഒളിച്ചു നോക്കുകയോ?

വിക്ടർ: എങ്ങിനെയാണ് നമുക്കിത്ര കാണിക്കാൻ സാധിക്കുന്നത്? നമ്മുടെ ഷിഫ്ററ് സമത്ഥമായി പണിചെയ്യുന്നതു കൊണ്ട്തന്നെ. പണിയുടെ ഓരോ ഇടനേരത്തും ഞങ്ങൾക്കു കുറെ സമയം ലാഭം കിട്ടുന്നുണ്ട്. ഒരു മാസത്തിൽ അത് നിരവധി ക്യൂബിക്കടി മണ്ണു അധികമുണ്ടാക്കുന്നു.

സെർഡ്യൂക്ക്: (അയാളെ ഇടയിൽ തടഞ്ഞു) കൊണ്ടുനടക്കാവുന്ന ഒരു ഖനന യന്ത്രത്തെ എങ്ങനെയാണ് പ്രവത്തിപ്പിക്കേണ്ടത് എന്ന വിഷയത്തെകുറിച്ചൊരു പ്രസംഗമല്ല ഞാൻ ആവശ്യപ്പെട്ടത്. എന്താ സംഗതിയെന്നാൽ അത് പറഞ്ഞാൽ മതി.

വിക്ടർ: ശരി. ഞങ്ങൾ അതു എങ്ങനെയാണ് ചെയ്യുന്നതെന്ന് അറിയണമെന്നുണ്ടായിരുന്നു ബോബ്കിന്. ആ കൃമി ശക്തിയേറിയ ഒരു ജോഡി ദൂരദർശിനി വാങ്ങി. ഇന്ന്

കാലത്ത് കൺട്രോളിൽ പണി ചെയ്യുമ്പോഠം ഒരു മൺകൂന യുടെ പിന്നിൽ ഒളിച്ചിരുന്നു നമ്മെ ഒളിച്ചു നോക്കുന്നത് എൻെറ കണ്ണിൽപ്പെട്ടു. അപ്പോഠം ഞാൻ യാദൃശ്ചികമായി ആ കോരിക ഒരിത്തിരി നേരത്തെ തുറന്നു. അങ്ങനെ കുറെ മണ്ണ് സഖാവ് ബോമ്പ്കിൻെറ തലയിൽ വീണു.

സെർഡ്യൂക്ക്: (സർജിയോട്) നിങ്ങഠം അതിനെ പററിയറി ഞ്ഞിരുന്നോ?

സർജി: (ഒരു നിമിഷം പരുങ്ങിനില്ക്കുന്നു) ഉവ്വ്.

സർഡ്യൂക്ക്: അതിനെ കുറിച്ച് പിന്നെയെന്തു ചെയ്തു?

സർജി: ഒന്നും ചെയ്തില്ല.

സെർഡ്യൂക്ക്: നിങ്ങഠം ഒരു താക്കീത് സമ്പാദിച്ചിരിക്കുന്നു.

വിക്ടർ: അയാഠം പറയുന്നത് സത്യമല്ല. അയാഠം ഇതിനെ കുറിച്ചറിഞ്ഞിട്ടെയില്ല.

സെർഡ്യൂക്ക്: സർജി, അപ്പോഠം നിങ്ങഠം എന്നോടു കള്ളം പറ യാൻ തുടങ്ങിയോ? സ്വന്തം സഖാക്കളെ രക്ഷിക്കുകയാ ണോ? എല്ലാവരും കേഠക്കുക. ഈ ജോലിയിലേർപ്പെട്ടിരി ക്കുന്നവർ അന്യോന്യംമത്സരിച്ചു പണിയെടുക്കുന്നുണ്ടാകാം. പക്ഷെ എല്ലാവരും ചെയ്യുന്ന പ്രവൃത്തിയൊന്നു തന്നെയാ ണ്—കമ്യൂണിസം കെട്ടിപടുക്കുക. അതുകൊണ്ടു അതിൽ കളങ്കം പാടില്ല. (വിക്ടറോടു) നിങ്ങഠംക്കും ഒരു താക്കീതി ൻെറ ആവശ്യമുണ്ട്. മേലുദ്യോഗസ്ഥൻ നിങ്ങളെ വിളിക്കു കയാണെങ്കിൽ ഞാൻ വന്നു സഹായിക്കുമെന്നൊന്നും ആശി ക്കേണ്ട. (മിണ്ടാതെ നിന്നതിനുശേഷം) വന്നാൽതന്നെയും വളരെയൊന്നും പറയാനും പോകുന്നില്ല. ഹേയ് കൊള്ള രുതാത്തവനെ, എന്തിനാണ് ഇങ്ങിനെ ഇളിക്കുന്നത്. നാ ളെ നിങ്ങഠം ആ ബോമ്പ്കിനെ പിടികൂടി കാബിനകത്ത് കയററിക്കൊണ്ടു പോയി നിങ്ങളുടെ വ്യാപാര രഹസ്യങ്ങ

ളെല്ലാം അയാറംക്ക പറഞ്ഞു കൊടുത്തിരിക്കു. അയാറം സ്വന്തം നോട്ടു ബുക്കും കൊണ്ടു വന്നോട്ടെ. നമുക്ക് ആർക്കെങ്കിലും കൊടുക്കാൻ വയ്യാത്ത നിലയിലുള്ള ദാരിദ്ര്യമൊന്നുമില്ല. [അപ്പോറം തന്നെ അവിടെയെത്തി ചേൻന സിങ്കഡെന്നീസ്സിനെ നോക്കി ആംഗ്യംകാണിക്കുന്നത് കാണുന്നു] നീ നിൻെറ ഭർത്താവിനെ വെറുതെ വിട്ടേക്കു. ഞങ്ങറം ഒരു സമ്മേളനം നടത്തുകയാണെന്നു മനസ്സിലായില്ലെ? മിണ്ടാതെ അവിടെയെങ്ങാനും ഇരിക്കു. ഞങ്ങറം വേഗം അവസാനിപ്പിക്കാം.

ഡെന്നീസ്: (തനിക്കു കിട്ടിയ വാർത്ത അവളെ അറിയിക്കുവാൻ വെമ്പിക്കൊണ്ട്) സിങ്ക........ എൻെറ ക്യാപ്റ്ററനൊ മേജറാക്കിയിരിക്കുന്നു.

സിങ്ക: ഹൂ, എത്ര നന്നായി അത്.

സെർഡ്യൂക്: അതു മതി, പെൺപിറന്നോരെ, അവിടെ മിണ്ടാതിരുന്നു നിങ്ങളുടെ ഭർത്താവിനു ചീത്ത കേറംക്കുന്നത് ശ്രദ്ധിച്ചു കേട്ടുകൊള്ളു.

ഡെന്നീസ്: എന്നെയോ ചീഫ്. എന്തിനാണത്.

സെർഡ്യൂക്ക്: ഇന്നലെ തീപ്പെട്ടി കൊണ്ടു സർക്കസ്സ് കാട്ടിയതിനു തന്നെ. [ലാപ്ചെങ്കോ പൊട്ടി ചിരിക്കുന്നു.] ലാപ്ചെങ്കോ, ചിരിക്കുകയില്ല, കരയുകയാണ് വേണ്ടത്. മറുപടി പറയൂ ഡെന്നീസ്.

റോഡിക്: സ്റ്റീപൻ യെഗറോവിച്ച്, ഞാൻ ഉത്തരം പറയാം. അതിൻെറ ആശയം എൻേറതായിരുന്നു. ഞങ്ങറം പണിക്കു ചെന്നപ്പോറം സെക്ഷൻ തയാറായിരുന്നില്ല. ഞങ്ങറംക്കു പത്തു മിനിററു നേരത്തെ ഇടയുണ്ടായിരുന്നു. അത് കൊണ്ടു ഞാൻ ഡെന്നീസ്സിനോട് കൺട്രോറം ഏററൊടുത്ത് കോരിക കൊണ്ട് ഒരു തീപ്പെട്ടി കോരിയെടുക്കുവാൻ വെ

ല്ലവിളിച്ചു. പക്ഷെ ഒരൊററത്തരി മണ്ണുകൂടെ പോകാൻ പാടില്ല.

സെർഡ്യൂക്: ഒരു തരി മണ്ണുകൂടാതെ.

റോഡിക്: അതേ ഒരു ശകലം പോലും മണ്ണില്ലാതെ. വെറും തീപ്പെട്ടി മാത്രം. ഞാനാണാവിദ്യ ആദ്യമയാാക്കു കാണിച്ചു കൊടുത്തത്.

സർജി: ചീഫ്, റോഡിക് അത് വളരെ ഭംഗിയായി ചെയ്യും.

സെർഡ്യൂക്: (രസത്തോടെ) ഡെന്നീസ് അത് ചെയ്യുവോ?

ഡെന്നീസ്: ഇല്ല. ആദ്യം സാധിച്ചില്ല. അത് കുറെ ബുദ്ധിമുട്ടുള്ള പണിയാണ്.

റോഡിക്: അപ്പോഠം ഖനനത്തിനെ ഒരു സുകുമാരകലയാക്കിരിക്കുകയാണോ?

സെർഡ്യൂക്ക്: ആ ജാതി കലയ്ക്ക് നിങ്ങളെ ചീത്തപറയേണ്ടത് അത്യാവശ്യമാണ്. (ഡെന്നീസിനോട്) നിങ്ങളേയും........

സിങ്ക: (കുറുമ്പോടെ) എന്തിനദ്ദേഹത്തെ. അദ്ദേഹമൊന്നും ചെയ്തില്ലല്ലോ.

സെർഡ്യൂക്ക്: പെൺപിറന്നോരെ, നിങ്ങളൊന്നു മിണ്ടാതിരിക്കാമോ?

സിങ്ക: ചീഫ്, നിങ്ങഠം വല്ലാതെ കക്കശനായിരിക്കുന്നു. കല്യാണം കഴിക്കേണ്ട സമയമായി.

സെർഡ്യൂക്ക്: നീ പോയ്ക്കോ. ഇതിനുമുമ്പു പലരും പറഞ്ഞു നോക്കിയിട്ടുള്ളതാണീ കാര്യം. (റോഡിക്കിനോട്) നീയൊരു സമർത്ഥനല്ലായിരുന്നുവെങ്കിൽ ഞാൻ നിൻെറ തോലെടുക്കുമായിരുന്നു. അതുകൊണ്ട് നീ ഭാഗ്യവാനാണെന്നു അഭിമാനിക്കാം. (തിരിഞ്ഞു) വിക്ടർ നീ ഖനനയന്ത്രത്തിൻെറ അടുത്തേക്കു ഓടിക്കോളൂ. വ്യാററ്കിനെ വിളിച്ചു ആ റെക്കി

ഫയർ (വാററിയെടുക്കുന്ന യന്ത്രം) ഒന്നു നോക്കാൻ പറയൂ. അതു് ശരിക്കു പ്രവർത്തിക്കുന്നില്ല.

വിക്റ്റർ: ചീഫ്, നാളെ. ഞാനിന്നു് സിനിമക്കു് ചെല്ലാമെന്നു് ഒരാളോടു് വാഗ്ദാനം ചെയ്തിട്ടുണ്ടു്.

സെർഡ്യൂക്ക്: ആരോടു് പറഞ്ഞിട്ടുണ്ടു്?

ലാപ്ചെങ്കോ: ആ കണക്കെഴുത്തുകാരി വാല്യ. അവരം ആരുടെ കൂടെ വേണമെങ്കിൽ................സിനിമയ്ക്കു പൊയ്ക്കോളും.

സർജി: (കക്കശസ്വരത്തിൽ) ലാപ്ചെങ്കോ വായ്മൂടു്. (ഇത്തിരിനേരത്തെ മൗനത്തിനുശേഷം) വാല്യ നല്ല കുട്ടിയാണു്, മിടുക്കിയും ദയാവതിയുമാണവരം.

ലാപ്ചെങ്കോ: ഞാൻ പറയുകയാണെങ്കിൽ വല്ലാത്ത കരുണാമയി. അതുകൊണ്ടാണു് എല്ലാവരുമവളെ 'വിലകുറഞ്ഞ വാല്യ' എന്നു വിളിക്കുന്നതു്.

സെർഡ്യൂക്ക്: ലാപ്ചെങ്കോ, ഇങ്ങോട്ടു് നോക്കു. അവസാനമായി ഒരു ചോദ്യം, നീ മര്യാദക്കു പെരുമാറുവാൻ പോകുന്നുണ്ടോ, ഇല്ലേ?

ലാപ്ചെങ്കോ: (നിരാശാനാട്യത്തോടെ) അതുകൊണ്ടു കാര്യമൊന്നുമില്ല, സ്റ്റീപൻ യെഗെറോവിച്ച്. തീയേററർ അററകുറപ്പണികരംക്കായി അടച്ചിട്ടിരിക്കുകയാണു്. ക്ലബ്ബ് നിലവിലില്ല. സംസ്കാരം സമ്പാദിക്കാൻ പററിയ ഒരിടവുമില്ല ഇവിടെ.

സെർഡ്യൂക്ക്: (ദേഷ്യത്തോടെ) ക്ലബ്ബോ? നീ വല്ലപ്പോഴും ഒരു പുസ്തകംവായിക്കാൻ ശ്രമിച്ചിട്ടുണ്ടോ? എന്തിനെയെങ്കിലും കുറിച്ച് ആലോചിക്കുവാൻ മിനക്കെട്ടിട്ടുണ്ടോ? വല്ലപ്പോഴും മുകളിലെ നക്ഷത്രങ്ങളെപ്പോലും നോക്കാറുണ്ടോ? വല്ല വിദേശഭാഷയും അഭ്യസിക്കാൻ ഉദ്യമിച്ചിട്ടുണ്ടോ?

(വിക്ടറോട്) അപ്പോൾ നിങ്ങൾ ഖനനയന്ത്രത്തിൻെറ അടുത്തേക്കു പോകും; ഇല്ലേ വിക്ടർ?

വിക്ടർ: ശരി, പോകാം.

സെർഡ്യൂക്ക്: (വിസ്സിത്തം പററിയ പോലെ) റോഡിക്, നിനക്ക് ഇടകിട്ടുമ്പോൾ എന്നെ വിളിച്ചോളൂ. നമുക്ക് ആ തീപ്പെട്ടി സൂത്രമൊന്നു പരീക്ഷിച്ചു നോക്കാം... (ലാപ്ചെങ്കോവിനോട്) പിന്നെ ഹേയ് യുവാവേ, നീ കരുതിയിരുന്നു കൊള്ളൂ. (വേഗത്തിൽ പോകുന്നു).

സിങ്ക: (ഡെന്നീസിനെ സമീപിച്ചു അയാളെ ചുംബിക്കുന്നു) ഇന്നു ഭക്ഷണത്തിൻെറ ആദ്യത്തവണ എന്താണ് കഴിച്ചതു്.

ഡെന്നീസ്: ബോർഷ്.

സിങ്ക: ന്യൂഡിൽ സൂപ്പായിരുന്നു കുറെക്കൂടെ ഭേദം.

വിക്ടർ: അയാൾക്കു എന്തെങ്കിലും വൈദേശികഭാഷയറിയാമോ?

റോഡിക്: അന്നു് അയാൾ ഒരു ഫ്രഞ്ചു ഡിക്ഷ്ണറി വാങ്ങുന്നത് കണ്ടുവെങ്കിലും എനിക്കാകാര്യത്തിൽ സംശയമുണ്ട്.

സിങ്ക: നമുക്ക് നടക്കാൻ പോകരുതെ, ഒരു നീണ്ട നീണ്ട യാത്ര.

ഡെന്നീസ്: (അവളെ പ്രേമപൂർണ്ണമായ ഒരു പുഞ്ചിരിയോടെ വീക്ഷിക്കുന്നു)........എൻെറ കുഞ്ഞോമനേ.........(അവളുടെ കൈ പിടിക്കുന്നു. അവർ നദിയെ ലക്ഷ്യമാക്കി നടക്കുന്നു.)

ലാപ്ചെങ്കോ: (അവർപോയ വഴിയെ നോക്കിക്കൊണ്ടു) കരടികൾ നിങ്ങളെ പിടിക്കാതെ നോക്കണെ........(പതുക്കെ നടന്നുപോകുന്നു).

റോഡിക്: ബെയക്കൽ തടാകത്തിൽനിന്നു് കാററ് അടിക്കുന്നു. (മൗനത്തിനുശേഷം) ഞാൻ അമ്മക്ക് ഒരെഴുത്തു് എഴുതുവാൻ പോകുകയാണ്. (വിചാരത്തോടെ) എനിക്ക്

ചിസ്ററീപ്പ്രൂഡിയിലുള്ള അമ്മയെ ഭാവനയിൽക്കാണാം. [വിക്ടറും സർജിയും തനിച്ചാകുന്നു].

വിക്ടർ: എഴുത്തുകൾ, എഴുത്തുകൾ.... (മൌനം)

സർജി: ലെനിൻഗ്രാഡിൽനിന്നൊന്നുമില്ലേ?

വിക്ടർ: ഇല്ല.

സർജി: (മൃദുസ്വരത്തിൽ) വിക്ടർ, അതുകൊണ്ടൊന്നും മനസ്സിനെ അലട്ടാതെ.

വിക്ടർ: (കയ്പേറിയ ചിരിയോടെ) എന്നെ ആശ്വസിപ്പിക്കാൻ ശ്രമിച്ചുനോക്കാനെങ്കിലും തോന്നിയല്ലോ.

സർജി: നിങ്ങൾക്കു അഛനെ അത്ര പ്രിയമായിരുന്നോ?

വിക്ടർ: അദ്ദേഹം വളരെ നല്ല ആളായിരുന്നു. നല്ലവനും കരുണയുള്ളവനും. അമ്മയും വളരെ നല്ല സ്ത്രീയായിരുന്നു. അദ്ദേഹം എപ്പോഴും ഓരോ കഥപറഞ്ഞു അവരെ ചിരിപ്പിക്കുമായിരുന്നു. എനിക്കമ്മയുടെ ചിരി ചിലപ്പോൾ കേൾക്കാമെന്നുതോന്നും. (കുറച്ചുനേരത്തേക്കയാൾ മൌനമായിരിക്കുന്നു) അമ്മ മരിച്ചപ്പോൾ അഛനു ഭ്രാന്തുപിടിക്കുമോ എന്നുകൂടി എനിക്കു ഭയമുണ്ടായിരുന്നു...............പിന്നീട് അദ്ദേഹം ആ സ്ത്രീയെ കണ്ടുമുട്ടി. അതോടെ എന്നെസംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻെറ കഥയവസാനിച്ചു. ഇപ്പോൾ അദ്ദേഹം പഴയ ആളല്ല. ശുണ്ഠിയും പേടിയുംകൂടി അദ്ദേഹത്തെ താറുമാറാക്കിയിരിക്കുന്നു. അതാണ് പ്രേമം മനുഷ്യനു ചെയ്യുന്നതു്.

സർജി: അതൊന്നും വിശ്വസിക്കരുതു്. അതൊരു ചീത്തവിചാരമാണ്. അതിനെ മനസ്സിൽനിന്നകററണം.

വിക്ടർ: അതൊരു നല്ല വിചാരമല്ല. നിങ്ങൾ പറയുന്നതു ശരിയാണ്. (സർജിയുടെനേരെ നോക്കുന്നു.) പക്ഷെ ഒരു സ

മാധാനത്തിനു വേറെ എന്തുവഴിയാണ് നിങ്ങൾക്കു തോന്നുന്നത്.

സർജി: (പുഞ്ചിരിയോടെ പോക്കററിൽ നിന്നു് ഒരു ബിസ്കററ് പൊതി പുറത്തെടുക്കുന്നു.) ഇതാ കുറച്ചെടുക്കൂ. നല്ല തരമാണ്.

വിക്ടർ: നന്ദി.

[അവർ ബിസ്കററ് തിന്നുന്നു. ഈ സമയത്ത് അവർ തമ്മിൽ വളരെയടുത്ത ഒരു മമതാബന്ധം തോന്നുന്നു.]

സർജി: ഒട്ടും ചീത്തയല്ല. അവർ ഇതിന്നകത്തു് ക്രീം എങ്ങിനെ നിറയ്ക്കുന്നു എന്നാണെൻെറ വിചാരം? വളരെ പ്രയാസമേറിയ ഒരു കാര്യമായിരിക്കണമത്. കൊച്ചു കുട്ടിക്കാലം തൊട്ടേ ഞാനീ കാര്യങ്ങളെക്കുറിച്ചതിശയപ്പെടാറുണ്ട്. ഒരു കുട കണ്ടാൽ മതി എനിക്കു ആവലാതിയായി, ആരുണ്ടാക്കി, എങ്ങനെയുണ്ടാക്കി എന്നെല്ലാമായി പിന്നെ ചിന്ത.

വിക്ടർ: ഇനി കുറച്ചു സോഡ കിട്ടിയാൽ എനിക്കു ധാരാളമായി. ശരി. ഞാൻ പോകട്ടെ. ചീഫിനെ നിരുത്സാഹപ്പെടുത്താൻ വയ്യ. [സിനിമയുടെ ടിക്കററ് പോക്കററിൽ നിന്നെടുത്ത് സർജിയുടെ കയ്യിൽ കൊടുത്തുകൊണ്ടു] നല്ല ഒരു സ്നേഹിതനായി ഈ ടിക്കററുകൾ വാല്യയുടെ കയ്യിൽ കൊടുക്കൂ. അവൾ സിനിമാ കെട്ടിടത്തിൻെറ പുറത്ത് എന്നെ കാത്ത്നില്ക്കുന്നുണ്ടാകും. സമയം എട്ട്–നാല്പതായിരിക്കുന്നു. സംഗതിയെന്താണ് എന്നവൾക്കു പറഞ്ഞുകൊടുക്കൂ. അല്ലെങ്കിൽ അവളെ നിങ്ങൾ സിനിമയ്ക്കു കൂട്ടിക്കൊണ്ടു പോകുന്നതായിരിക്കും കുറെക്കൂടി ഭേദം. നിങ്ങൾക്കതിൽ പശ്ചാത്തപിക്കേണ്ടി വരില്ല; വളരെ നല്ല കുട്ടിയാണവൾ.

സർജി: (ആലോചനയോടെ) റോഡിക്ക് പോകുകയായിരിക്കും നല്ലത്.

വിക്ടർ: എനിക്കയാളെ വിശ്വാസമില്ല. (കണ്ണിറുക്കിക്കൊണ്ട്) വലിയ ഒരു നഗരത്തിൽനിന്നു വരുന്ന ഒരു വീരനാണ് അയാളെന്ന കാര്യം മറക്കരുത്. (സർജിയെ നോക്കി) നിങ്ങൾ പോവുന്നതാണ് എനിക്കിഷ്ടം. (പോകുന്നു).

[ടിക്കററുകളിൽ നോക്കി സർജി പുഞ്ചിരിയിടുന്നു.]

ഗായകസംഘം: ഒരു ഇററലിക്കാരൻ തൊഴിലാളിയുടെ സൈക്കിൾ അപഹരിക്കപ്പെട്ടു. അതില്ലാതായാൽ അയാളുടെ ജോലികൂടി പോകുമെന്നതാണ് നില — ഇററലിക്കാരനു ഒരു ഭാര്യയും ചെറിയ ഒരാൺകുട്ടിയുമുണ്ട്. സൈക്കിൾ കണ്ടുകിട്ടിയില്ലെങ്കിൽ അവർ പട്ടിണിയാകും. അതുകൊണ്ടു സൈക്കിളന്വേഷിച്ച് ആ ഇററലിക്കാരൻ റോമിലെ തെരുവുകളിലൂടെ അലഞ്ഞു നടക്കുകയാണ്.

അങ്കാറയുടെ തീരത്തുള്ള ആ കൊച്ചു സിനിമാശാലയിലാണ് ഈ വൈദേശികചിത്രം പ്രദർശിപ്പിക്കുന്നതു്. സിനിമാകൊട്ടകയുടെ പുറത്ത് ആയിരക്കണക്കിനാളുകൾ തങ്ങളുടെ സ്വന്തം അഭിവൃദ്ധിക്കുവേണ്ടി പണിയെടുക്കുകയാണ്. അതുകൊണ്ടു തിരശ്ശീലയിൽ കാണുന്ന ആളുകളുടെ യാതനകൾ അവക്ക് വളരെ അസംബന്ധമായും അവിശ്വസനീയമായ തരത്തിൽ പുരാതനമായും തോന്നുന്നു.

നിശ്ശബ്ദനായിരുന്നു പടം കാണുകയാണ് സർജി. തന്നെ സിനിമക്കു കൂട്ടികൊണ്ടുപോകുന്നവരിൽനിന്നു വാല്യ സാധാരണ അനുഭവിക്കാറുള്ള വിധത്തിൽ, ഇരുളിൻെറ മറവിൽ അവളുടെ കൈപിടിച്ചമത്താനൊന്നും സർജി ഒരുങ്ങുന്നില്ല.

ഇററലിക്കാരൻ തൊഴിലാളിക്കു സൈക്കിൾ തിരികെ കിട്ടിയില്ല. പടം അവസാനിച്ചു. സാധുവായ തൊഴിലാളി,

എന്തൊരു ക്ലേശഭൂയിഷ്ഠമായ ജീവിതമാണ് നിങ്ങളുടെ.

സിനിമാശാലയുടെ മുമ്പിലുള്ള ഒരു ചെറിയ തോട്ടം. സിനിമകഴിഞ്ഞതേയുള്ളു. ഉച്ചഭാഷിണി അലറുന്നുണ്ട്. ജനങ്ങൾ പിരിഞ്ഞുതുടങ്ങി. സർജിയും വാല്യയും ഒരു ബഞ്ചിൻെറ അടുത്ത് നിൽക്കുകയാണ്.

വാല്യ: ശരി, വന്നതിനു വളരെ നന്ദി. വിക്ടറോടും എൻെറ അന്വേഷണം പറയണം. പടം തീരെ മോശമായിരുന്നില്ല.

സർജി: ഞാൻ നിന്നെ വീട്ടിൽകൊണ്ടുപോയി വിടട്ടെ?

വാല്യ: വേണ്ട; നന്ദി. എൻെറ വീട്ടിലെ കുട്ടികൾ കാണുകയാണെങ്കിൽ അവർ നിങ്ങളെ കളിയാക്കും.

സർജി: വിക്ടർ നിന്നെ അനുയാത്രചെയ്യുമ്പോൾ അവർ അയാളെ കളിയാക്കാറുണ്ടോ?

വാല്യ: ഇല്ല. അവൾക്ക് അയാളെ സാമാന്യം പരിചയമായി ക്കഴിഞ്ഞിരിക്കുന്നു. നിങ്ങൾ അപരിചിതനല്ലേ? ഞാൻ വെവ്വേറെ ആൾക്കാരുടെകൂടെ സിനിമ കാണുവാൻ പോകുന്നതു് അവർ ഇഷ്ടപ്പെടുകയില്ല.

സർജി: നിനക്കതു് ഇഷ്ടമാണോ?

വാല്യ: തീർച്ചയായും. എനിക്കതിലാണ് കൂടുതൽ തമാശ തോന്നുന്നതു് (കുറച്ചു നേരത്തേക്കവർ മൗനം ഭജിക്കുന്നു) എനിക്കു വളരെവേഗം മനുഷ്യരെ വെറുക്കും.

സർജി: അതെന്താ?

വാല്യ: വാസ്തവത്തിൽ എനിക്കറിയുകയില്ല. പക്ഷെ സംഗതി അങ്ങനെയാണ്. ഞങ്ങൾക്കു പണ്ട് ഇവിടെ ഒരു പ്രാസംഗികൻ ഉണ്ടായിരുന്നു. ഞങ്ങളോടയാൾ സാഹിത്യത്തെ പററി സംസാരിക്കും. പുസ്തകങ്ങളിലെ കഥാപാത്രങ്ങളെപ്പോലെ ഞങ്ങളുടെ ജീവിതവും ചിട്ടപ്പെടുത്തണമെന്ന

യാം ഉൽബോധിപ്പിക്കും. എല്ലാവരും ഓരോ കഥാനായകന്മാരെ തിരഞ്ഞെടുത്തു് അവരെ അനുകരിക്കണം. അതുകൊണ്ടു ഞാനും തിരിഞ്ഞെടുത്തു എന്റെ കഥാപാത്രത്തെ.

സർജി: ആരായിരുന്നു അത്?

വാല്യ: 'കാർമൻ' എന്നൊരു സംഗീത ശില്പത്തെപ്പററി കേട്ടിട്ടുണ്ടോ. ശരി ഞാൻ അവളെയാണ് തിരഞ്ഞെടുത്തത്.

സർജി: പക്ഷെ ആ പ്രാസംഗികൻ നല്ല കഥാപാത്രങ്ങളെയായിരിക്കണം മനസ്സിൽ കണ്ടിരുന്നത്.

വാല്യ: കാർമൻ ചീത്തയാണെന്നാണോ നിങ്ങളുടെ വിചാരം. നിങ്ങൾക്ക് തെററിയിരിക്കുന്നു. അവൾ ചീത്തയായിരുന്നുവെങ്കിൽ ഒരിക്കലും ആ കവി അവളെപ്പററി ഇത്ര നല്ല ഗാനങ്ങൾ എഴുതുമായിരുന്നില്ല. (വെറുപ്പോടെ സർജിയെ നോക്കുന്നു.) ശരി, ഗുഡ്ബൈ. എനിക്കിപ്പോൾ ഓടിപ്പോകണം.

സർജി: ഗുഡ്ബൈ. (ബെഞ്ചിൽ ഇരിക്കുന്നു.)

വാല്യ: (രണ്ടു മൂന്നടി പോയി തിരിഞ്ഞു സർജിയെ നോക്കുന്നു.) നിങ്ങൾ എന്താണ് വീട്ടിൽ പോകാത്തത്.

സർജി: എനിക്കല്പനേരം ഇവിടെയിരിക്കണം.

വാല്യ: ഇവിടെ സുഖമുണ്ട്. ഇവിടെ നിന്നാൽ ഇക്കുടസ്സ് പാലം കാണാം.... നഗരാരാമവും. (ഒരു നിശ്ശബ്ദതക്കുശേഷം) നിങ്ങൾക്കു പടമിഷ്ടമാണോ?

സർജി: വളരെയേറെ. എനിക്കു ഇററലിക്കാരുടെ പടം ഇഷ്ടമാണ്. അവിടത്തെ ജനങ്ങളുടെ ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടിന്റെയും യഥാതഥമായ ഒരു പടമാണവർ

വരച്ചു കാണിക്കുന്നത്. അത് കൊണ്ടു നമുക്കുള്ളതിൻെറ വിലയറിയുവാൻ കൂടുതൽ സാദ്ധ്യമാകുന്നു.

വാല്യ: അപ്പോഠം നിങ്ങഠംക്കു സോവിയററു ചിത്രങ്ങളെപററി വലിയ മതിപ്പില്ലേ? ഞേ!

സർജി: എന്നു ഞാൻ പറയില്ല. നമുക്ക് കുറെ നല്ല പടങ്ങളുണ്ടു്. പക്ഷെ പണ്ടു കാലത്തു തന്നെ എനിക്കു ബോദ്ധ്യമായിരുന്നതിനെപ്പററിയാണവ പ്രതിപാദിക്കുന്നത്. അത് അല്പം മുഷിപ്പനാണ്. എന്നെ വിശ്വസിപ്പിക്കേണ്ട ആവശ്യമില്ല. എനിക്കു മററുള്ളവരെ വിശ്വസിപ്പിക്കുവാൻ സാധിക്കും.

വാല്യ: ഇതു വളരെ രസകരമായിരിക്കുന്നു. നിങ്ങഠം എന്താണ് പറയുന്നത് എന്ന് എനിക്കു മനസ്സിലാകുന്നില്ല എന്നാലും. പിന്നെപ്പിന്നെ, നിങ്ങഠംക്ക് എത്ര വയസ്സായി.

സർജി: ഹോ, എനിക്കു നല്ലപോലെ പ്രായമായി. അധികം താമസിയാതെ മുപ്പതാകും. അതായത് നാലുകൊല്ലം കൂടി കഴിഞ്ഞാൽ.

വാല്യ: ഇരുപത്തിയാറോ. ഇരുപത്തിരണ്ടിൽ ഒരു ദിവസമേറെയാകുമെന്നു എനിക്കു തോന്നുന്നില്ല.

സർജി: അതെ. ഞാൻ ദേഹം നല്ലപോലെ പരിരക്ഷിച്ചിരുന്നു.

വാല്യ: എൻെറ കയ്യിൽ ഒരു കഷ്ണം കക്കൽണ്ടമുണ്ട്. നമുക്കതു പങ്കുവെയ്ക്കാം. ഒരു കഷ്ണം ഞാൻ കടിച്ചെടുക്കാം. നിങ്ങഠംക്കു മററെ പകുതിയെടുക്കാം.

സർജി: നന്ദി. ഇത് എനിക്കേററവും ഇഷ്ടപ്പെട്ടതാണ്. (വായിലേക്ക് ഇടുവാനാരംഭിക്കവേ എന്തോ കാണുന്നു.)

വാല്യ: എന്തു പററി?

സർജി: ഇതിൽ ചുണ്ടിൽ തേയ്ക്കുന്ന ചുകന്ന ചായം പററിയിരിക്കുന്നു.

വാല്യ: നിങ്ങൾക്കു ചുണ്ടിലെ ചായമിഷ്ടമല്ലേ?

സർജി: വലിയ ഇഷ്ടമൊന്നുമില്ല. എത്രയായാലും അതു ചായം തന്നെയാണല്ലോ.

വാല്യ: ഇതാണ് പുരുഷന്മാരെ സന്തോഷിപ്പിക്കാൻ ശ്രമിക്കുന്നതിനു ഞങ്ങൾക്കു കിട്ടുന്ന പ്രതിഫലം. ശരി, നിങ്ങളതു തിന്നുവാൻ പോകുന്നുണ്ടോ?

സർജി: തീച്ചയായും.

വാല്യ: നിങ്ങൾ വീരനാണല്ലോ.

സർജി: ആണെന്നു വാതുവെക്കാം.

വാല്യ: നിങ്ങളെയെന്താണ് ഡാൻസിനൊന്നും കാണാത്തത്?

സർജി: എനിക്കെപ്പോഴും തിരക്കുപിടിച്ച പണിയാണ്. ഞാനൊരു കോമ്സോമോൾ സംഘടകനാണ്. കുറച്ചു വല്ലതും വായിക്കുകയും ചെയ്യും.

വാല്യ: അതെ, നിങ്ങൾ എൻെറ മററു സുഹൃത്തുക്കളെക്കാളും ഗൗരവക്കാരനാണ്. (പുഞ്ചിരിയിടുന്നു) നിങ്ങളുടെ മാതാപിതാക്കന്മാർ ജീവിച്ചിരിപ്പുണ്ടോ?

സർജി: ഉവ്വ്; അവർ വളരെ അടുത്ത് ചെറിംക്കോവോവിലാണ് താമസിക്കുന്നത്. അച്ഛൻ ഒരു ഖനിയിലെ ഫോർമാനാണ്. അമ്മ.... ശരിയാണ്, അമ്മ ഒരു വാത്സല്യനിധി തന്നെയാണ്. ഒന്നിടവിട്ടുള്ള ഞായറാഴ്ചകളിൽ ഞാൻ അവരെ പോയി കാണും. ഇവിടെ നിന്നു് അധികം ദൂരമില്ല.

വാല്യ: [പെട്ടെന്നുണ്ടായ ഒരു ചൊടിയോടെ] എൻെറ പിതാവ് ഒരു നാവികനായിരുന്നു.

സർജി: അതേയോ?

വാല്യ: അതെ.

സർജി: നിൻെറ അമ്മ; അവരിപ്പോഠം ഉണ്ടോ?

വാല്യ: എനിക്കറിയില്ല; അതു വലിയ കാര്യവുമല്ല.

സർജി: (അവളെ നോക്കികൊണ്ടു) അപ്പോഠം ഈ ലോകത്തിൽ നീ തനിയെയാണോ?

വാല്യ: തനിച്ചോ! ഏയ് അല്ല. (ചിരിക്കുന്നു) നിങ്ങഠംക്കറിയണമെങ്കിൽ, എനിക്കൊരു കൊച്ചു മകളുണ്ട്.

സർജി: മകളോ!

വാല്യ: അതെ. അവഠം ബാലികാ മന്ദിരത്തിലാണ്. ഇപ്പോഠം നിങ്ങഠം എന്നെപ്പററി അറിഞ്ഞുവല്ലോ. ഇപ്പോഠം വ്യസനം തോന്നുണ്ടോ?

സർജി: ഒട്ടമില്ല. (സ്വല്പനേരത്തെ മൗനത്തിനുശേഷം) നീയെന്തിനാണ് ആ കടയിൽ പണിയെടുക്കുന്നത്? പണം സൂക്ഷിപ്പുകാരിയുടെ ജോലി അത്ര ഇഷ്ടമാണോ?

വാല്യ: മറേറതൊരു പണിയെപ്പോലെതന്നെ നല്ലതാണ് ഇതും. ഞാൻ പലതും ചെയ്തുനോക്കിയതാണ്. കടയ്ക്കുമുണ്ട് അതിൻെറതായ ചില ഗുണങ്ങഠം.

സർജി: അതെന്താണ്?

വാല്യ: നിങ്ങഠംക്കു കുറെയേറെയറിയണമെന്നുണ്ടല്ലോ. (അല്പനേരത്തേക്ക് അവഠം നിശബ്ദയായിരിക്കുന്നു) ഇന്ന് എനിക്കെന്തുപററിയെന്നറിയുന്നില്ല. സാധാരണപോലെ ഉന്മേഷവതിയല്ല ഞാനിന്നു്. ആണോ?

സർജി: സാധാരണ നീയെങ്ങനെയാണെന്നു് എനിക്കറിയുകയില്ലല്ലോ.

വാല്യ: നിങ്ങറംക്കറിയില്ല. എനിക്കെൻെറ സ്വഭാവമിഷ്ടമാണ്. എന്നെപ്പോലെയുള്ള ഒരാൺകുട്ടിയെ കണ്ടുമുട്ടിയാൽ എത്ര നന്നായിരുന്നു എന്നു ഞാൻ ആശിക്കുകയാണ്. ഞാനയാളെ അന്തമില്ലാതെ സ്നേഹിക്കുമായിരുന്നു. (സർജിയെ നോക്കിക്കൊണ്ട്) നിങ്ങറം വിവാഹിതനായിരുന്നിട്ടുണ്ടോ?

സർജി: ഉവ്വ്, ഒരിക്കൽ. നീയെന്താണ് ചിരിക്കുന്നത്.

വാല്യ: എനിക്കറിയില്ല. നിങ്ങളുടെ ഭാര്യക്കെന്തുപററി?

സർജി: ഞങ്ങറം വേർപിരിഞ്ഞു.

വാല്യ: എന്തുകൊണ്ട്?

സർജി: (ചിന്തയോടെ) ഞങ്ങറംക്ക് അന്യോന്യം അത്യാവശ്യമാണെന്നു തോന്നിയില്ല. (ക്ഷമാപണസ്വരത്തിൽ) ഒരു പക്ഷെ ഞങ്ങറം അന്യോന്യം സ്നേഹിച്ചിരുന്നില്ല എന്നതായിരിക്കാം വാസ്തവം.

വാല്യ: (മൃദുസ്വരത്തിൽ) അങ്ങനെയൊരു സംഗതിയുണ്ടെന്നു തോന്നുന്നുണ്ടോ?

സർജി: എന്ത്?

വാല്യ: യഥാർത്ഥമായ പ്രേമം.

സർജി: (ഒരു നിമിഷത്തിനുശേഷം) ഉവ്വ്, എനിക്കു തോന്നുന്നുണ്ട്.

വാല്യ: (മൃദുസ്വരത്തിൽ) എനിക്കു വളരെ സന്തോഷമായി.

സർജി: (അവറം പറയുന്നത് കേട്ടിട്ടില്ല) എന്താണ് നീ പറഞ്ഞത്?

വാല്യ: തനിയെയാകുക ചിലപ്പോറം അത്യന്തം ഭീതിദമാണ്.

സർജി: (ഒരു നിശ്ശബ്ദതക്കുശേഷം) അപ്പോറം വിട്ടുവോ?

വാല്യ: (കക്കശസ്വരത്തിൽ) വിക്ടരുടെ കാര്യം സാരമില്ല. നിങ്ങളെപററി പറയൂ. എനിക്ക് നിങ്ങളെകുറിച്ചെല്ലാം അറിയണം. നിങ്ങഠം ഒന്നും പറഞ്ഞില്ലല്ലോ. ഇതുവരെ സംസാരിച്ചിരുന്നതെല്ലാം ഞാനാണ്.

സർജി: അധികമൊന്നുമില്ല പറയുവാൻ. സൈബീരിയയിൽ ജനിച്ചു എന്നതല്ലാതെ പ്രസ്താവയോഗ്യമായി ഞാനൊന്നും ചെയ്തിട്ടില്ല. ചിരിക്കരുത്. ഇരുപതാം നൂററാണ്ടിൻെറ ഉത്തരാദ്ധം മുഴവനും ഞങ്ങഠംക്ക—സൈബീരിയക്കാക്കുള്ള താണ്. എന്നെ വിശ്വസിച്ചോളൂ, റഷ്യയുടെ ഹൃദയം തന്നെ ഇപ്രദേശത്തേക്ക മാറാൻ പോകുകയാണ്. ഇരുനൂറ കൊല്ലത്തിനു മുമ്പു ലോമനോസോവ് പറയുകയുണ്ടായി "റഷ്യക്കാർ വളരുന്നത് സൈബീരിയക്കാരിലൂടെയായി രിക്കും." നമ്മുടെ കാലത്ത് അതു വാസ്തവമാകാൻ പോവുക യാണ്.

വാല്യ: സർജി, നിങ്ങളെപററി പറയൂ. സൈബീരിയയെ കുറിച്ചു ഞാൻ കേട്ടിരിക്കുന്നു. കുറെക്കാലമായോ ഈ നിമ്മാ ണപ്രവത്തനത്തിൽ ഏർപ്പെട്ടിട്ട്?

സർജി: ഇത് എൻെറ മൂന്നാമത്തെ കൊല്ലമാണ്. അതിൻെറ അത്ഥം ആദ്യംതൊട്ടേ ഞാനീ പണിയിൽ ഉണ്ടായിരുന്നു എ ന്നാണ്. ഞാൻ നേരത്തെ സാങ്കേതിക സ്കൂഠം പഠനം പൂത്തി യാക്കി. നേരെതന്നെ ചെന്നത് ഈ ഖനന യന്ത്രത്തിലെ പ്ര വൃത്തിക്കാണ്. അധികം താമസിയാതെ എട്ട് വഷത്തെ സേ വന റെക്കോർഡ് എനിക്ക് കിട്ടും. ആരംഭത്തിൽ ഞാൻ ചെൽയബിൻസ്ക് ഖനന യന്ത്രത്തിൽ പണിയെടുത്തിരുന്നു എന്നത് നേരാണ്. ഞങ്ങളുടെ ഈ പത്ത് ക്യൂബിക് മീററർ കുട്ടിയോട് താരതമ്യപ്പെടുത്തുമ്പോഠം അതൊരു നിസ്സാര സംഗതി മാത്രമാണ്. വിക്ടറെ ഇവിടെവെ ച്ചാണ് കണ്ടതും സ്നേഹിതനാക്കിയതും. അയാഠംക്ക എത്ര

കഷ്ടമായ ഒരു കുടുംബജീവിതമാണ് കിട്ടിയിട്ടുള്ളത് എന്നൊരു പക്ഷെ നിനക്കറിയാമായിരിക്കും. അയാളുടെ അമ്മ മരിച്ചു. അച്ഛൻ വേറെ കല്യാണം കഴിച്ചു. സാധു മനുഷ്യൻ. അയാളുടെ ചിററമ്മ ഒരു ചീത്ത സ്ത്രീയാണ്. യുദ്ധം കഴിഞ്ഞപ്പോഠം അവർ ലെനിൻഗ്രാഡിലേക്കു മടങ്ങി. അയാഠം ഇവിടെതന്നെ താമസമാക്കി ഒരു സൈബീരിയക്കാരനായി. അച്ഛനെച്ചൊല്ലി അയാഠം വളരെ സങ്കടമനുഭവിക്കുന്നുണ്ട്. പക്ഷെ ആ സ്ത്രീക്കു മാപ്പുകൊടുക്കുവാനയാഠംക്കു സാദ്ധ്യമല്ല... (ഒരു നിമിഷത്തെ നിശ്ശബ്ദതക്കു ശേഷം) ഉറക്കത്തിൽ ചിലപ്പോഴെല്ലാം അയാഠം നിങ്ങളുടെ പേർ വിളിച്ചു പറയാറുണ്ടെന്നു നിങ്ങഠംക്കറിയാമോ.? വാല്യ നീ അയാളോട് ദയ കാണിക്കണം. ആരുമില്ല അയാളെ സ്നേഹിക്കുവാൻ. നീയല്ലാതെ ആരുമില്ല. അയാഠം ചിലപ്പോഠം കുറെ ധിക്കാരം കാണിച്ചാലും നീയതു ക്ഷമിക്കണം...

[രണ്ടു യുവാക്കഠം ബെഞ്ചിൻെറ സമീപത്തേക്കു വരുന്നു.]

ആദ്യത്തെ ചെറുപ്പക്കാരൻ: ആരാണ് ആ ബെഞ്ചിൽ. കൊള്ളാം. നമ്മുടെ വാല്യയല്ലാതെ പിന്നാരു? നമ്മുടെ കൊച്ചുവാല്യ.

രണ്ടാമത്തെ യുവാവ്: ഇപ്പോഠം ആരാണ് അവളുടെ കൂടെ. ഒരു പുത്തൻ ചങ്ങാതി.

ആദ്യത്തെ യുവാവ്: (സർജിയോട്) ഹേയ് ലഹരിക്കാരാ, അവഠംക്കുവേണ്ടി വെറുതെ ശ്വാസം കളയല്ലെ. അവഠംക്കു സംസാരമിഷ്ടമില്ല. വേറെ ചിലതിലാണ് അവഠംക്കു രസം.

രണ്ടാമത്തെ യുവാവ്: ഹേയ് മനുഷ്യാ, അവളെ ആ കുററിച്ചെടികഠംക്കിടയിലേക്കു കൊണ്ടുപൊയ്ക്കോളൂ. അവഠംക്കതിനു വിരോധമുണ്ടാകുകയില്ല.

[സർജി സാവധാനത്തിൽ എഴുന്നേററു ആ രണ്ടാമത്തെ യുവാവിനെ തട്ടി താഴെയിടുന്നു.]

രണ്ടാമത്തെ യുവാവ്: (എഴുന്നേററ) വരൂ സ്റ്റേഫ്താ, നാം പോകുകയാണ് നല്ലത്.

ഒന്നാം യുവാവ്: അയാളുടെ തലയിലെ ഒരു പിരി സ്വല്പം അഴഞ്ഞിട്ടുണ്ട്. [പോകുന്നു]

വാല്യ: [ഒരു നീണ്ട നിശ്ശബ്ദതക്കുശേഷം] സർജി, എനിക്കു വലിയ വിഷമമുണ്ട്. [ഓടിപ്പോകുന്നു.]

[സർജി അവരം പോയ വഴിയെ നോക്കിയിരിക്കുന്നു.]

ഗായകസംഘം: നിശീഥിനി പതുക്കെ പതുക്കെ അങ്കാറയിലേക്കിഴഞ്ഞു നീങ്ങുന്നു.

— പാർപ്പിടങ്ങളിലെ ദീപങ്ങരം ഓരോന്നായി മറയുന്നു.

— രാത്രിയുടെ കുളിരിളക്കുന്ന കാററ്—നദിയുടെ മുകളിൽ പരക്കുന്നു.

— നേരം വളരെ വൈകി, വാല്യ ഇതെവരെ എത്തിയിട്ടില്ല.

അതുകൊണ്ടായിരിക്കാം ലാറിസക്കു ഉറങ്ങാൻ പററാത്തത്.

ലാറിസ: [ഗായകസംഘത്തോടൊപ്പം] മുപ്പത്തിനാല്... അത്ര അധികമാണോ അത്? വാസ്തവത്തിൽ എൻെറ നല്ലകാലം കഴിഞ്ഞുവോ?

ഗായകസംഘം: പക്ഷെ വാല്യ മടങ്ങിയെത്തുമ്പോരം ലാറിസ അവളോട്ട് യാതൊന്നും ചോദിക്കുകയില്ല. അവരുടെ ജനവാതിൽക്കലൂടെ കാണുന്ന വെളിച്ചം പെട്ടെന്നു കെട്ടു പോകും...

— പക്ഷെ ലാറിസ ഉറങ്ങുമോ. എന്തു ചൂടാണ് ഈ വേനൽക്കാലരാത്രികരംക്ക്.

ലാറിസ: മുപ്പത്തി നാല് അത്ര വലിയ വയസ്സാണോ?

ഗായകസംഘം: കുറച്ചു ദിവസംകൂടി കഴിഞ്ഞാൽ ഒരു ശനിയാഴ്ച വൈകുന്നേരം അവർ രണ്ടുപേരുംകൂടെ അങ്കാറയിലേക്കു പോകും — കാനനസീമ നദിയിലേക്ക് ഇറങ്ങിനില്ക്കുന്ന ആ അങ്കാറയിലേക്ക്.

ലാറിസയും വാല്യയും അങ്കാറാ നദീതീരത്തു ഒരു മരത്തിൻെറ ചുവട്ടിൽ കിടക്കുകയാണ്. നേരം വൈകുന്നേരമാകാറായി.

ലാറിസ: സ്വന്തം ചിന്തകളിൽ ലയിച്ചു ഞാനും വാല്യയും അങ്കാറാ തീരത്തു കിടക്കുകയാണ്. വാല്യ ഒരു പക്ഷെ വിക്ടറെ കുറിച്ചോർക്കുകയായിരിക്കാം. ഞാനെൻെറ ബാല്യവും യൗവ്വനവുമാണ് സ്വപ്നം കാണുന്നത് — തൊള്ളായിരത്തി നാല്പത്തി ഒന്ന് ജൂൺ ഇരുപത്തി രണ്ടാം തിയതി ഞായറാഴ്ചയിലെ നീലിമ പൂണ്ട ആ ആകാശം....

വാല്യ: ലാറിസ, നമുക്ക് ഒന്നുകൂടി മുങ്ങാം.

ലാറിസ: [അനങ്ങാതെ] ഓ, ശരി.

വാല്യ: ഇന്ന് നിനക്കെന്താണ് ഇത്ര അമാന്തം?

ലാറിസ: ഞാൻ ആലോചിക്കുകയാണ്.

വാല്യ: എന്തിനെപററി?

ലാറിസ: എന്നെന്നേക്കുമായി പൊയ്പോയ ഒന്നിനെപററി.

വാല്യ: എന്നുവെച്ചാൽ?

ലാറിസ: എൻെറ ബാല്യകാലം.

വാല്യ: അതിനെകുറിച്ചാലോചിക്കുന്നതിനെ പററി ഒന്നോർത്തു നോക്കൂ....

ലാറിസ: എനിക്കെല്ലാം വീണ്ടും തുടങ്ങണം.

വാല്യ: എന്ത്? വീണ്ടും സ്കൂളിൽ പോകുകയോ? ഞാനില്ല.

ലാറിസ: വാല്യ, നീയൊരു വിഡ്ഢിയാണ്.

വാല്യ: എനിക്കതിഷ്ടമാണ്. എന്താണിതിൽ വിഡ്ഢിത്തം?

ലാറിസ: എൻെറ ജീവിതമവസാനിച്ചിരിക്കുന്നു. നിനക്കതിൽ കുഴപ്പമൊന്നുമില്ല. നിനക്ക് വയസ്സ് ഇരുപത്തിയഞ്ചല്ലേ ആയുള്ളു.

വാല്യ: അതുകൊണ്ടെന്താണ്?

ലാറിസ: വാല്യ നീയൊരു ജീവിതമാരംഭിക്കേണ്ട കാലമായിരിക്കുന്നു, ഒരു ഭർത്താവിനെ കിട്ടുവാൻ ഇക്കാലത്ത് വളരെ പ്രയാസമാണെങ്കിലും....

വാല്യ: ഒട്ടുമില്ല; പ്രത്യേകിച്ചു എനിക്ക് എൻെറ ഈ പ്രസിദ്ധിയുള്ളപ്പോഠം. (തലയാട്ടുന്നു) എനിക്കിഷ്ടമാണെങ്കിൽ എനിക്കു വിവാഹം കഴിക്കാൻ സാധിക്കുമെന്നു ഞാൻ വാതുവെയ്ക്കാം. നാലു ഭാഗത്തും ധാരാളം വിഡ്ഢികളുണ്ട്. പക്ഷെ വിവാഹ ജീവിതം വളരെ വിരസമാണെന്നു മാത്രം. (ചിരിക്കുന്നു) നീയെന്താണ് കല്യാണം കഴിക്കാത്തത്?

ലാറിസ: സമയം പോയി. എൻെറ ചെറുപ്പക്കാരൻ ബർലിൻെറ അടുത്ത് എവിടെയെങ്കിലും അന്ത്യവിശ്രമം കൊള്ളുന്നുണ്ടാകും.

വാല്യ: അങ്ങിനെ ഒരാഠം ഉണ്ടായിരുന്നോ?

ലാറിസ: ഉണ്ടായിരുന്നിരിക്കണം. ഞങ്ങഠം തമ്മിൽ കണ്ടിട്ടില്ല എന്നുമാത്രം.

വാല്യ: (ഒരു ദീർഘനിശ്വാസത്തോടെ) അതെ, ഈ യുദ്ധം.... ലാറിസ കുറച്ചു ബീർ കുടിക്കാം. നാളെ ഏതായാലും ഒഴിവു ദിവസമാണല്ലോ. (കുപ്പി തുറക്കുന്നു) നീ കോപ്പയെടുത്തോ. ഞാൻ കുപ്പിയിൽനിന്നുതന്നെ കഴിച്ചോളാം.... വരു കുട്ടി നമുക്ക് ഗ്ലാസ്സുകഠം മുട്ടിക്കാം. ഇതാ നമ്മുടെ ആരോഗ്യത്തിനു വേണ്ടി തന്നെ....

ലാറിസ: (കുടിക്കുന്നു) ഇപ്പോഴും തണുപ്പുണ്ടല്ലോ.

വാല്യ: ഞാനതു വെള്ളത്തിലിട്ടിരിക്കുകയായിരുന്നു.

ലാറിസ: (പെട്ടെന്നു) ജൂൺ 22-ാംനു- മിൻസ്കിൽവെച്ചു എൻെറ ആറംക്കാരെല്ലാം കൊല്ലപ്പെട്ട കഥ നിനക്കറിയാമോ?

വാല്യ: (ശാന്തയായി) ഞാൻ കുറച്ചുകൂടി ഒഴിച്ചു തരട്ടെ?

ലാറിസ: ഉം, ആയിക്കോളു.

വാല്യ: ഇതവസാനത്തെ തുള്ളിയാണ്.

ലാറിസ: ലിസ ഇന്നലെ പ്രസവാസ്പത്രിയിൽനിന്നു വന്നിരിക്കുന്നു.

വാല്യ: അവറംക്കു ഭ്രാന്താണ്. ഇത്തവണത്തെ കുട്ടിയെന്താണ്.

ലാറിസ: ആൺകുട്ടി. ഞാൻ കണ്ടു. വൃത്തികെട്ട ഒരു കൊച്ച്. കണ്ണുകറം മാത്രം കറുത്ത ബെറി പഴംപോലിരിക്കുന്നുണ്ട്....

വാല്യ: എൻെറ കയ്യിൽ ഒരു കുപ്പി ബീർ കൂടിയുണ്ട്.

ലാറിസ: ഇത്രയും മതി.

വാല്യ: (മൗനത്തിനുശേഷം) അവർക്കിപ്പോറം വെവ്വേറെ മുറി കിട്ടുമെന്നു തോന്നുന്നു.

ലാറിസ: കിട്ടണം. അവളുടെ ഫ്യോഡോർ നല്ലപോലെ പണിയെടുക്കുന്നുണ്ട്.

വാല്യ: അവരെ കുറിച്ചു അസൂയപ്പെടാനൊന്നുമില്ല...... കുട്ടികുപ്പായങ്ങറം... വെള്ളപ്പാത്രം... മൂത്രപാട്ട.....

ലാറിസ: കുട്ടി, വാസ്തവത്തിൽ നിനക്ക് കുശുമ്പു തോന്നുന്നുണ്ട്.

വാല്യ: വൃത്തികേട്. എനിക്കങ്ങിനെ ആഗ്രഹമുണ്ടെങ്കിൽ ഏതു നിമിഷത്തിലും എനിക്കൊരു കുട്ടിയെ കിട്ടുമായിരുന്നു. അതൊരു പ്രശ്നമേയല്ല. ലാറിസ, ഞാൻ എന്താണ്

ചെയ്തതെന്നറിഞ്ഞോ. ഇവിടെയുള്ള ഒരുത്തനോട്ട് എനിക്കൊരു മകളുണ്ട് എന്നു പറഞ്ഞുകൊടുത്തു.

ലാറിസ: എൻെറ കഴുതെ, എന്തിനാണത്?

വാല്യ: എന്തു പ്രതികരണമാണയാളിൽ ഉണ്ടാകുക എന്നൊന്നറിയണമായിരുന്നു.

ലാറിസ: നിനക്കൊരതിരുമില്ലല്ലൊ.

വാല്യ: ശരിയാണെന്നെനിക്കും തോന്നുന്നു. (വാച്ചിലേക്കു നോക്കി) മണി എട്ടാകാറായി. എൻെറ വിക്ടർ ഇപ്പോഠം വരും.

ലാറിസ: (ഉദാസീനതയോടെ) നിനക്കയാളെ ഇഷ്ടമാണോ?

വാല്യ: അയാഠം ഒരു രസമാണ്.

[അവർ രണ്ടുപേരും മിണ്ടാതിരിക്കുന്നു.]

5363

ലാറിസ: (പെട്ടെന്നു) ഈശ്വരാ, എനിക്കെന്നെ വെറുത്തുതുടങ്ങി.

വാല്യ: ആൺകുട്ടികഠംക്കു നിന്നെ വെറുക്കാതിരിക്കുന്നിടത്തോളം അതുകൊണ്ടു കുഴപ്പമൊന്നുമില്ല.

ലാറിസ: ഞാൻ കുശുമ്പിയും നീചയുമാകുന്നുണ്ട്.

വാല്യ: അതൊക്കെ നിർത്ത് ലാറിസ. എനിക്കിന്നൊരു എഴുത്തുകിട്ടി; ഒരജ്ഞാത കാമുകനിൽനിന്ന്. (ഒരു കവർ എടുക്കുന്നു) കാണണ്ണോ?

ലാറിസ: അതെന്തു പറയുന്നു.

വാല്യ: (വായിക്കുന്നു) "വാല്യ, ഓരോരോ കാര്യത്തിനാണ് മനുഷ്യർ ഈ ഭൂമിയിൽ ജനിക്കുന്നത്. നമ്മുടെ ജീവിതം നാം നശിപ്പിക്കരുത്. ഒരാഠംക്കു തൻെറ ചുററുമുള്ള ലോകത്തെ സുന്ദരമാക്കാൻ സാധിച്ചാൽ ആ ജീവിതം വ്യർത്ഥമാകുക

യില്ല. അതുകൊണ്ടാണ് ഒററക്കിരുന്നാൽ ആക്കും ആനന്ദം ലഭിക്കാത്തത്. ശുഭാശംസകളോടെ."

ലാറിസ: ഇത്രെയുള്ളോ?

വാല്യ: എന്താ അതു പോരെ?

ലാറിസ: ആരാണിതു എഴുതിയത്. വല്ല പിടിയുമുണ്ടോ?

വാല്യ: "ആക്കറിയാം കാററ് ഏതു വഴിക്കാണ് ഊതുന്നതെന്ന്" പക്ഷെ ഇതെല്ലാം തനി പമ്പരവിഡ്ഢിത്തം. (ആ കുറിപ്പ് ചീന്തിക്കളയുന്നു) പറന്നു പോവൂ, കൊച്ചു കടലാസു പറവകളേ; പറന്നുപോവൂ.

ലാറിസ: നീയെന്തിനാണിതു ചെയ്തത്?

വാല്യ: എനിക്കറിയാം ആരാണിത് എഴുതിയതെന്ന്.

ലാറിസ: ആരാ?

വാല്യ: ഹോ, ഏതോ ഒരു വിചിത്ര ജീവി.

[വിക്ടർ വരുന്നു. അയാാം സാവധാനത്തിൽ ആ യുവതികളെ സമീപിക്കുന്നു.]

വിക്ടർ: തൊഴിലാളി വനിതകാംക്ക് എൻെറ അഭിവാദനങ്ങാം. ലാറിസ പെട്രോവ്ന, ഇന്ന് എങ്ങനെയുണ്ട് നിങ്ങളുടെ ആരോഗ്യം?

ലാറിസ: കുഴപ്പമൊന്നുമില്ല; അന്വേഷണത്തിനു നന്ദി. [എഴുന്നേററു പതുക്കെ ആ നദിക്കരയിലൂടെ നടന്നകലുന്നു.]

വാല്യ: നീയെവിടേക്കു പോകുന്നു?

ലാറിസ: വെറുതെ നദീതീരത്തൊന്നു നടക്കാൻ. (പോകുന്നു)

വിക്ടർ: എന്താണവാം അങ്ങനെ പോയത്?

ലാറിസ: അവാം നയജ്ഞയാണ്. [നിശ്ശബ്ദത] അല്പം ബീർ വേണോ?

വിക്ടർ: വിരോധമില്ല.

വാല്യ: എന്തുണ്ട് പുതിയ വാർത്ത?

വിക്ടർ: ഞങ്ങൾക്ക് ഒരു പുതിയ പ്ലാൻ തന്നിട്ടുണ്ട്. അണക്കെട്ടിൽ അധികം താമസിയാതെ പുതിയ പുതിയ സംഭവങ്ങൾ ഉണ്ടാകും. ഞങ്ങൾ ഗംഭീരമായി പണിയെടുക്കേണ്ടിയിരിക്കുന്നു.

വാല്യ: (ചിരിക്കുന്നു) മഹനീയതേ! ഗുഡ്ബൈ.

വിക്ടർ: അവിടെയാണ് നിനക്ക് തെററു പററിയത്. സർജി എന്തെങ്കിലും കണ്ടുപിടിക്കും; നോക്കിക്കോളു. അയാൾ ഞങ്ങളുടെ കൂടെയുള്ളിടത്തോളം ഞങ്ങൾക്കു കുഴപ്പമൊന്നുമുണ്ടാകില്ല.

വാല്യ: എപ്പോഴുമുണ്ട് ഒരു സർജി, സർജി. നിങ്ങൾ ഒക്കെ കൊച്ചു കുട്ടികളാണെന്നേ എല്ലാവരും ധരിക്കു. ആയയില്ലാതെ ഒന്നുമൊന്നും ചെയ്യാനൊക്കുകയില്ല.

വിക്ടർ: നീയിന്നു വഴക്കിടാനാണല്ലോ ഭാവം. ഞങ്ങളുടെ ഉല്ലാസലോലയായ പഴയ വാല്യയെപ്പോലെയൊന്നുമല്ല നീയിന്ന്. എന്താണ് സംഗതി?

വാല്യ: സാരമില്ല. കുറച്ചു പൊരിച്ച മീനുണ്ട്. ഞാനും ലാറിസയും കൂടി ഇന്ന് ചന്തയിൽനിന്ന് വാങ്ങിച്ചതാണ്.

വിക്ടർ: (തിന്നുകൊണ്ട്) എൻെറ അമ്മ ഈവക മീനുപയോഗിച്ച് രുചികരമായ സൂപ്പ് ഉണ്ടാക്കാറുണ്ട്.

വാല്യ: അച്ഛനെ കാണാതെ വിഷമമുണ്ടോ?

വിക്ടർ: (പെട്ടെന്നു മറുപടിയൊന്നും പറയുന്നില്ല) ഞാനില്ലാതെ തന്നെ അദ്ദേഹം കഴിച്ചുകൂട്ടിക്കൊള്ളും.

വാല്യ: ലെനിൻഗ്രാഡിൽ പോകാത്തതിൽ ആവലാതിയുണ്ടോ?

വിക്ടർ: എൻെറ വീട് ഇവിടെ, ഈ, അങ്കാറയിലാണ്.

വാല്യ: നിങ്ങാം അവരെ ഭയങ്കരമായി വെറുക്കുന്നു ഇല്ലെ....?
നിങ്ങളുടെ ചിററമ്മയെയാണ് ഞാൻ ഉദ്ദേശിക്കുന്നത്.

വിക്ടർ: നിന്നോടാരു പറഞ്ഞു?

വാല്യ: എനിക്കതിനെപററിയെല്ലാം അറിയാം.

വിക്ടർ: എനിക്കച്ഛനെയോത്തു വ്യസനമുണ്ട്.

വാല്യ: വിററ്യ, പ്രിയപ്പെട്ട വിററ്യ. നിങ്ങാം ഉറക്കത്തിൽ എൻെറ പേർ വിളിച്ചു പറയാറുണ്ട് എന്നത് വാസ്തവമാണോ?

വിക്ടർ: ഭഗവാനെ, എനിക്കതെങ്ങിനെ അറിയാനൊക്കും?

[നിശ്ശബ്ദത]

വാല്യ: നമുക്കിന്നു ബോട്ടു കളിക്കാൻ പോകാം?

വിക്ടർ: വയ്യ. ഇന്ന് എട്ടു മണിക്ക് ചീഫ്, തൊഴിലാളികളുടെ ഒരു യോഗം വിളിച്ചു കൂട്ടുന്നുണ്ട്. കുറച്ചുകൂടെ വേഗത്തിൽ കാര്യക്ഷമമായി പ്രവത്തിക്കേണ്ടതിനെപററി ആലോചിക്കണം.

വാല്യ: അതുകൊണ്ട് നമുക്ക് ആലിംഗനംചെയ്തു യാത്രപറയാം.

വിക്ടർ: സാരമില്ല കുട്ടി; നമുക്കിതിനൊക്കെ പകരം വീട്ടാം.

[അവർ ചുംബിക്കുന്നു]

വാല്യ: (അല്പനിമിഷത്തെ മൗനത്തിനു ശേഷം പൊട്ടി ചിരിക്കുന്നു) വിക്ടർ എന്താണെന്നു പറയാമോ? ഞാൻ വിവാഹം കഴിക്കാൻ പോകുന്നു.

വിക്ടർ: ശരി, അങ്ങനെ തന്നെയാകട്ടെ.... ആരാണാ ഭാഗ്യവാൻ.

വാല്യ: (ധിക്കാരത്തോടെ) നിങ്ങാംതന്നെ ആയാലെന്താ?

വിക്ടർ: ഞാനോ! അതൊരു ബഹു തമാശയാകുമല്ലോ?

വാല്യ: എന്താണതിൽ ഇത്ര തമാശ?

വിക്ടർ: ഹോ, കഴുതയാകല്ലെ? എന്താണ് നിനക്ക് ഒരു ദിക്കിൽ തങ്ങി കിടക്കാനിത്ര വെമ്പൽ? ഇങ്ങനെതന്നെയായാലും നമുക്ക് സുഖമാണല്ലോ. (അവളെ കെട്ടിപിടിക്കുന്നു) മീററിങ്ങ് കഴിഞ്ഞാൽ ഞാൻ നിന്നെ കാണാൻ വരാം. മുറിയിലെ കൂട്ടുകാരിയെ സിനിമക്കയച്ചോളൂ.... അവസാനത്തെ പ്രശ്നത്തിന്നു്....

വാല്യ: ശരി.

വിക്ടർ: അവളോട് പറയൂ വളരെ നല്ല പടമാണെന്നു. പറയാമോ?

വാല്യ: ശരി.

വിക്ടർ: നല്ല കുട്ടി. (അവളുടെ കവിളിൽ തട്ടുന്നു.) ശരി, ഞാനിപ്പോഠം പോകട്ടെ. അല്ലെങ്കിൽ ചീഫിൻെറ കയ്യിൽനിന്നു നല്ലത് കിട്ടും. (പോകുന്നു.)

വാല്യ: (തനിച്ച്) അതൊരു നല്ല നേരമ്പോക്കാകും.

[ലാറിസ വരുന്നു.]

ലാറിസ: സുഖമായി സംസാരിച്ചുവോ?

വാല്യ: (യാന്ത്രികമായി) ഓ........

ലാറിസ: നോക്ക്; സൂര്യൻ അസ്തമിച്ചു..

[നിശ്ശബ്ദത]

വാല്യ: വിററ്യ ഒരു രസികനാണ്........എന്നെ കല്ല്യാണം കഴിക്കണമെന്നു പറഞ്ഞു.

ലാറിസ: (വിശ്വസിക്കാതെ) അതുണ്ടാവില്ല

വാല്യ: തീച്ചയായും പറഞ്ഞു. ലാറിസ, ഇന്ന് വൈകുന്നേരം നിനക്ക് എങ്ങോട്ടാണ് പോകേണ്ടത്?

ലാറിസ: സിനിമക്ക്. അവസാനത്തെ കളിക്കൊരു ടിക്കററ കിട്ടുമെന്നാണെൻെറ വിചാരം.

വല്യ: ശരി, പോകണ്ട.

ലാറിസ: എന്തുകൊണ്ട്?

വാല്യ: പടം ചീത്തയാണെന്നാണ് കേട്ടത്

[മായുന്നു; ഗായകസംഘം പ്രവേശിക്കുന്നു]

ഗായകസംഘം: നിങ്ങളുടെ വീടിൻെറ പുറത്ത് കൊച്ചു കുഞ്ഞുങ്ങഠം കളിക്കുകയാണ്. അഴുക്കിൽ കുഴഞ്ഞ മുഖങ്ങളും കൈകളും. ഒരാഠം കൈമുറിച്ചു. മറെറയാഠം വളരെ ശ്രദ്ധയോടെ ഒരു പൂച്ചിയെ ഉററു നോക്കികൊണ്ടു നില്ക്കുകയാണ്. മൂന്നാമൻ കൂട്ടുകാരനെ തല്ലിയിരിക്കുന്നു. വിങ്ങഠം അടുത്തുകൂടി കടന്നു പോകുന്നു. പക്ഷെ ആരുമില്ല ആ കൂട്ടത്തിൽ നിങ്ങളെ അമ്മേ, എന്നു വിളിക്കാൻ.

—നിങ്ങഠം തനിയെ വീട്ടിലേക്കു മടങ്ങുന്നു. രാവിലെ നിങ്ങളെ തട്ടിയുണർത്താൻ ആരുമില്ല........

—നിങ്ങളുടെ അയൽക്കാരൻെറ റേഡിയോ ചീത്തയായിരിക്കുന്നു. വാസ്യ ജോലികഴിഞ്ഞു വന്നു അത് നന്നാക്കുവാൻ നോക്കുകയാണ്. അയാഠം വീടാകെ തകിടം മറിച്ചിട്ടുണ്ട്;പക്ഷെ അയാളുടെ ഭാര്യ്യക്കു സന്തോഷമേയുള്ളു: എൻെറ വാസ്യക്കു എന്തുമെന്തും നേരെയാക്കാൻ സാധിക്കും. രാത്രി അസമയത്ത് നടത്തം കഴിഞ്ഞു വന്നാൽ അവർ തമ്മിൽ കലഹിക്കും, എന്തെങ്കിലും പറഞ്ഞു മുഖം വീപ്പിക്കും........ അത് കഴിഞ്ഞ് എല്ലാം രമ്യതയിലാകും........ഈശ്വരാ അവർ വീണ്ടും ഉമ്മവെയ്ക്കുകയാണ്.

—-നിങ്ങഠം തനിച്ചാണ് വീട്ടിലേക്കു വരുന്നത്. രാവിലെ നിങ്ങളെ ഉണർത്തുവാൻ ആരുമില്ല.

ഹോസ്റ്റലിൽ യുവതികളുടെ മുറി. ഞായറാഴ്ചയാണ്. വാല്യയും ലാറിസയും കൂടെ മേശയൊരുക്കുകയാണ്.

ലാറിസ: നീ സർജിയെ ക്ഷണിച്ചിട്ടുണ്ടെന്നു വിക്ടരോടു പറഞ്ഞുവോ?

വാല്യ: എനിക്കയാളെ അത്ഭുതപ്പെടുത്തണം. ഇന്ന് എൻെറ പിറന്നാളാണ്. എനിക്കാരെ വേണമെങ്കിലും ക്ഷണിക്കാം.

ലാറിസ: വാല്യ, നീയിന്നു എന്തിനോ ഒരുങ്ങിയിട്ടാണ്.

വാല്യ: നീയെന്നെ ശകാരിക്കരുത്. ഞാൻ വിവാഹം കഴിക്കാൻ പോകുകയാണ്.

ലാറിസ: കുട്ടിക്കളി കളിക്കാതെ.

വാല്യ: എല്ലാവരും ഇതൊരു വലിയ തമാശയാണെന്നു ധരിക്കുന്നതാണ് അത്ഭുതം. നിനക്ക് ഇഷ്ടമുള്ളിടത്തോളം കളിയാക്കാം. എനിക്കതുകൊണ്ടു വിഷമമൊന്നുമില്ല. എനിക്കീ ഏകാന്തത വെറുത്തു. എന്താണ് കുഴപ്പം? ഞാനും മററുള്ളവരെപ്പോലെയൊക്കെയല്ലെ.

ലാറിസ: എന്താണ് നീ പറയുന്നത്........വാസ്തവത്തിൽ വിക്ടർ വിവാഹാഭ്യർത്ഥന ചെയ്തുവോ?

വാല്യ: ഇതെവരെ ഇല്ല. പക്ഷെ അയാളും അത് ചെയ്യും. ഞാൻ പോയി വേറെയാരെയെങ്കിലും തിരിഞ്ഞെടുക്കണമെന്നു മാത്രം.

ലാറിസ: പക്ഷെ നിനക്കാരോടും പ്രേമമില്ലല്ലോ.

വാല്യ: എന്താണീ പ്രേമമെന്ന് നിനക്ക് എങ്ങനെയറിയാം....

ലാറിസ: എനിക്കറിയാം. പക്ഷെ അത് യഥാർത്ഥമായിരുന്നോ സ്വപ്നമായിരുന്നോ എന്നെനിക്കോർമ്മയില്ല.

വാല്യ: അതാണ് കാര്യം. (അവളെ കെട്ടി പിടിക്കുന്നു) ലാറിസ ഓടിപ്പോയി അടുക്കളയിൽ ചെന്ന് കത്തിയും മുള്ളുമെല്ലാം ഒന്നു കഴുകി ശരിയാക്കു.

ലാറിസ: ശരി. (വാല്യയുടെ കയ്യിൽ നിന്നു പിഞ്ഞാണങ്ങളുമെടുത്ത് പുറത്തേക്കു പോകുന്നു.)

വാല്യ (കണ്ണാടിയുടെ അടുത്ത് പോയി അവളുടെ പ്രതിബിംബം പരിശോധിക്കുന്നു) വാല്യ, ഹാ, വാല്യ.... നീയവരെയൊന്നു പഠിപ്പിക്ക്.

വാതിൽക്കൽ ഒരു മുട്ട്.

അകത്തേക്കു വരൂ.

സർജി (വരുന്നു) വാല്യ, അഭിവാദനങ്ങൾ. എന്നോടു വരാൻ പറഞ്ഞ് ഒരു കുറിപ്പുകൊടുത്തയച്ചിരുന്നു ഇല്ലേ?

വാല്യ: ശരിയാണ്.

സർജി: വാസ്തവം പറയുകയാണെങ്കിൽ എനിക്കതിൽ അത്ഭുതം തോന്നി. അന്ന് ആ സിനിമക്ക് പോയതിൽ പിന്നെ നാം തമ്മിൽ കണ്ടിട്ടില്ലല്ലോ....

വാല്യ: ഇന്ന് എൻെറ പിറന്നാളാണ്.

സർജി: നിൻെറ പിറന്നാൾ. എന്താണ് എന്നോട് പറയാതിരുന്നത്?

വാല്യ: നിങ്ങൾ എൻെറ പേരിൽ പണം ചിലവഴിക്കുന്നത് എനിക്കിഷ്ടമില്ല.

സർജി: അത് കഷ്ടമായി. (ചിരിയോടെ) എനിക്ക് നല്ല സ്ഥിതിയാണ്. അതു നിനക്കറിയാമോ....

വാല്യ: അതു കൊണ്ടു ഒട്ടും വേണ്ട.. നിങ്ങൾക്കിതുസാരമുള്ള കാര്യമൊന്നുമല്ലല്ലോ.

സർജി: പക്ഷെ വിക്ടർ മുഖേന നിനക്കത് എന്നെ അറിയിക്കാമായിരുന്നല്ലോ....

വാല്യ: വിക്ടർക്കിതൊരു അത്ഭുതമാകണം.

സർജി: അങ്ങനെ വരട്ടെ!

വാല്യ: നിങ്ങൾ അയാളുടെ ഉററ സ്നേഹിതനാണ്; അല്ലേ?

സർജി: അതെ.

വാല്യ: അയാൾക്ക് എന്നെ വലിയ ഇഷ്ടമാണെന്നു നിങ്ങളാണ് പറഞ്ഞത്, അല്ലേ?

സർജി ഞാനതു പറഞ്ഞു.

വാല്യ: അതെല്ലാം നിങ്ങൾ കെട്ടിയുണ്ടാക്കിയതല്ല എന്നു സത്യം പറയാമോ... ഹാ, നിങ്ങൾ മറുപടിയൊന്നും പറയുന്നില്ല. ശരി, ഇനിയും പറയണം വേറെയൊരു നുണകൂടി.

സർജി: (ശാന്തനായി) അയാൾക്കിഷ്ടമാണെന്നാണ് എൻെറ ധാരണ; വാല്യ.

വാല്യ: (കക്കശമായി). പിന്നെ എന്തെല്ലാമുണ്ട് ധാരണകൾ (കുറച്ചു നേരത്തേക്ക് മിണ്ടാതെ ഇരുന്നതിനുശേഷം അവൾ പൊട്ടിച്ചിരിക്കുന്നു). ശരി, എനിക്ക് അടുക്കളയിൽ പോയി ലാറിസയെ സഹായിക്കണം. (ഓടിപ്പോകുന്നു)

സർജി കൗതുകത്തോടെ ആ പെൺകുട്ടികളുടെ മുറി പരിശോധിക്കുന്നു. വാതിൽക്കൽ ഒരു മുട്ട്. വിക്ടർ കടന്നു വരുന്നു.

വിക്ടർ: സർജീ....താനിവിടെ എന്തു ചെയ്യുന്നു?

സർജി: വാല്യ എന്നെ ക്ഷണിച്ചിരിക്കുന്നു. നിങ്ങൾക്കു അത്ഭുതമുണ്ടാക്കണമത്രെ!

വിക്ടർ: (ചിരിയോടെ) ആ പെൺകുട്ടി ഒരു വിശേഷ സൃഷ്ടിതന്നെയാണ്. രണ്ടു പെൺകുട്ടികളേയും വെച്ചു ഞാൻ തനിയെ ഈ സായാഹ്നം എങ്ങിനെ കഴിച്ചുകൂട്ടുമെന്നു അത്ഭുതപ്പെടുകയായിരുന്നു. ഇതാ ഇപ്പോൾ താനും വന്നല്ലോ. വാല്യ ഒരു മിടുക്കത്തിതന്നെയാണ്. വേറെ യാരുമില്ല അവളെപ്പോലെ.

സർജി (പെട്ടെന്നു) തന്നോട് ഒരു കാര്യം ചോദിക്കണമെന്നു വിചാരിച്ചുകൊണ്ടിരിക്കുകയായിരുന്നു ഞാൻ.

വിക്ടർ: ആകട്ടെ?

സർജി: വാല്യയും നിങ്ങളുമായുള്ള ബന്ധം എന്താണെന്ന് എനിക്കിതേവരെ മനസ്സിലായിട്ടില്ല.

വിക്ടർ: എന്താണതിൽ മനസ്സിലാക്കാനുള്ളത്. എനിക്കവളെ വലിയ ഇഷ്ടമാണ്.

സർജി: തനിക്കവളെ ഇഷ്ടമാണ്!

വിക്ടർ: അതെ, അവൾ ആളൊരു തമാശക്കാരിയാണ്. നല്ല ഒരു നൃത്തക്കാരിയും. വേറെയൊന്നിനെയും പററി പറയേണ്ടല്ലോ.

സർജി: (വിക്ടറുടെ കക്ഷത്തിൽ ഒരു പൊതി കാണുന്നു). അവൾക്കൊരു സമ്മാനമാണോ?

വിക്ടർ: ആ ചിത്രക്കാരൻ പയ്യൻ ഇവിടെ ചുററിപ്പററി നടന്നപ്പോൾ എനിക്കു വലിയ അസൂയ തോന്നിയിരുന്നു (വിരസമായി ചിരിച്ചുകൊണ്ടു) ഭ്രാന്തു പിടിക്കുമെന്നു തന്നെ തോന്നി.

സർജി: നിങ്ങൾ അവളെ വിവാഹം കഴിക്കണം.

വിക്ടർ: ഞാൻ എന്തിനു എന്നെ കെട്ടിയിടുന്നു. അതിന്നിനിയും ധാരാളം സമയമുണ്ടല്ലോ. (മൗനം) പോരാത്തതിനു വാല്യയെപ്പററി ഇവിടങ്ങളിൽ കണ്ടമാനം സംസാരിക്കുന്നുണ്ട്. ഞാൻ അതിനെപ്പററി അത്രയൊന്നും ഗൗനിക്കുന്നില്ല, തീർച്ച. വാല്യ നല്ല കുട്ടിയാണ്.... പക്ഷെ പൊതുവെ എനിക്കിവരെ—സ്ത്രീകളെ വിശ്വാസമില്ല, സർജി. അവരുടെ ഒക്കെ മനസ്സ് നീചമാണ്, ദയയുണ്ട് എന്ന് നാട്യം മാത്രമെയുള്ളു. ചിലർ കുറെ ഭേദമായിരിക്കും. വേറെ ചിലർ അറവഷളായിരിക്കും. ആ സ്ത്രീ എൻെറ

അച്ഛനെ എന്താക്കി എന്ന് തനിക്ക് അറിയാമല്ലോ. (ചുമരിന്മേൽ നിന്നൊരു ഗിത്താർ എടുക്കുന്നു).

സർജി: (ചിരിക്കുന്നു) എൻെറ അമ്മ വളരെ വളരെ നല്ലവരാണ്. അതുകൊണ്ട് സ്ത്രീകൾ എല്ലാവരും നല്ലവരെന്നാണ് എൻെറ അഭിപ്രായം.

വിക്ടർ: താൻ ഭാഗ്യവാനാണ്. (ഗിത്താർ മീട്ടി പാട്ടുപാടുന്നു.)

വാല്യയും ലാറിസയും പ്രവേശിക്കുന്നു. വിക്ടർ പാട്ടുപാടുന്നത് കേട്ടപ്പോൾ വാതിൽക്കൽതന്നെ നില്ക്കുന്നു.

ലാറിസ: (പതുക്കെ) വിക്ടർ, നിങ്ങളെത്ര ഭംഗിയായി പാടുന്നു.

വിക്ടർ: വളരെ വളരെ നന്ദി. (വാല്യയോട്) വാല്യ അഭിനന്ദനങ്ങൾ(പൊതികൊടുക്കുന്നു)എൻെറ ആദരവിൻെറ സൂചനയായി ഈ ചെറിയ സമ്മാനം നൽകുവാൻ അനുവദിക്കു....

വാല്യ: (കെട്ടഴിച്ച് അതിൽനിന്നു വർണ്ണശബളമായ, ഭംഗിയുള്ള ഒരു ഉത്തരീയമെടുക്കുന്നു) ഹാ വിക്ടർ, എന്തു ഭംഗി (അവൾ അത് തോൾവഴി ഇടുന്നു)

സർജി: വാല്യ, അതു നിനക്ക് യോജിപ്പാണ്.

വാല്യ: സർജി എനിക്കൊന്നും കൊണ്ടുവന്നില്ല.

സർജി: പക്ഷെ ഞാൻ........

ലാറിസ: സാരമില്ല, സർജി, അതു മറക്കു (മൗനം) ശീട്ടുകളിയെ പററിയെന്തു പറയുന്നു.

സർജി: ശീട്ടുകളി വിഡ്ഢികളുടെ ജോലിയാണെന്നാണ് എൻെറ പക്ഷം.

ലാറിസ: കാരണം?

സർജി: ശീട്ടുകളിച്ചുകളയാൻ പററാത്തവിധം ചെറിയതാണ് ജീവിതകാലം.

വാല്യ: പക്ഷെ അതിനുപകരം സാവ്വലൗകികപ്രശ്നങ്ങളെപററി ഞങ്ങളോട് ഒരു പ്രസംഗം നടത്തണമെന്നായിരിക്കും നി ങ്ങളുടെ മോഹം. അതാണ് നിങ്ങഠംക്കു പററിയത്. എ ന്താ അങ്ങിനെയല്ലെ?

സർജി: (പുഞ്ചിരിയിട്ടുന്നു) കുററമേററിരിക്കുന്നു. അടുത്തദിവസം വനിതാഹോസ്റ്റലിൽവെച്ചു ഫ്രാൻസിലെ ഇന്നത്തെ സ്ഥി തിഗതികഠം എന്ന വിഷയത്തെക്കുറിച്ചു യഥാൎത്ഥത്തിൽ ഞാ നൊരു പ്രഭാഷണം നടത്തി. ഫ്രാൻസിലെ ജനനത്തോത് കുറയാനുള്ള കാരണമെന്ത് എന്നാരാഞ്ഞുകൊണ്ടു ഒരു കുറി പ്പു കിട്ടിയതുപോലും എനിക്കോൎമ്മയുണ്ട്. വാല്യ, നീ യാണ് അതെഴുതിയതെന്ന് എനിക്കിപ്പോഠം ഒരു തോന്നൽ.

വാല്യ: നിങ്ങഠം എന്താണതിനു ഉത്തരം പറയാഞ്ഞത്.

സർജി: (കേവലമായി) അതിന്നൊന്നും സമയമുണ്ടായില്ല.

വാല്യ: അതു തട്ടിമാററി എന്നല്ലേ അതിന്നൎത്ഥം.

സർജി: (ഉല്ലാസത്തോടെ) ശരി, അതാണുണ്ടായത്.

വാല്യ: കുറിപ്പു കിട്ടുന്നതിനെക്കുറിച്ചു അധികമൊന്നും അഹന്ത നടിക്കേണ്ട. എനിക്കും കിട്ടാറുണ്ട് ചില കുറിപ്പുകഠം.

വിക്ടർ: (ചിരിയോടെ) ആരുടെ പക്കൽനിന്ന്. നന്ദിയുള്ള പ റവവരവുകാരിൽ നിന്നോ?

വാല്യ: അങ്ങിനെയുമാകാം. നിങ്ങഠം വിശ്വസിക്കുന്നില്ല. ഇതാ, ഞാനൊരെണ്ണം വായിച്ചുകേഠംപ്പിക്കാം. സർജി, നിങ്ങളെന്തു പറയുന്നു (ഒരുകെട്ടു കത്തുകഠം എടുക്കുന്നു) ഞാ നിവ വായിക്കട്ടെ?

സർജി: വായിക്കണം.

വിക്ടർ: വായിക്കു. ഞങ്ങഠംക്കു ചിരിക്കാമല്ലോ.

വാല്യ: ഞാൻ എപ്പോഴും നിന്നെപററി വിചാരിച്ചുകൊണ്ടിരിക്കു ന്നു. പക്ഷെ ഞാനാരാണെന്നുപോലും നിനക്കറിയുകയില്ല. വാല്യ, നീ ശരിയായല്ല ജീവിക്കുന്നത്. നിനക്ക് നിന്നിൽതന്നെയോ, ചുററുപാടുമുള്ള മനുഷ്യരിലോ, യാതൊരു അഭിരുചിയുമില്ല. നമ്മുടെ ഈ യുഗത്തിൽ ഇങ്ങനെ ജീവിക്കുന്നതു് വലിയ ഒരപമാനമാണ്. കുറെക്കാലം കഴിഞ്ഞു് നിനക്കിതു മനസ്സിലാകുമ്പോഴ്, എത്ര ഭയങ്കരമായിരിക്കും അതെന്ന് ഒന്ന് ഓർത്തുനോക്കൂ (മേലോട്ടു നോക്കി) ഹൃദയം പിളക്കുന്നു........ഇല്ലേ?

വിക്ടർ: ആരാണിത് എഴുതിയത്?

വാല്യ: അജ്ഞാതനായ ഒരു ക്ഷേമകാംക്ഷി.

ലാറിസ: നീയിതെല്ലാം കെട്ടി ചമയ്ക്കുന്നതാണ്.

വാല്യ: അയ്യോ അങ്ങിനെയൊന്നുമല്ല ഇത് കേട്ടോളൂ. (വേറെ ഒരെഴുത്ത് എടുക്കുന്നു) ഞാൻ വീണ്ടും എഴുതുകയാണ്. ദയവുചെയ്തു എന്നോട് കോപിക്കരുതെ. എനിക്കറിയാം നീ ഏകയാണെന്ന്. വാല്യ, നീ ഈ ജീവിതരീതിയൊന്നു മാററണം. തീർച്ചയായും, നിശ്ചയമായും, ഇത് മാററണം. എനിക്കു നിന്നെ സഹായിക്കാൻ സാധിച്ചുവെങ്കിൽ എന്നാഗ്രഹിക്കുകയാണ്. (സർജിയെനോക്കി) ഹൃദയസ്പർശിയായിരിക്കുന്നു, അല്ലേ?

[സർജി മറുപടിയൊന്നും പറയുന്നില്ല]

വിക്ടർ: വല്ല ഭ്രാന്തൻ. ബാപ്ററിസ്റ്റുമാരുടെയായിരിക്കും.

വാല്യ: (ഇതാണ് അവസാനത്തേത്) വാല്യ, എൻെറ ഓമനേ, ആ വിക്ടറെ പിശാചിൻെറ പിടിയിലേക്ക് വിട്ട്, എന്നെ വിവാഹം കഴിക്കൂ........

സർജി: അതു ശരിയല്ല. ഈ മാതിരിയുള്ള എഴുത്തൊന്നുമില്ല.

വാല്യ: നിങ്ങഠംക്ക് എങ്ങിനെയറിയാം? (വിക്ടറുടെ നേരെ തിരിഞ്ഞു) നിങ്ങളെപററി എനിക്കു കിട്ടുന്ന ഉപദേശം കണ്ടുവോ? പക്ഷെ അയാളെയല്ല, നിങ്ങളെയാണ് ഞാൻ വിവാഹം ചെയ്യുന്നത്. അല്ലേ വിക്ടർ?

വിക്ടർ: ഇതെന്തുതരം നേരംപോക്കാണ്?

ലാറിസ: വാല്യ, ഇതു മതിയാക്കു.

വാല്യ: നിങ്ങഠം ഉറക്കത്തിൽ എൻെറ പേരു പറയാറുണ്ട് എന്നാണല്ലോ സർജി പറയുന്നത്.

വിക്ടർ: കഴുതകളിക്കല്ലെ!

വാല്യ: ഒരുപക്ഷെ നിങ്ങളുടെ സ്നേഹിതൻ എന്നോടു നുണ പറയുന്നതായിരിക്കും. (വിക്ടറെ നോക്കുന്നു) സർജി, എന്താണിയാഠം പിൻവാങ്ങുന്നത് എന്നറിയണോ. എന്നെപ്പോലെ സുപ്രസിദ്ധിയാർജ്ജിച്ച ഒരു ഭാര്യയെ അയാഠംക്ക് ആവശ്യമില്ല. അന്ന് ആ സിനിമാശാലയിൽ വെച്ചവർ പറഞ്ഞത് ഓൎമ്മയുണ്ടോ?

സർജി: ........അത് ശരിയല്ല; വിക്ടർ, പറയു അങ്ങനെ.

വാല്യ: വിക്ടറുടെ ഭാഗമഭിനയിക്കുകയാണോ? ങ്ങേ! സ്നേഹിതൻെറ ഭാഗം പറയുന്നത് നല്ലതുതന്നെ. പക്ഷെ നിങ്ങളുടെ സ്നേഹിതനു എന്തുകൊണ്ടു സ്വയം അതു പറഞ്ഞുകൂടാ. ശരി, ഇനിയെല്ലാവൎക്കും പോകാം. വിരുന്ന് വേണ്ടെന്നുവെച്ചിരിക്കുന്നു. ഇന്ന് എൻെറ പിറന്നാളല്ല. ഞാനതു പറഞ്ഞുണ്ടാക്കിയതാണ്. ആഗസ്റ്റിലാണ് എൻെറ ജന്മദിനം.

സർജി: വിക്ടർ. ഞാനാണ് ആ കത്തുകഠം എഴുതിയത്.

വിക്ടർ: എന്ത്?

സർജി: (വെറുതെ) അതെ; ഞാൻ വാല്യയെ സ്നേഹിക്കുന്നു. ഹൃദയം തുറന്നു അഗാധമായി പ്രേമിക്കുന്നു. എനിക്കവളെ

വിവാഹം കഴിക്കണമെന്നുണ്ട്. (വാല്യയോട്) നീയെ ന്നെ ഉപേക്ഷിക്കുന്നപക്ഷം ഞാനെന്തു ചെയ്യുമെന്നെനിക്കറിയുകയില്ല.

ലാറിസ: ഇത് വല്ലാത്ത കുഴപ്പമായിട്ടാണ് എനിക്കു തോന്നുന്നത്.

സർജി: (വിക്ടറോട്) വിക്ടർ, നിങ്ങൾ അവളെ ഉപേക്ഷിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഞാനൊരിക്കലും ഇതു പുറത്ത് പറയുകയില്ലായിരുന്നു.

വാല്യ: (വിക്ടറോട്) അതു കേട്ടുവോ. ഇപ്പോൾ പോകൂ. എനിക്കു നിങ്ങളെയാവശ്യമില്ല. പൊയ്ക്കോളൂ ഇവിടുന്ന്.

വിക്ടർ: ഗൗരവത്തിലാണോ........നിങ്ങൾ

വാല്യ: (സ്ഥിരതയോടെ) അതെ. ഇപ്പോൾ പോകൂ.

വിക്ടർ: ശരി. ഞാനിതു മറക്കുകയില്ല. (സാവധാനത്തിൽ പുറത്തേക്കു പോകുന്നു.)

[വാല്യ സർജിയെ സമീപിച്ചു അയാളെ പരിശോധിക്കുന്ന വിധത്തിൽ നോക്കി നില്ക്കുന്നു.]

ലാറിസ: അയാളെ വെറുതെ വിട്ടേക്കൂ, വാല്യ കേട്ടുവോ പറയുന്നതു്?

വാല്യ: (പതുക്കെ) എന്തുകൊണ്ട്?

ലാറിസ: നിനക്കറിയാമല്ലോ നിനക്കയാളെ പ്രേമമില്ലെന്ന്.

വാല്യ: എങ്ങിനെയറിയാം നിനക്ക്? (പരിഹാസസ്വരത്തിൽ) കല്ല്യാണം കഴിഞ്ഞതിനുശേഷം ഞാനതു കണ്ടുപിടിച്ചുകൊള്ളാം. അയാൾ ധാരാളം പണം സമ്പാദിക്കുന്നുണ്ട്, തീരെ അരസികനുമല്ല.

ലാറിസ: ഞാനിവിടെ നിന്നു പോകുകയാണ്. ഞാൻ താമരയുടെ കൂടെ താമസമാക്കുവാൻ പോകുന്നു. വാല്യ നീയെന്നെ ഭയപ്പെടുത്തുന്നു. (പുറത്തേക്കു പോകുന്നു).

വാല്യ (ഒരു ചെറിയ നിശ്ശബ്ദതക്കുശേഷം) ശരി നിങ്ങൾ എന്തു പറയുന്നു?

സർജി: നിൻെറ കൊച്ചു കുട്ടിയെ ബാലികാമന്ദിരത്തിൽ നിന്ന് കൊണ്ടുവന്നു നമുക്ക് ഒരുമിച്ചു താമസിക്കാം.

വാല്യ: എനിക്കൊരു മകളില്ല. ഞാനുണ്ടാക്കി പറഞ്ഞതാണത്. എല്ലാം എല്ലാം എൻെറ സൃഷ്ടിയാണ്. മനസ്സിലായോ? ഇനിയിപ്പോൾ പോകു. എനിക്കല്പസമയം തനിയെ ഇരിക്കണം

സർജി (മയത്തോടെ) നീയില്ലാതെ എനിക്കു ജീവിക്കുവാൻ സാദ്ധ്യമല്ല. മനസ്സിലാകുന്നുണ്ടോ?

വാല്യ: ദയവുചെയ്തു........പോകു.

സർജി സാവധാനത്തിൽ മുറിയിൽ നിന്നു പോകുന്നു. വാല്യകിടക്കയിൽ ചെന്നു വീണു പൊട്ടിപ്പൊട്ടി കരയുന്നു. പതുക്കെ ആ മുറിയുടെ ദൃശ്യം മറയുന്നു. തൽസ്ഥാനത്ത് സർഡ്യൂക്കും ഗായകസംഘവും പ്രത്യക്ഷപ്പെടുന്നു.

സെർഡ്യൂക്ക്: എനിക്കൊരു യുക്രേനിയൻ നാമമാണെങ്കിലും എല്ലിൻെറ മജ്ജവരെ ഞാൻ സൈബിരിയക്കാരനാണ്.

ഗായകസംഘം: സ്റ്റീപ്പൻ സെർഡ്യൂക്ക്, നിങ്ങൾ ഏതു ജാതി മനുഷ്യനാണ്.

സെർഡ്യൂക്ക് (ആലോചനാപൂർവ്വം) മൊത്തത്തിൽ എനിക്കു സന്തോഷമാണ്.

ഗായകസംഘം: എന്താണ് നിങ്ങളെ സന്തുഷ്ടനാക്കുന്നത്?

സെർഡ്യൂക്ക് (ധിക്കാരത്തോടെ) ജീവിതത്തിൽ ഞാൻ എൻെറ സ്ഥാനം കണ്ടു പിടിച്ചിരിക്കുന്നു. അതു കൊണ്ടു സംതൃപ്തനാണ് ഞാൻ.

ഗായകസംഘം (ആക്ഷേപത്തോടെ) എന്നിട്ടും നിങ്ങഠം തനിച്ചാണല്ലോ ജീവിക്കുന്നത്?

സെർഡ്യൂക്ക്: സ്ത്രീകഠം എന്നെ ശ്രദ്ധിക്കുന്നില്ല.

ഗായകസംഘം: സ്നേഹിതാ, നിങ്ങഠം വല്ലവരേയും സ്നേഹിച്ചിട്ടുണ്ടോ?

സെർസ്യൂക്ക്: ഉവ്വ്, വളരെക്കാലം മുമ്പ്.

ഗായകസംഘം: ആരെ?

ഒരു സ്ത്രീ ശബ്ദം: എന്നെ........മാഗ്നിറേറാ ഗോർസ്സിൽവെച്ചാണ് ഞങ്ങഠം തമ്മിൽ കണ്ടത്. പഞ്ചവത്സര പദ്ധതിയുടെ ആദ്യകാലത്താണത്. ആ വലിയ ഉരുക്കു ശാല പണിതുതുടങ്ങിയ കാലം. ഞങ്ങഠം വരുമ്പോഠം അതിൻെറ പണിയാരംഭിച്ചിരുന്നതേയുള്ളു. അത് ഭയങ്കരമായിരുന്നു; പറയാൻ സാധിക്കാവുന്നതിലേറെ ഭയങ്കരം. ഞങ്ങഠം പരസ്പരം സ്നേഹിച്ചിരുന്നു. പക്ഷെ രണ്ടു കൊല്ലത്തിനുശേഷം ഞാൻ ആൻഡ്രിയെ കണ്ടു,അയാളെ കല്യാണംകഴിച്ചു. ഞാൻ കണ്ടതിലേക്കും വെച്ചു യോഗ്യനായിരുന്നു ആ മനുഷ്യൻ. ഞാനയാഠക്കു മൂന്നു കുട്ടികളെ കാഴ്ചവെച്ചു. എനിക്കറിറിയാം, പ്രിയപ്പെട്ട സ്റ്റീപ്പൻ, നിങ്ങഠംക്കതു ഉള്ളിൽ തട്ടിയെന്ന്. പക്ഷെ എനിക്കു ഗത്യന്തരമൊന്നുമുണ്ടായിരുന്നില്ല. എനിക്കു വയസ്സായി; പൌത്രരുമുണ്ടായി. എന്നാലും ചിലപ്പോഠം തനിയെ ഇരിക്കുമ്പോഠം ഞാൻ എൻെറ ആദ്യ പ്രേമത്തെ പററി വിചാരിക്കാറുണ്ട്........

സെർഡ്യൂക്കു് (ആലോചനയോടെ) ഒരു പക്ഷെ സ്ത്രീകളോട് എങ്ങിനെ പെരുമാറണമെന്നു എനിക്കു് അറിയാമായിരുന്നില്ലായിരിക്കാം.

ഗായകസംഘം: വേറെ ഒരുവാം ഉണ്ടായിരുന്നുവല്ലോ........അതു് മറന്നോ?

സെർഡ്യൂക്ക്: ഇല്ല, മറന്നിട്ടില്ല.

ഒരു ബാലികയുടെ ശബ്ദം: ഞാനായിരുന്നു അത്. സീനിയ എന്നാണെൻെറ പേർ. യുദ്ധം പൊട്ടി പുറപ്പെട്ടപ്പോാം ഞാൻ ഒരു നേർസായി സേവനമനുഷ്ഠിക്കാൻ മുതിന്നു. എനിക്കന്നു നന്നെ ചെറപ്പമായിരുന്നു. 1943-ലാണ് ഞങ്ങാം തമ്മിൽ കണ്ടതു്. അദ്ദേഹം വളരെ ശക്തനും, ധീരനും മാന്യനു മായിരുന്നു. യുദ്ധമാണ് ഞങ്ങളെ തമ്മിലടുപ്പിച്ചതു്, പത്തുദിവസത്തോളം ഞങ്ങാം ഒരുമിച്ചു ഒരു കുഴിയിൽ കഴിച്ചു കൂട്ടിയിട്ടുണ്ടു്........ഞങ്ങാം പിരിഞ്ഞപ്പോാം അദ്ദേഹത്തിനെഴുതാമെന്നു ഞാൻ വാക്കു പറഞ്ഞിരുന്നതാണ്. അദ്ദേഹം കരഞ്ഞു, എനിക്കതോർമ്മയുണ്ടു്. പക്ഷെ ഞാൻ അദ്ദേഹത്തിനു ഒരൊററവരി എഴുതിയില്ല.........ഞങ്ങാം പിരിഞ്ഞു രണ്ടുമണിക്കൂർ കഴിഞ്ഞപ്പോഴക്കും ഞാൻ കൊല്ലപ്പെട്ടു. ഞാൻ അദ്ദേഹത്തെ മറന്നുവെന്നും വഞ്ചിച്ചുവെന്നുമൊക്കെയാണ്. അദ്ദേഹത്തിൻെറ വിചാരം. പക്ഷെ സംഗതിയതൊന്നുമല്ല. ഞാൻ വധിക്കപ്പെട്ടു. തൊട്ടടുത്തു് ഒരു ഷെൽ പൊട്ടിച്ചിതറി................അതായിരുന്നു അവസാനം

സെർഡ്യൂക്ക്; സഹോദര, ഞാൻ ഒരിക്കലും സ്ത്രീജനങ്ങളുടെ മതിപ്പ് സമ്പാദിച്ചിരുന്നില്ല. പക്ഷെ എന്നാലും എനിക്കേകാന്തതയനുഭവിക്കേണ്ടിവന്നിരുന്നില്ല. ആ ഖനന്ദ്രയന്ത്രത്തിലെ പണിക്കാരെല്ലാം എൻെറ സ്വന്തം മക്കളെപ്പോലെയാണ്, പ്രത്യേകിച്ചു ആ സെറ്യോജിൻഷിഫ്ററു്.

ആണുങ്ങളുടെ ഹോസ്റ്റൽ പ്രത്യക്ഷപ്പെടുന്നു. സമയം രാത്രി. റോഡിക്കും ഡെനിസും മേശക്കരികെ ഇരിക്കുന്നുണ്ടു്. ലാപ്ചെങ്കോ ജനവാതിൽക്കൽ പ്രത്യക്ഷപ്പെടുന്നു.

ഗായകസംഘം: നോക്കു സ്റ്റീപ്പെൻ. രാത്രിയായി, എന്നിട്ടും അ വരാരും ഉറങ്ങിയിട്ടില്ല.

—ഒരുപക്ഷെ എന്തെങ്കിലും കുഴപ്പമുണ്ടാകും.

—എവിടെ സർജി? എവിടെ വിക്ററർ?

സെർഡ്യൂക്ക്: എനിക്കറിയില്ല. ഞാനെൻെറ പിതാവിനെ കാ ണുവാൻ സ്ലൂഡ് യാങ്കയിലേക്കു പോയിരിക്കുകയായിരുന്നു. പക്ഷെ ഞാൻ വേഗം വന്നല്ലോ........വല്ലതും സംഭവിച്ചി രിക്കുമോ?.

ഗായകസംഘവും സെർഡ്യൂക്കും ക്രമേണ മറയുന്നു.

ലാപ്ചെങ്കോ........ഹലോ കൂട്ടുകാരെ; എന്തുചെയ്യുന്നു?

ഡെന്നീസ്: ഒന്നുമില്ല.

ലാപ്ചെങ്കോ: വിക്ടർ മടങ്ങി വന്നുവോ?

ഡെന്നീസ്: ഇല്ല.

ലാപ്ചെങ്കോ: സർജിയും തിരിച്ചെത്തിയിട്ടില്ലെ?

ഡെന്നീസ്: ഇല്ല.

ലാപ്ചെങ്കോ: ചങ്ങാതികളെ നാം തകർന്നു.

റോഡിക്: ചുരുണ്ടുകൂടി കിടക്കുകയാണ് ഭേദം.

ലാച്ച്ചങ്കോ: ചീഫ് എവിടെ?

ഡെന്നീസ്: സ്ലൂഡ്യാൻങ്കയിലേക്കു പോയിരിക്കുകയാണ്.... ഉടനെവരും. വന്നാൽ നമുക്ക് ശരിക്കും കിട്ടും.

ലാപ്ചെങ്കോ: തീർച്ചയായും. (നാലുപാടും നോക്കുന്നു) ഇതാ വിക്ടർ!

വിക്ടർ അകത്തേക്കു കടക്കുന്നു. യാതൊരാളെയും ശ്രദ്ധി ക്കാതെ അയാരം കിടക്കയിലേക്കു വീഴുന്നു.

ഡെന്നീസ്: എവിടെയായിരുന്നു നിങ്ങൾ?

വിക്ടർ: (പരുപരുത്ത സ്വരത്തിൽ) തനിക്കന്വേഷിച്ചിട്ട് കാര്യമെന്ത്?

ഡെന്നീസ്: സൈന്യത്തിലാണെങ്കിൽ എന്താണ് കിട്ടുകയെന്നറിയാമോ?

വിക്ടർ: സൈന്യം നശിച്ച് നരകത്തിൽ പോകട്ടെ.

ഡെന്നീസ്: എൻെറ മേജർതന്നെ പഠിപ്പിക്കും.

ലാപ് ചെങ്കോ: നോക്കിക്കോളൂ. ഇതാ ചീഫ്!

സെർഡ്യൂക്ക് ആ കൂട്ടത്തിൻെറ നേർക്കു കണ്ണുരുട്ടിനോക്കി ഒരു പീഠത്തിൽ കയറിയിരിക്കുന്നു. ശരി, എൻെറ നല്ല സ്നേഹിതരെ, നിങ്ങൾക്കു എന്താണ് പറയുവാനുള്ളത്. ആരുമാരും ഒന്നും സംസാരിക്കുന്നില്ല. ഓരോരുത്തരും അപരൻെറ നോട്ടത്തോടിടയാതെ നോക്കുകയാണ്.

മാതൃകാപരമായ ഷിഫ്ററ്. ഒരുകൊല്ലമായി അതിൻെറ റെക്കോർഡിൽ ഒരു ചീത്തപ്പേരില്ല (മുഷ്ടിചുരുട്ടി മേശമേൽ ഇടിക്കുന്നു.) ഖനനയന്ത്രം പണിയെടുക്കാതായിട്ട് എത്രനേരമായി?

റോഡിക്: രണ്ടുമണിക്കൂർ.

സെർഡ്യൂക്ക്: രണ്ടു മണിക്കൂർ (എഴുന്നേററു കോപാക്രാന്തനായി ആ മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും ലാത്തുന്നു.) നിങ്ങളുടെ ഈ മറയത്തരംമൂലം പതിനായിരം ജോലിക്കാർ നൂററിഇരുപതു മിനിററു വെറുതെയിരുന്നു. എങ്ങിനെയാണ് യന്ത്രം കേടുവന്നത്. വരൂ. തുറന്നു പറയൂ.

റോഡിക്: റെക്ടിഫയർ പൊട്ടി.

സെർഡ്യൂക്ക്: അതുശരി. അപ്പോൾ കുററംപറയേണ്ടത് ഇലക്ട്രീഷ്യനെയാണ്.

വിക്ടർ (അപ്പോഴും അയാളുടെ മുഖം കൈക്കുമ്പിളിൽ ഒളിഞ്ഞിരിക്കുകയാണ്) അതെ, അതെൻെറ കുററമായിരുന്നു.

സെർഡ്യൂക്ക്: ഈ സമയത്ത് കിടക്കമേൽക്കിടന്നുരുണ്ട് മഹാനായ ഇലക്ട്രീഷ്യൻ എന്തുചെയ്യുകയാണ്? എണീക്കു അവിടെനിന്നു!. കൊള്ളരുതാത്തവനെ, നോക്കു എൻെറ മുഖത്തേക്ക്.

വിക്ടർ എഴുന്നേററിരുന്നു തൻെറ മുഖം സെർഡ്യൂക്കിൻെറ നേരെതിരിക്കുന്നു.

സെർഡ്യൂക്ക്: എന്താണിത്? കണ്ണുനീരോ? ഞാൻ വഴിതെററി ചെന്നെത്തിയത് വനിതാഹോസ്റ്റലിലായിരിക്കുമോ? പറയൂ. എങ്ങനെയാണിത് സംഭവിച്ചത്?

വിക്ടർ: എനിക്കു വെളിവുണ്ടായിരുന്നില്ല.

സെർഡ്യൂക്ക്: അതു നുണയാണ്. താൻ അത്തരക്കാരനല്ല. തനിക്കെന്തുപററി?

വിക്ടർ: ചീഫ്, എന്നോടു ചോദിക്കരുത്. ഏതായാലും ഞാൻ പറയുകയില്ല.

സെർഡ്യൂക്ക്: സർജിയെവിടെ.

ലാപ്ചെങ്കോ: (പകുതിവാതിൽക്കലെത്തി) അയാറം അങ്കാറയുടെ തീരത്ത് ആ കടയിലെ പണംസൂക്ഷിപ്പുകാരി വാല്യയോടു് സൊള്ളിക്കൊണ്ടിരുന്നിരുന്നു.

വിക്ടർ: (കോപാക്രാന്തനായി ചാടിയെഴുന്നേൽക്കുന്നു) മിണ്ടാതിരിക്കവിടെ............

സെർഡ്യൂക്ക്: എല്ലാവരും ഒന്നു മിണ്ടാതിരിക്കിൻ. റോഡിയോൺ, എന്തെല്ലാമാണിവിടെ നടന്നത്? തുറന്നു പറയൂ.

റോഡിക: പറയാൻ അധികമൊന്നുമില്ല. സർജിയും വിക്ടറും ഒരു പെണ്ണിൻെറ പേരും പറഞ്ഞു വഴക്കുണ്ടാക്കി. ആ വാല്യ

യാണ് പെണ്ണ്. അവരാക്ക് ഇവിടങ്ങളിൽ നല്ല പേരാണുള്ളത്...........ശരി; വിശദാംശങ്ങളിലേക്ക് കടക്കേണ്ട ആവശ്യമൊന്നുമില്ലല്ലോ, വിക്ടർക്ക് ദേഷ്യം വന്നു. ഇന്നലെ അയാളും സർജിയും തമ്മിൽ വാക്കേററമുണ്ടായി.... ഇന്നു കാലത്ത് ജോലിക്ക് വന്നത് ഏതാണ്ട് അന്തംവിട്ട നിലയിലാണ്. വേണ്ടത്ര ശ്രദ്ധപതിപ്പിച്ചില്ല. അങ്ങനെ ഇതു സംഭവിച്ചു (വിക്ടറോട്) എന്താ ശരിയല്ലെ?

വിക്ടർ: ശരിയാണ്.

റോഡിക്: ഇതുംകൂടി പറയണമെന്നുണ്ട് എനിക്ക്. കൊള്ളാവുന്ന ഒരു സംഘമായിരുന്നു നമ്മുടേത്. വളരെ ഭംഗിയായി നാം കഴിച്ചുകൂട്ടിപ്പോരുകയുംചെയ്തു. ഇപ്പോരം ആദ്യം കടന്നു വന്ന പാവാട എല്ലാമെല്ലാം തകർത്തു. എനിക്കെൻെറ സഹോദരിമാരെ വലിയ ഇഷ്ടമാണ്, അമ്മയെപ്പററിപ്പറയാനുമില്ല. എന്നാലും സ്ത്രീകളെ കുറെയേറെയകററിനിർത്താനാണ് എനിക്കിഷ്ടം. പക്ഷെ ഇവിടെ ഈ സൈബീരയയിൽ സ്ത്രീകരം തലസ്ഥാനത്തെപ്പോലെ, കുഴപ്പക്കാരല്ല എന്നതിൽ വളരെ ചാരിതാർത്ഥ്യമുണ്ട്.

ഡെന്നീസ്: റോഡിക്, ആ വായ്ത്താരിയൊന്നു നിർത്തിയാട്ടെ. അങ്ങനെ സംസാരിക്കുന്നതനുവദിക്കാൻ എനിക്ക് സാദ്ധ്യമല്ല.

(സർജി വാതിൽക്കൽ പ്രത്യക്ഷപ്പെടുന്നു)

ലാപ്ചെങ്കോ: സെറ്യോജിൻ ഇതാ........

സെർഡ്യൂക്ക്: (പരിഹാസപൂർവ്വം) ജാഗ്രതൈ. ഇതാവരുന്നു പെരിയ അധികാരി.

സർജി: (പരിസരങ്ങളെക്കുറിച്ചു തികഞ്ഞ അബോധാവസ്ഥയിലാണയാരം) എന്താണ്........(കിടക്കയിൽപോയി ഇരുന്നു

നിർവൃതിയിൽ ലയിച്ചപോലെ പുഞ്ചിരിയോടെ മുമ്പിലുള്ള ശൂന്യതയെ ഉററുനോക്കുന്നു)

സെർഡ്യൂക്ക്: നോക്കൂ; എന്താണിതെല്ലാം.

സർജി: (അപ്പോഴുമയാറം പുഞ്ചിരിയിടുകയാണ്) അതെ, അതെ.

സെർഡ്യൂക്ക്: അയാളെ നോക്കൂ; സുബോധമില്ല, തീർച്ച. (സർജിയെപിടിച്ചു കുലുക്കുന്നു) സർജി എന്താണിതു്. ചന്ദ്രനിൽ നിന്നു താഴെ വീണതാണോ? എന്താണിതു്?

സർജി: ഹലോ, ചീഫ്, സ്ലൂഡ്യാങ്കയിൽനിന്നു തിരിച്ചെത്തിയോ?

സെർഡ്യൂക്ക്: ഹേയ് തലക്കു വെളിവില്ലാത്ത ചെറുപ്പക്കാരാ; എന്തു നോക്കിയാണ് താൻ ഇങ്ങിനെ ഇളിക്കുന്നതു്?

സർജി: എനിക്കും വിക്ടർക്കും മാപ്പുതരണം ചീഫ്. ഇനിയൊരിക്കലും ഇങ്ങനെയുണ്ടാകില്ലെന്നു് സത്യംചെയ്യാം.

വിക്ടർ: എന്നെ വെറുതെ വിട്ടേക്കൂ.

സെർഡ്യൂക്ക്: താൻ അങ്ങിനെ പെട്ടെന്നൊന്നും ഇതിൽനിന്നു ഊരിച്ചാടാൻ പോകുന്നില്ല.

സർജി: ഹേയ് അതു് എളുപ്പമൊന്നുമല്ല........അവറം ഇപ്പോറം എന്നെ സ്നേഹിക്കുന്നില്ല തീർച്ച. പക്ഷെ ക്രമേണ അവറംക്കു മനസ്സിലാകും എന്നെ ആവശ്യമാണെന്നു്........അവസാനം അവറം സമ്മതിച്ചിരിക്കുന്നു. ജൂലായ് പതിനഞ്ചാം തീയതി ഞായറാഴ്ച ഞങ്ങറം വിവാഹിതരാകാൻ പോകുകയാണ്. ഇനി പത്തു ദിവസമേയുള്ളു. നിങ്ങറം എല്ലാവരും കല്യാണത്തിനു വരണം.

റോഡിക്: എന്തു്, എന്തു്?

വിക്ടർ: (സർജിയെ സമീപിച്ചുകൊണ്ടു്) സർജീ........താൻ ഇവിടെനിന്നു് പോയേതീരൂ........വാല്യയെ തനിയെ വി

ട്ടേയ്ക്കു........ഞാൻ ഗൗരവപൂർവ്വം പറയുകയാണ്........ പൊയ്ക്കോളൂ ഇവിടെനിന്നു്.

സർജി: ഇല്ല, ഞാനിപ്പോൾ പോകുന്നില്ല. വിക്ടർ, എൻെറ മനസ്സാക്ഷി കളങ്കരഹിതമാണ്. നിങ്ങൾ തന്നിഷ്ടപ്രകാരം അവളെ ഉപേക്ഷിച്ചു. ഇല്ലേ? നിങ്ങൾക്കു യാതൊന്നും പറയാനില്ല. ചീഫ്, നോക്കൂ. അയാൾ യാതൊന്നും പറയുന്നില്ല. (വിക്ടറുടെ അടുക്കൽപോയി) നമുക്കിതെല്ലാം മറക്കാം വിക്ടർ. ഇവിടെയുള്ള എല്ലാവരുടേയും നന്മക്കു വേണ്ടി നമുക്ക് വീണ്ടും ആത്മാർത്ഥസ്നേഹിതന്മാരായിത്തുടരാം. (വിക്ടർ യാതൊന്നും മിണ്ടുന്നില്ല.) 15-ാംനു- ഞായറാഴ്ച ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. അവർക്കു വേണ്ടി നമുക്ക് അതൊരു ആനന്ദദിനമാക്കണം............ആ ഒരൊററദിവസം. അതു ആവശ്യപ്പെടുന്നതിൽ അപാകത യൊന്നുമില്ലല്ലോ? (പെട്ടെന്നുണ്ടായ രൗദ്രതയോടെ അവരെയെല്ലാം നോക്കിക്കൊണ്ടു്) ആരെങ്കിലും അവളെപററി ഒരു ചീത്തവാക്കെങ്കിലും പറയുകയാണെങ്കിൽ........ശ്രദ്ധിച്ചിരിക്കുകയാണു ഭേദം.....ജീവനുള്ളിടത്തോളംകാലം എനിക്കതു പൊറുക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു ഓർത്തോളൂ!

(ആ രംഗം മായുന്നു. സംഗീതത്തിൻെറ നേരിയശബ്ദം, ഒരു പക്ഷെ പുരമുകളിൽ പതിക്കുന്ന മഴത്തുള്ളികളുടേതാകാം. ക്രമേണ കിടക്കമേൽ ഇരിക്കുന്ന നിലയിൽ വാല്യ പ്രത്യക്ഷമാകുന്നു. ഗായകസംഘം അവളെ വളയുന്നു)

ഗായകസംഘം: ഉറങ്ങുന്നില്ലേ വാല്യ? രാത്രിമുഴവനും മഴപെയ്യുകയായിരുന്നു. മേഘമാലകളെ ഈ വഴിക്കു പറപ്പിച്ചുകൊണ്ടു വേനൽകാലവാതം ബേയ്ക്കൽ നദിക്കുമുകളിൽ വീശുകയാണ്.

—വാല്യ അധികം താമസിയാതെ പുലരി പൊട്ടിവിടരും. ജൂലായ് 15-ാംനു- ഞായറാഴ്ചയിലെ സുപ്രഭാതം;

—ഈ മുറിയിൽ തനിച്ചു നിങ്ങൾ കഴിക്കുന്ന അവസാനത്തെ രാത്രിയാണിത്;

—നാളെ ആരംഭിക്കുന്ന ആ നവജീവിതത്തിൽ എന്താണ് നിങ്ങളെ കാത്തിരിക്കുന്നത്?

വാല്യ: (മന്ത്രിക്കുന്നസ്വരത്തിൽ) എനിക്കറിയുകയില്ല.

ഗായകസംഘം: നീയെന്താണ് ചെയ്യുന്നത്. സമയം അതിക്രമിക്കുന്നതിന്നുമുമ്പു അതിനെ കുറിച്ചാലോചിച്ചുറപ്പിക്കു. നീ അയാളെ സ്നേഹിക്കുന്നില്ല എന്നു നല്ല നിശ്ചയമുണ്ടല്ലോ.

വാല്യ: (മൃദുസ്വരത്തിൽ) ഇല്ലെ? ആൎക്കറിയാം. യഥാൎത്ഥമെന്താണെന്നു എനിക്കുതന്നെ അറിയാൻ വയ്യ. സ്നേഹം, എന്താണീസ്നേഹം? എന്തുപോലിരിക്കുമതു്? ആൎക്ക് പറഞ്ഞുതരാൻ കഴിയും? (നിർബന്ധപൂർവ്വം) സർജിയെ ആദ്യമായി കണ്ട ദിവസത്തെപ്പററി എന്തിനാണ് ഞാൻ ഇടക്കിടെ ഓൎക്കുന്നത്. അയാൾ എൻെറ അടുക്കൽവന്ന് ഒരു തീപ്പെട്ടി വാങ്ങാൻ 20 കോപ്പേക്ക കയ്യിൽ തന്നു........ ഞങ്ങൾ ആദ്യം സംസാരിച്ചുതുടങ്ങിയപ്പോൾ എങ്ങനെയോ എനിക്കു തോന്നി പ്രിയമായ എന്തോ അയാൾ പറയുമെന്ന്.

ഗായകസംഘം: എത്ര അസാധാരണം........

വാല്യ: ഞാനന്നും വിക്ടറുടെ കൂട്ടുകൂടി നടക്കുകയായിരുന്നു. പക്ഷെ ഞാനോൎത്തിരുന്നതു് സർജിയെയാണ്. എപ്പോഴുമുണ്ടാകും അയാൾ എൻെറ മനസ്സിൽ. അയാളുടെ എഴുത്തുകൾക്കുവേണ്ടി ഞാൻ കാത്തിരിക്കുകയായിരുന്നു. എനിക്കറിയാമായിരുന്നു ആ എഴുത്തുകൾ അയാളുടെതാണെന്ന്.

ഗായകസംഘം: അപ്പോൾ നീ അയാളെ സ്നേഹിച്ചിരുന്നിരിക്കണം.

വാല്യ: ഉണ്ടായിരിക്കില്ല........എനിക്കറിയില്ല.

ഗായകസംഘം: നിനക്കറിയില്ല. എന്നാലും നിനക്കയാളുടെ ഭാര്യയാകണം.

വാല്യ: (കടുത്തസ്വരത്തിൽ) ഉവ്വ്, എനിക്കതാവണം അതിൽ എന്താണ് തെററ്. അദ്ദേഹം വളരെ ദയയുള്ള ആളാണ്.... എനിക്കീ ഏകാന്തത വെറുത്തുകഴിഞ്ഞു. ഞാൻ പരവശയായിരിക്കുന്നു........തീരെ തളൎന്നിരിക്കുന്നു. പിന്നെ ഈ വൃത്തികെട്ട കോപ്രാട്ടികൾ........എന്താണെനിക്കു മററുള്ളവരെക്കാളും ചീത്തത്തം. അദ്ദേഹത്തോടൊപ്പമാകുമ്പോൾ എല്ലാം ശരിപ്പെടും, ഇല്ലെ?

ഗായകസംഘം: വിക്ടരെപ്പററിയോ?

(പാശ്ചാത്തലത്തിൽ വിക്ടറുടെ മങ്ങിയരൂപം കാണാം.)

വിക്ടർ: ഞാൻ ഇന്നലെ വൈകുന്നേരം വന്നിരുന്നു. അതോൎമ്മയുണ്ടോ. ഞാനതു പറഞ്ഞപ്പോൾ നിനക്ക് വിശ്വാസമായില്ല........(അവളുടെ അടുത്തുചെന്നു ശാന്തമായി പറയുന്നു) വാല്യ എനിക്കു മാപ്പുതരു.

വാല്യ: എനിക്കു ദേഷ്യമൊന്നുമില്ല.

വിക്ടർ: നീയില്ലാതെ ഞാൻ എന്തു ചെയ്യുമെന്ന് എനിക്കറിയില്ല. നമുക്ക് രണ്ടുപേൎക്കുംകൂടി ഇവിടെനിന്നു പോകാം. നിനക്ക് നിർബന്ധമാണെങ്കിൽ നമുക്ക് വിവാഹം കഴിക്കാം. നിനക്കതാണ് വേണ്ടതെല്ലിൽ എനിക്കു അതിനും വിരോധമില്ല.

സമയമതിക്രമിച്ചു വിക്ടർ........നമ്മുടെഗാനം നിലച്ചു. ഗുഡ്ബൈ........

[അവർ വീണ്ടും തനിച്ചാകുന്നു]

ഗായകസംഘം: വാല്യ നേരമിപ്പോൾ പുലരും........ജനവാതിലിൽക്കൂടി നോക്കു. മഴയുള്ള പ്രഭാതമാണ് ഇന്ന്.

—ഞായറാഴ്ച-ജൂലായ് പതിനഞ്ചാംതിയതി രാവിലെ....

വാല്യ: എന്താണ് എനിക്കിത്ര പേടി........എനിക്കു ഭയമാകുന്നു. അദ്ദേഹത്തിൻെറ സ്നേഹിതർ ഒരിക്കലും അദ്ദേഹത്തിനു മാപ്പുകൊടുക്കുകയില്ല. ഞങ്ങളുടെ സമീപത്ത് നിന്നവർ ഓടിയകലും. ഞങ്ങാം നിരത്തിലൂടെ ലാത്താനിറങ്ങിയാൽ കണ്ടുനില്ക്കുന്നവർ ചിരിയ്ക്കും. വേണ്ട. ഞാനോടിപ്പോകുകയാണ് നല്ലത്.

ഗായകസംഘം: നേരം അതിക്രമിച്ചു! പറയുന്നത് കേട്ടുവോ? അതാ, ആരോ വാതിൽക്കൽ മുട്ടുന്നു. സർജിയാണത്. നിന്നെ കൊണ്ടുപോകാൻ വന്നതാണ്. നീ തീരുമാനിച്ചു കഴിഞ്ഞെങ്കിൽ പോയി വാതിൽ തുറന്നു കൈ കൊട്ടുക.

വാല്യ: ഞാൻ തീരുമാനിച്ചു കഴിഞ്ഞു (കിലുങ്ങുന്ന സ്വരത്തിൽ) അത് സർജിയാണോ?

സർജിയുടെ ശബ്ദം: അതേ, ഞാനിവിടെയുണ്ടു.

(ഒരു ഗാനയന്ത്രത്തിൻെറ നാദം. ഗായകസംഘം വാല്യയെ ശുഭ്രമായ വിവാഹവസ്ത്രമണിയിക്കുന്നു.)

വാല്യ: കടന്നു വരൂ, സർജി.

സർജി ഉമ്മറപ്പടിയിൽ വന്നു നില്ക്കുന്നു. ബാലാദിത്യത്തിൻെറ പ്രകാശധോരണിയിൽ അയാളുടെ ദേഹം മുങ്ങി നിൽക്കുകയാണ്.

സർജി: ഞാൻ നിന്നെ കൊണ്ടുപോകുവാൻ വന്നതാണ്.

വാല്യ: നോക്കു, സൂര്യൻ പ്രകാശം പരത്തുന്നു.

സർജി: അതെ മഴ മാറി.

വാല്യ: നമുക്ക് പോകാം.

സർജി: വാല്യ, ഞാൻ ഒററയ്ക്കല്ല.

ഗാനയന്ത്രത്തിൻെറ നാദധോര നിലയ്ക്കുന്നു. അതിനുപകരമിപ്പോാം അക്കോർഡിയൻെറ തെളിഞ്ഞ ശബ്ദപ്രവാഹമാ

ണ്. സർജിയുടെ അടുത്തായി ഡെന്നീസ്, അയാളുടെ സിങ്ക, സെർഡ്യൂക്ക്, ലാപ്ചെങ്കോ, റോഡിക്, അയാളുടെ സഹോദരി മായ, പിന്നേയും ആ പണി സംഘത്തിലെ ഒന്നോ രണ്ടോ ചെറുപ്പക്കാർ മുതലായവരെ കാണാം. ഒരാളുടെ കയ്യിൽ അക്കോഡിയനുണ്ട്. വേറെ ഒരാൾ ഗിത്താർ ശ്രുതി കൂട്ടുന്നു. എല്ലാവരുടെ കയ്യിലും പൂക്കൾ.

സർജി: വാല്യ, ഇതാ എൻെറ സ്നേഹിതന്മാർ. അവരെല്ലാവരും ഖനനയന്ത്രത്തിൽ പണിയെടുക്കുന്നവരാണ്.

മായ: മായ എന്നാണെൻെറ പേർ. ഞാൻ റോഡിക്കിൻെറ സഹോദരിയാണ്. ഇന്നലെയാണ് ഞാൻ മോസ്കോവിൽ നിന്നു വന്നത്. സ്കൂളിൽ പത്താം തരത്തിലേക്കു ജയിച്ചിരിക്കുന്നു. വെറുതെ സന്ദർശനത്തിനു വന്നതാണിവിടെ. ഞാനിതേവരെ ഒരു കല്ല്യാണത്തിനു പോയിട്ടില്ല............ എനിക്ക് വല്ലാത്ത ആവേശം തോന്നുന്നു. ഞാൻ നിങ്ങളെ ഉമ്മവെയ്ക്കട്ടെ? (വാല്യയെ ഉമ്മവെയ്ക്കുന്നു).

സർജി: നമുക്ക് പോകാം. (ഇടിമുഴക്കം.) നോക്കു, മഴയും വെയിലും ഒരുമിച്ചു. എന്തൊരു വിചിത്രമായ കൂട്ടുകെട്ട്.

സെർഡ്യൂക്ക്: (കല്പിക്കുന്നു) കുടകൾ പൊന്തട്ടെ!
(നിശ്ശബ്ദാഭിനയം.)

സംഗീതത്തിൻെറ പാശ്ചാത്തലത്തിൽ വിവാഹഘോഷയാത്ര ആനന്ദഭരിതരായി പട്ടണത്തിലൂടെ പോകുകയാണ്. കുടകൾ നിവർത്തിയിട്ടുണ്ട്. ഇടക്കിടെ വെള്ളം കെട്ടിക്കിടക്കുന്ന കൊച്ചു കുഴികൾ ചാടിക്കടക്കുന്നുണ്ട്.

ഗായകസംഘം: എന്തൊരു രസകരമായ കൂട്ടം.

—എങ്ങോട്ടാണവർ പോകുന്നത്?

—അതും ഈ മഴയത്ത്.

—നല്ല സുഹൃത്തുക്കൾ, നിങ്ങൾക്കറിയില്ലെ. ഇർക്കടസ്ഥിൻെറ അതൃത്തിയിൽ വിശേഷപ്പെട്ട ഒരു വീടുണ്ട്. നിങ്ങൾ ഒററക്കു കടന്നു പോകുന്നു, ദമ്പതികളായി തിരിച്ചു വരുന്നു. യക്ഷിക്കഥപോലുണ്ട്........അല്ലെ?

—അപ്പോൾ അതാണ്. ഇന്ന കൊല്ലം ഇന്ന മാസം ഇത്രാം തീയതി നിങ്ങളെ ആഹ്ലാദചിത്തനാക്കിയിരിക്കുന്നു എന്നെഴുതിമുദ്രകുത്തിയ കടലാസു നിങ്ങളെ ഏല്പിക്കുന്ന ഒരേ ഒരു സ്ഥാപനമാണിത്.

—കുഴപ്പമെന്താണെന്നാൽ—ഈ മന്ദിരം രണ്ടു കൂട്ടം കാര്യങ്ങളെ പൊറുപ്പിക്കുകയില്ല എന്നു ചിലർ മറക്കുന്നു—ധൃതി പിടിച്ച തീരുമാനങ്ങളെയും, ആവശ്യത്തിലധികം ചിന്തിച്ചുറപ്പിച്ചസംഗതികളെയും....

—പക്ഷെ നിങ്ങളതിനെ ധിക്കരിച്ചാൽ ഉടനടി നിങ്ങൾ ശിക്ഷിക്കപ്പെടും, എന്തെന്നാൽ നിങ്ങൾ ഒരു സ്ത്രീയുടെ കയ്യും പിടിച്ചുകൊണ്ടാണ് ആ വീട്ടിൽ നിന്നിറങ്ങുന്നത്. പക്ഷെ നിങ്ങൾ എന്തു കുഴപ്പത്തിലാണ് ചെന്നു ചാടിയിരിക്കുന്നത് എന്നൊട്ടുംതന്നെ അറിയുന്നില്ല.

—ഞാനൊരു കണ്ടുപിടുത്തക്കാരനല്ല എന്നത് വല്ലാത്ത കഷ്ടമായി. ഈ ജോഡികൾ അന്യോന്യം എത്ര കണ്ടു് സ്നേഹിക്കുന്നുണ്ട് എന്നറിയാൻ പററിയ ഒരു യന്ത്രം ഞാൻ കണ്ടു പിടിക്കുമായിരുന്നു; എന്നിട്ടു മാത്രമെ അവരെ വിവാഹം കഴിപ്പിക്കാമോ ഇല്ലയോ എന്നു തീരുമാനിക്കുകയുള്ളു.

—ഹോ, ആരെങ്കിലും ഒരാൾ അത്തരമൊരു യന്ത്രം കണ്ടുപിടിക്കുകയില്ലേ? സ്നേഹിതരെ, നമുക്ക് അത് അത്യാവശ്യമാണ്. നമുക്കിനി വേഗം, സർജിയും വാല്യയും കൂടെ

താമസിക്കാനെടുത്തിട്ടുള്ള ആ വീട്ടിൽ വെച്ചു നടക്കുന്ന വിവാഹവിരുന്നിന്നു പോകാം. ഭയങ്കരം, ഭയങ്കരം എന്നിങ്ങിനെയുള്ള അട്ടഹാസങ്ങൾ കേൾക്കാനുണ്ട്. വളരെയധികം തിന്നും കുടിച്ചും കഴിഞ്ഞിട്ടുണ്ട്. എനിക്കും നിങ്ങൾക്കും ബാക്കിയൊന്നും ഉണ്ടാവുകയില്ലെന്നാണെൻെറ ഭയം. വിവാഹരംഗം ദൃശ്യമാകുന്നു. ആരോ ഒരാൾ അക്കോർഡിയൻ വായിക്കുന്നുണ്ട്. അതിഥികൾ ഒരു സൈബീരിയൻ ഗാനമാലപിക്കുന്നു. സുബോധമില്ലാതെ പാടുന്ന പാട്ടല്ല. ഭംഗിയായി താളലയത്തോടെയാണ് പാടുന്നത്. ഗാനമവസാനിച്ചപ്പോൾ ആ ഗാനധാര ഉയർത്തിവിട്ട ചിന്താതരംഗങ്ങളിൽ ലയിച്ച അവർ ശാന്തരായി ഇരിക്കുകയാണ്.

സെർഡ്യൂക്ക്: പാട്ടിനെപ്പോലെ, പഴയ ഓർമ്മകളെ കുത്തിയിളക്കുവാൻ പററിയതായി വേറെയൊന്നുമില്ല.

മായ: ഭാവിയെപ്പററി ഒക്കാൻ അത് പ്രേരണ നൽകുന്നു.

ഡെന്നീസ്: ഇതൊരു നല്ല പാട്ടാണ്. ചിന്തിക്കാനുള്ള വക തരുന്നുണ്ട്.

(നിശ്ശബ്ദത)

ലാപ്ചെങ്കോ: പാട്ടൊക്കെ നന്ന്. പക്ഷെ ഈ നല്ല ഭക്ഷണങ്ങളോട് നീതി ചെയ്യുന്നതിനെപ്പററിയെന്തു പറയുന്നു.

റോഡിക്: പ്രമേയത്തെ പിൻതാങ്ങുന്നു. സർവ്വസമ്മതമായി അതു അംഗീകരിക്കപ്പെട്ടു. എല്ലാവരും ഉല്ലാസത്തോടെ ഭക്ഷണപദാൎത്ഥങ്ങളിലേക്ക് തിരിയുന്നു. ചിരിയും ശബ്ദായമാനമായ വൎത്തമാനങ്ങളും.

സിങ്ക: എല്ലാവരും ഒന്നു മിണ്ടാതിരിക്കുവിൻ. എനിക്കൊരുകാര്യം പറയാനുണ്ട്.

[പ്രസംഗം, പ്രസംഗം, എന്ന അട്ടഹാസങ്ങൾ. ബഹളം അല്പമൊന്നു കുറയുന്നു]

(ആത്മാത്ഥതയോടെ) സഖാക്കളെ. താഴെ കിടങ്ങിൽ പണിയെടുക്കുന്ന കോൺക്രീററ് ജോലിക്കാരായ ഞങ്ങൾ, ഖനനയന്ത്രത്തിൽ പണിയെടുക്കുന്ന നിങ്ങളെ ആദരപൂർവ്വമാണ് വീക്ഷിയ്ക്കാറ്. നിങ്ങളുടെതുപോലെയുള്ള ഒരു വലിയയന്ത്രം പ്രവത്തിപ്പിക്കുന്നതു് വളരെ എളുപ്പമല്ല എന്നറിയാമല്ലോ. ശരിയായ ഭക്ഷണവും വിശ്രമവും നിങ്ങൾക്ക് എത്രത്തോളം അത്യാവശ്യമാണെന്നും ഞങ്ങൾക്കറിയാം. അവിടെയാണ് ഒരു ഭാര്യയുടെ പ്രവത്തനരംഗം. അതാണവളുടെ കടമ. അതുകൊണ്ടു വാല്യ, ഞാൻ പറയുന്നു സർജിയെ ശരിയായി സംരക്ഷിക്കേണ്ടകാര്യം എപ്പോഴും ഓമ്മവേണം.

റോഡിക്ക്: ഓരോദിവസവും മൂന്നുനേരവും നല്ല ഭക്ഷണം. (ഹുറാ, ഹുറാ! പൊട്ടിച്ചിരികളും, ഗ്ലാസുകൾ കൂട്ടിമുട്ടുന്ന ശബ്ദവും)

ലാപ്ചെങ്കോ: ആരോ വാതിൽക്കൽ മുട്ടുന്നു.

(അതിഥികൾ നിശ്ശബ്ദരാകുന്നു)

വാല്യ: (വിളിക്കുന്നു) അകത്തേക്കു വരു.

ലാറിസ: (ഉമ്മറപ്പടിമേൽനിന്നു്) എന്നെ സ്വാഗതം ചെയ്യുമോ?

വാല്യ: (അവളുടെ സമീപത്തേക്ക് ഓടുന്നു) ലാറിസ ഓമനേ, നീ വന്നതു് എനിക്കെന്തുമാത്രം സന്തോഷമായി.

ലാറിസ: നിനക്ക് എന്നോടു ദേഷ്യമില്ലല്ലോ.

വാല്യ: നിനക്കാണ് ദേഷ്യം തോന്നേണ്ടതു്. അതുപോകട്ടെ. എനിക്ക് മാപ്പുതരു. എന്നെപ്പററി ചീത്തയായി ഒന്നുംതന്നെ വിചാരിക്കരുതെ, ഉവ്വോ?

ലാറിസ: കഴിഞ്ഞുപോയതെല്ലാം പോകട്ടെ....

(അവർ ചുംബിക്കുന്നു)

വാല്യ: വരു, ഞാൻ നിന്നെ പരിചയപ്പെടുത്തട്ടെ. ഇതു് എൻെറ സ്നേഹിത, ലാറിസ.

സെർഡ്യൂക്ക്: (ഉന്മേഷത്തോടെ) നേരം വൈകിവന്നതിനുള്ള ശിക്ഷ. (പാനീയം ഒരു ഗ്ലാസ്സ് നിറച്ചവാൾക്ക കൊടുക്കുന്നു് അവാൾ തട്ടുന്നു) നല്ലതാണ്! (സ്വയം പരിചയപ്പെടുത്തുന്നു) ഞാൻ സ്റ്റീപൻ യെഗറോവിച്ച് സെർഡ്യൂക്ക്. വരു, എന്റെ അടുക്കൽ ഇരിക്കു.

ലാപ്ചെങ്കോ: ആരോ ഒരാൾകൂടി മുട്ടുന്നുണ്ട്. ഉനിയുമുണ്ട് അതിഥികൾ.

(വീണ്ടും നിശ്ശബ്ദത)

വാല്യ: അകത്തേക്കു വരു.

(വിക്ടർ വരുന്നു. അയാളുടെ കണ്ണുകൾ സാവധാനത്തിൽ അവിടെ കൂടിയിരുന്നവരിലെല്ലാം സഞ്ചരിച്ച് വാല്യയുടെ മുഖത്തു് തങ്ങുന്നു. അയാൾ അവളെ സമീപിക്കുന്നു.

വിക്ടർ: (മെല്ലെ മെല്ലെ) ഞാൻ നിനക്ക് മംഗളമാശംസിക്കുന്നു.

വാല്യ: (പതുക്കെ) വിക്ടർ........

വിക്ടർ: ഇതാ എന്റെ ഓർമ്മയ്ക്കായി ഒരു സമ്മാനം.

(ഒരു മോതിരം അവളുടെ കയ്യിൽ കൊടുക്കുന്നു)

വാല്യ: നന്ദി.

വിക്ടർ: (സർജിയുടെ അടുത്തുപോയി, അയാളെ കെട്ടിപ്പിടിച്ചു ചുംബിച്ചു പുറത്തു് കളിയായി തട്ടുന്നു.) ഇതാണ് അതിന്റെ അവസാനം.

(അക്കോർഡിയനിൽ ഒരു റഷ്യൻ നാടോടി നൃത്തത്തിന്നു താളം ഉയരുന്നു)

സെർഡ്യൂക്ക്: ആക്കാണ് നൃത്തംചെയ്യേണ്ടതു്?

വാല്യ: ലാറിസ, നാടോടി നൃത്തത്തിൽ അവാൾ ബഹുവിദഗ്ധയാണ്. വരു ലാറിസ; നിന്റെ മിടുക്കൊന്നു കാണിച്ചുകൊടുക്കു.

(ലാറിസ വികാരാവേശത്തോടെ അയത്നലളിതമായി നടനംചെയ്യുന്നു)

വിക്ടർ: (പരുപരുത്ത സ്വരത്തിൽ) ഇനി, ഞങ്ങൾ നൃത്തം വെക്കട്ടെ. ലോഷ്യ, ഞങ്ങൾക്കുവേണ്ടി ഇത്രയും ചട്ടലമല്ലാത്ത ഒരു താളം ഉയർത്തു. ഇടക്കിടെ വ്യതിയാനങ്ങളോടുകൂടിയ ഒരു താളം....

(വിക്ടർ മന്ദമായ കാൽവെപ്പോടെയാണ് നൃത്തം തുടങ്ങുന്നതു്. പിന്നീടു് തല പിന്നോക്കംതള്ളി അയാൾ ഭയങ്കരമായ ഒരു വശ്യനൃത്തം നടത്തുന്നു. ആക്രമതിൽ നിരാശയുടെ ശകലം കലൻ്റിട്ടുണ്ടു് എന്നു മനസ്സിലാകും. പ്രേക്ഷകരുടെ അട്ടഹാസവും കൈകൊട്ടും സംഗീതത്തെക്കാൾ ഉയൻ്റുകേൾക്കാം. വിക്ടറും ലാറിസയും ഭയങ്കരമായ അഭിനന്ദങ്ങളുടെ നടുക്ക്വെച്ചു നൃത്തമവസാനിപ്പിക്കുന്നു.

സിങ്ക: വിശേഷമായി ലാറിസ.

ഡെന്നീസ്: നമ്മുടെ വിക്ടർ, രസികൻതന്നെ.

ലാപ്ചെങ്കോ: അതാണവരുടെ മിടുക്ക്!

വിക്ടർ: (സ്വഗതമായി) ഗുഡ്ബൈ, വാല്യ.

സെർഡ്യൂക്ക്: നിങ്ങൾക്കു വേണ്ടി കുടിക്കുക ഒരാനന്ദമാണ്.... നല്ല നടനമായിരുന്നു. നിങ്ങൾ ഒരു ദീപശിഖപോലിരുന്നു.

ലാറിസ: ചൂടു് അധികമില്ല എന്നാണെൻ്റെ ബോദ്ധ്യം.

സെർഡ്യൂക്ക്: എനിക്കയെമ്പതു വയസ്സായി. ഇത്രകാലം നീയെവിടെയായിരുന്നു.

ലാറിസ: എല്ലാദിക്കിലുമുണ്ടായിരുന്നു, എന്നാൽ ഒരു ദിക്കിലുമുണ്ടായിരുന്നില്ല; സഖാവ് സെർഡ്യൂക്ക്.

മായ: ഹോ വാല്യ; ജീവിച്ചിരിക്കുന്നിടത്തോളം കാലം ഞാനീ ദിവസം മറക്കില്ല. ഞാനൊരു സാധാരണ മോസ്കോപെൺ

കുട്ടിയാണ്. റോഡിക എങ്ങിനെയാണ് ജീവിക്കുന്നത്, ആരൊക്കെയാണ് അയാളുടെ സ്നേഹിതർ, എന്നൊക്കെ അറിയുവാൻ എനിക്കു വലിയ മോഹമായിരുന്നു. അമ്മയ്ക്കു് ഇതെല്ലാമറിയാൻ അതിയായ വെമ്പലാണ്. ഇങ്ങനെ വല്ലാതെ വായാടിയാകുന്നതിനു മാപ്പ് തരണം. ഞാൻ കുറച്ചധികം കുടിച്ചുവെന്നു തോന്നുന്നു. പക്ഷെ നാമിതു ആരോടും പറയുകയില്ല ഉവ്വോ? എനിക്ക് വിവാഹങ്ങൾ വലിയ ഇഷ്ടമാണ്. നിങ്ങൾക്കു തീർച്ചയായും വളരെ സന്തോഷമായിരിക്കും. സ്നേഹിക്കുന്ന ഒരാൾക്കുവേണ്ടി നിങ്ങൾ സ്വയം കാത്തു രക്ഷിക്കപ്പെടുകയായിരുന്നു എന്നറിയുതു് വളരെ ആനന്ദദായകമാണ് അല്ലെ. നിങ്ങളുടെ വിവാഹവസ്ത്രംപോലെ തന്നെ സുന്ദരവും പരിശുദ്ധവുമായാണ് നിങ്ങൾ സ്വയം കാത്തുസൂക്ഷിച്ചിരുന്നത് എന്നത് നിർവൃതിജനകമല്ലെ? ഹൗ നിങ്ങളെന്തിനാണ് കരയുന്നതു്. വാല്യ, കരയരുതെ. നിങ്ങളുടെ സർജിയെ ഒന്നു നോക്കു. നിങ്ങളോടുള്ള സ്നേഹംകൊണ്ട് ആ കണ്ണുകൾ വെട്ടിതിളങ്ങുന്നത് കാണു. വാസ്തവത്തിൽ നിങ്ങളുടെ ആനന്ദം കാണുമ്പോൾ എനിക്കസൂയ തോന്നുന്നു........(അവൾ വാല്യയെ കെട്ടിപിടിക്കുന്നു)

അക്കോർഡിയൻ പഴയമട്ടിലുള്ള ഒരു വാൾട്സ് നൃത്തത്തിനു താളമിടുന്നു. ചില ജോഡികൾ എഴുന്നേററു ഗാനത്തിനൊപ്പം നടനം ചെയ്യുന്നു.

സർജി: (വാല്യയുടെ അടുത്ത് ചെന്ന്) വാല്യ കരയരുത്,വാല്യ, ഒന്നുകൊണ്ടും കരയരുത്.

വാല്യ: എനിക്ക്........എനിക്ക് അടക്കാൻ കഴിയുന്നില്ല.

സർജി: കഴിയും. തീർച്ചയായും സാധിക്കും. എല്ലാമെല്ലാ കുഴപ്പങ്ങളും താമസിയാതെ വിസ്മരിക്കപ്പെടും.

വാല്യ: വാസ്തവത്തിൽ അതുണ്ടാകുമോ?

സർജി: ഉവ്വ്, നോക്കിക്കോളൂ.

വാല്യ: വളരെ നന്ദി, സർജി (അയാളെ കെട്ടിപിടിക്കുന്നു),

അവർ രണ്ടുപേരുംകൂടെ നൃത്തം ചെയ്യുന്നു.

സെർഡ്യൂക്ക്: സ്നേഹിതരെ, സ്ഥലം കൊടുക്കൂ. നവദമ്പതികൾ ഡാൻസുചെയ്യട്ടെ. (നൃത്തക്കാർ ഭാര്യാഭർത്താക്കന്മാരെ തനിയെ നൃത്തം ചെയ്യാൻ വിട്ടു് പിൻവാങ്ങുന്നു. വാല്യയുടെ കൈ സർജിയുടെ തോളിൽ തളിർപോലെ പതിഞ്ഞിരിക്കുന്നു. സ്നേഹത്തിൻെറയും വാത്സല്യത്തിൻെറയും ആവേശപാരമ്യതയിലാണവർ നൃത്തം ചെയ്യുന്നത്. തല പിന്നോക്കം തള്ളിയിരിക്കുന്നു. ദേഹം ഗാനത്തോടൊപ്പിച്ചു ഉലയുന്നുണ്ടു്)

ഗായകസംഘം: വിവാഹനൃത്തം. വല്ലപ്പോഴും ഇതു് മറക്കാനവർക്കു കഴിയുമോ? വർഷങ്ങൾ കഴിയും, പലതും അവരുടെ സ്മരണമണ്ഡലത്തിൽനിന്നു മാഞ്ഞുപോകും. പക്ഷെ വിവാഹദിവസം അവർ ചെയ്ത ആ നൃത്തത്തിൻെറ ആത്മാർത്ഥമായ, ലഘുവായ, ആ ഗാനധാര എന്നുമെന്നും, വളരെക്കാലം മുമ്പു കഴിഞ്ഞുപോയ ആ സായാഹ്നത്തെക്കുറിച്ചോർമ്മിപ്പിക്കും.

—അവർ വേർപെട്ടേക്കും, അവർ അന്യോന്യം പിരിഞ്ഞേക്കും—അതുമല്ലെങ്കിൽ ഒരു പുതിയ പ്രേമത്തിൻെറ ദീപ്തി അവരുടെ മാർഗ്ഗത്തെ പ്രകാശിപ്പിച്ചേക്കും—പക്ഷെ എന്തു തന്നെ സംഭവിച്ചാലും ഒരു വാൾട്ട്സിൻെറ പാശ്ചാത്തല സംഗീതം കേൾക്കുമ്പോൾ അവർ അന്യോന്യമോർക്കും, അവരുടെ ഹൃദയങ്ങളിൽ ആനന്ദവും നന്ദിയും ഉദിക്കും.

(അതിഥികൾ ഓരോരുത്തരായി ആ മുറിവിടുന്നു)

ഗായകസംഘം: ഇനിയിപ്പോൾ; വാൾട്ട്സ് വെറുമൊരു ഓർമ്മ മാത്രമായി അവശേഷിക്കുമ്പോൾ, ഈ സായാഹ്നം, ഈ

രാത്രി തികച്ചും നിങ്ങളുടേതാണ്. വേറെയൊന്നും നിങ്ങൾക്കു നിലവിലില്ല.

(വാൾട്സിൻെറ ശ്രുതി നിൽക്കുന്നു)

(രാത്രിയായി. മുറിയിൽ സർജിയും വാല്യയും മാത്രമെയുള്ളു)

ഗായകസംഘം: വാല്യ, സർജി, കേട്ടുവോ. അതിഥികളെല്ലാ വരും സ്ഥലംവിട്ടുകഴിഞ്ഞു. വാതിലടച്ചിരിക്കുന്നു. ഇവിടെ നിങ്ങൾ മാത്രമേയുള്ളു; നിങ്ങൾ തനിയെ.

വാല്യ: സമയമെന്തായി? ഹോ! എൻെറ തലതിരിയുന്നു.

സർജി: ഒന്നര.

വാല്യ: ഒന്നരയോ? (ചിരിക്കുന്നു) ഇങ്ങിനെ ഒരു വിഡ്ഢിച്ചോദ്യം ചോദിക്കുന്നതിനെപ്പററി ഒന്നു ഓർത്തുനോക്കു. (കുറച്ചുനേരത്തേക്കവൾ മിണ്ടാതിരിക്കുന്നു.) സർജീ........സർജീ........ എന്താണ് നിങ്ങളുടെ അമ്മയുടെ പേർ?

സർജി: പോളിൻ.

വാല്യ: ഞാനവരെ ആത്മാർത്ഥമായി സ്നേഹിക്കും. ആയിക്കോട്ടെ?

സർജി: തീർച്ചയായും.

വാല്യ: അങ്ങിനെതന്നെ നിങ്ങളുടെ സഹോദരിമാരേയും. അവർ രണ്ടുപേരുണ്ട്, ഇല്ലെ?

സർജി: അതെ.

വാല്യ: ഞാനവരെ രണ്ടുപേരേയും ഇഷ്ടപ്പെടും. സർജി, അവക്കെന്നെ ഇഷ്ടമാകുമോ?

സർജി: തീർച്ചയായും.

വാല്യ: ഞാൻ കുറെയേറെ വീഞ്ഞു കുടിച്ചു.... അതുകൊണ്ടാണ് ഞാനിങ്ങനെ അധികം സംസാരിക്കുന്നത്. എനിക്കു സംസാരിക്കണം.... വിരോധമില്ലല്ലോ?

സർജി: മടിക്കാതെ പറയൂ.

വാല്യ: ഞാൻ ആലോചിക്കുകയാണ്. നിങ്ങൾ എന്നെ ഇതേ വരെ, ഒരിക്കൽ പോലും ചുംബിച്ചിട്ടില്ലല്ലോ, എന്താണത്?

സർജി: (പതുക്കെ) ഞാൻ ചുംബിക്കാം.

വാല്യ: (പതുക്കെ) എപ്പോൾ.

സർജി: നീയുണരുമ്പോൾ.

വാല്യ: ആ ഗാനശില്പത്തിലെ ഉറങ്ങുന്ന സുന്ദരിയെപ്പോലെ, അല്ലേ? ചെയ്ക്കോവസ്കിയുടെതാണ് സംഗീതം?

സർജി: ഉം....

വാല്യ: ഞാനത് റേഡിയോവിൽ കേട്ടു. (കസേരയിൽ ഇരുന്നു വിറയ്ക്കുന്നു) അതെ....എനിക്ക് വല്ലാതെ ഉറക്കം വരുന്നു.... അറിയാമോ. ഞാനൊരു മറയിയാണ്.... അല്ലെ? സംസാരിക്കരുതെ.... ഒരൊററ വാക്ക് പോലും മിണ്ടല്ലെ.... എനിക്കു വളരെ സന്തോഷമായി. ഞാൻ നിങ്ങളുടെ ഭാര്യയാണ്.... അല്ലെ....? ഹാ എത്ര നല്ല സ്നേഹിതരാണ് നിങ്ങളുടെ.... ഞാൻ ഉറങ്ങട്ടെ? സർജി നിങ്ങൾക്കതിൽ വിരോധമൊന്നുമില്ലല്ലോ....

അയാൾ അവളെ കെട്ടിപ്പിടിക്കുന്നു. വേഗം പ്രഭാതമാകും, ഇല്ലേ. അപ്പോൾ നിങ്ങളെന്നെ ചുംബിക്കും. ഇല്ലെ? അങ്ങിനെ ചെയ്യില്ലെ? നിങ്ങളുടെ കൈലേസ് ഒന്നുതരൂ....

സർജി: എന്തിനാണ്.

വാല്യ: നോക്കൂ, ഞാനതെല്ലാം തുടച്ചു കളഞ്ഞിരിക്കുന്നു. ചുണ്ടിലെ ചായത്തിൻെറ ഒരു തരിപോലും അവശേഷിച്ചിട്ടില്ല. അതുകൊണ്ടു ദയവായി, ദയവായി, കാലത്ത് നിങ്ങൾ ഒന്നിനെ പററിയും വ്യസനിക്കേണ്ട.

സർജി: (അവളെ കിടക്കമേൽ കിടത്തുന്നു). ശരി, ഇനി ഉറങ്ങി ക്കോളൂ....

വാല്യ: ഞാനുറങ്ങി കഴിഞ്ഞു........ഞാൻ സ്വപ്നം കണ്ടു തുടങ്ങിയിരിക്കുന്നു. നിങ്ങളിതാ ഒരു തോണിയിൽ കയറി തുഴഞ്ഞു കൊണ്ടു എന്റെ അടുത്തേക്കു വരുന്നു. (മൃദുസ്വരത്തിൽ) നാം എപ്പോഴും ഒരുമിച്ചു കഴിയും, ഇല്ലേ സർജി; നമുക്ക് വയസ്സായി പരിക്ഷീണരായിത്തീരുമ്പോഴും....

സർജി: മരണം വരെ.

വാല്യ: അതു വളരെ നന്നായി....

വിദൂരതയിൽ നിന്നൊരു ഓർഗന്റെ ശബ്ദം. വാല്യ ഉറങ്ങി. സർജി അവളുടെ കട്ടിലിന്നരികിൽ മുട്ടുകുത്തിനിന്നു അവളെ തന്നെ നോക്കുന്നു. ഗായകസംഘം പതുക്കെ ഒരു യവനിക താഴ്ത്തുന്നു—അവളുടെ വൈവാഹിക വസ്ത്രം പോലെ തന്നെ ശുഭ്രവും മൃദുലവുമായ ഒരു യവനിക.

ഗായകസംഘം: (വളരെ പതുക്കെ) ഭൂമിയെ പ്രളയത്തിലാഴ്ത്താനെന്നപോലെ മഴ തകൎത്തു പെയ്യുന്നു.

—ചെറിയ ചെറിയ അരുവികൾ, തലേ ദിവസത്തെ അവശിഷ്ടങ്ങളെ തുടച്ചു മാററിക്കൊണ്ടു പാഞ്ഞൊഴുകുന്നു.

—മഴ ഭൂമിയെ വൃത്തിയാക്കുകയാണ്.

[ഒന്നാം ഭാഗം അവസാനിച്ചു.]

★

5363

## ഭാഗം രണ്ട്

[താരാട്ടിൻെറ ഛായയുള്ള ഒരു ഗാനശകലം മെല്ലെ മെല്ലെ ഒഴുകി വരുന്നു. ഒരു പ്രകാശ രശ്മിയോടൊപ്പം സർജി പ്രത്യക്ഷപ്പെടുന്നു. പോക്കററിൽ കൈകൾ തിരുകി ചിന്താമഗ്നനായി സർജി നിശ്ശബ്ദനായി കുറച്ചകലെ നില്ക്കുന്നു. ഗായകസംഘം.]

ഗായകസംഘം: (സഭാവാസികളെ നോക്കി) സർജി, അതെങ്ങിനെയായിരുന്നു എന്ന് ഓർക്കുന്നുണ്ടോ? കാലത്തെ അവർ വന്ന് അവളെ കൂട്ടി കൊണ്ടുപോയി. ആ ദിവസത്തിൻെറ ബാക്കി മുഴുവനും നിങ്ങൾക്കു ഒരു ദുസ്വപ്നം പോലെയായിരുന്നു.

—നിങ്ങൾക്കു പ്രവൃത്തിയിൽ മനസ്സു ചെലുത്തുവാൻ സാധിച്ചില്ല, നിങ്ങൾക്കു അവളെ കുറിച്ചു മാത്രമെ ചിന്തിക്കുവാനായുള്ളു, ഇടക്കിടെയെല്ലാം നിങ്ങൾ ആസ്പത്രിയിൽ പോയി അന്വേഷിച്ചിരുന്നു.

—പണി കഴിഞ്ഞ ഉടനെ നിങ്ങഠം ഇങ്ങോട്ട് ഓടി, ഈ ജനവാതിലിൻെറ ചുവട്ടിൽ ഉല്ക്കണ്ഠയോടെ, പരിഭ്രാന്തിയോടെ, കാത്തുനിന്നു. ഒരു നൃവപ്രാവശ്യം ഡ്യൂട്ടി നേഴ്സിനോട് ചോദിക്കവാൻ നിങ്ങഠം പാഞ്ഞു.

സർജി: (മന്ത്രിക്കുന്ന സ്വരത്തിൽ) അവഠംക്ക് എങ്ങനെയിരിക്കുന്നു? വിവരമൊന്നുമില്ലേ.?

ഗായകസംഘം: ഓർമ്മയുണ്ടോ, സർജി.

സർജി നിരത്തിൽപോയി, ഒരു വാതിൽക്കൽ ചെന്നു നിന്നുജനവാതിലിന്നുള്ളിലേക്ക് നോക്കുന്നു. പെട്ടെന്നു ഒരു ബെഞ്ചിൽ ഇരുന്നു വിദൂരതയിലേക്ക് നോക്കുന്നു. ഏതാണ്ട പത്ത് വയസ്സായ ഒരാൺകുട്ടി വരുന്നു.

ആൺകുട്ടി (കുറച്ചു നേരം നിശ്ശബ്ദനായി അയാളെതന്നെ നോക്കി നിന്നതിനുശേഷം) നിങ്ങളുടെ മകനെ പ്രസവിക്കുകയാണോ?

സർജി: അതാണെൻെറ വിചാരം........

ആൺകുട്ടി: ആ റോഡിൽ ഒരു വീട്ടിലാണ് ഞാൻ താമസിക്കുന്നത്. നിങ്ങളെപ്പോലെ വേറെയും ആഠംക്കർ ഈ ബെഞ്ചിൽ ഇങ്ങനെ ഇരിക്കുന്നത് ഞാൻ കാണാറുണ്ട്. എനിക്കതു പരിചയമാണ്. ചിലർ എനിക്കു മധുരപലഹാരങ്ങഠം തരും.

സർജി: വ്യസനമുണ്ട്. പക്ഷെ എൻെറ കയ്യിൽ ഒന്നുമില്ല.

ആൺകുട്ടി: ഹേം, അതു സാരമില്ല. നിങ്ങഠംക്കറിയാമോ എത്രയെത്ര കുട്ടികളാണ് ഇതിന്നകത്ത് നിന്ന് വന്നിട്ടുള്ളതെന്നു്. ആയിരക്കണക്കിന്ന്.

സർജി: അതുനന്നായി.

ആൺകുട്ടി: പക്ഷെ വിചിത്രമായിരിക്കുന്നില്ലേ. ഈ നിമിഷത്തിൽ യാതൊന്നുമില്ല. പക്ഷെ അടുത്ത നിമിഷത്തിൽ ആരോ വരുന്നു—ഒരാൺകുട്ടിയോ, പെൺകുട്ടിയോ.

സർജി: (അല്പമൊരു പരിഭ്രാന്തിയോടെ) കൊള്ളാം....അങ്ങിനെയാണത് സഹോദര. എന്താണ് നിങ്ങളുടെ പേർ.

ആൺകുട്ടി: ആൻറൺ. ചെലാബിൻസ്കിയാണ് രാജ്യം.

സർജി: ആൻറൺ, വലുതാകുമ്പോൾ ആരാകണമെന്നാണ് നിൻെറ ആഗ്രഹം.

ആൺകുട്ടി: ഒരു ഡോക്ടർ.

സർജി: തീരുമാനിച്ചു കഴിഞ്ഞോ?

ആൺകുട്ടി: ഉവ്വ്, കഴിഞ്ഞ ശനിയാഴ്ച മുതൽ. അതിനുമുമ്പു എനിക്കൊരു യാത്രക്കാരനാകാനായിരുന്നു ഇഷ്ടം. എന്നാൽ എല്ലാ ദിക്കിലും സഞ്ചരിക്കാമല്ലോ. ഒരു കാര്യം ചിന്തിക്കാൻ പററുമോ. ഞങ്ങളുടെ പറമ്പിൽ ഒരു പെൺകുട്ടിയുണ്ട്. ചാർളി ചാപ്ലിൻ എന്നൊരാൾ ഉണ്ടന്നേ അവൾ വിശ്വസിക്കുന്നില്ല.

സർജി: (ഉദാസീനതയോടെ) പറയൂ........

ആൺകുട്ടി: ഞാൻ നിങ്ങൾക്കു മംഗളമാശംസിക്കുന്നു. (സർജിയുടെനേക്കു കൈനീട്ടുന്നു)

സർജി: ഇതു പറയാൻ ആരാണ് നിന്നെ പഠിപ്പിച്ചതു്?

ആൺകുട്ടി: എൻെറ അമ്മൂമ്മ. അവിടെ ആ ബെഞ്ചിൽ ആരെങ്കിലും ഇരിക്കുന്നതുകണ്ടാൽ നീ അവർക്ക് മംഗളമാശംസിക്കണം, എന്നാണവർ പറഞ്ഞതു്.

സർജി: അമ്മൂമ്മയോട് എൻെറ അന്വേഷണം പറയണം. പറയുമോ?

ആൺകുട്ടി: നന്ദി. (പോകുന്നു)

(സർജി എഴുന്നേററ് ജനവാതിൽക്കലേക്ക് പോകുന്നു. പ്രവേശനദ്വാരത്തിൽ ഒരു നേർസ് പ്രത്യക്ഷപ്പെടുന്നു)

നേർസ്: സെറ്യോജിൻ.

സർജി: (ചാടിയെഴുന്നേററ്) എന്താ?

നേർസ്: നിങ്ങൾക്കകത്തുപോകാം. അവർ കാത്തിരിക്കുക യാണ് നിങ്ങളെ.

സർജി: എല്ലാം........എല്ലാം ശരിയായോ?

നേർസ്: (പുഞ്ചിരിയോടെ) അവിടെ ഒരതിശയം ഉണ്ട്. വേഗം പൊയ്ക്കോളു. (പോകുന്നു)

(സർജി അവരുടെ പിന്നാലെ ധൃതിയിൽ അകത്തേക്കുപോകുന്നു.)

ഗായകസംഘം: ഒരു പൗരൻ പിറന്നിരിക്കുന്നു. ചെറിയ ചെറിയ മണികളുടെ ആഹ്ലാദനിനദം—കുട്ടികളുടെ കളിപ്പാട്ടങ്ങളിലെ കിങ്ങിണികൾ കിലുങ്ങുന്നപോലുള്ള ശബ്ദം—ഒരു കുട്ടി ജനിച്ചിരിക്കുന്നു........ഒന്നല്ല, രണ്ടു കുട്ടികൾ, ഒരാണും ഒരു പെണ്ണും. അവരുടെ മാതാപിതാക്കൾ അവരെ ഫ്യോഡോർ എന്നും ലീനയെന്നും വിളിക്കും. —സെറൊജ്യൻ ഇരട്ടകൾ........അവരെ ഒരേ മാതിരി വസ്ത്രംധരിപ്പിക്കും.... അവരുടെ മാതാപിതാക്കന്മാക്കുപോലും അവരെ തിരിച്ചറിയാൻ പ്രയാസമാകും. —ഒരു ദിവസം കൈകൾകോത്തുപിടിച്ചു അവർ സ്ക്കൂളിലേക്കുപോകും........പൂച്ചെണ്ടുകൾ കയ്യിൽപ്പിടിച്ച രണ്ടു കൊച്ചുമനുഷ്യർ.

—നമുക്കവർക്ക് വിജയമാശംസിക്കുക. ലീന, ഫ്യോഡോർ; നിങ്ങൾക്കു നല്ലതുവരട്ടെ. ജീവിതത്തിലെ മിനുസമേറിയ, പൂവിരിച്ച പന്ഥാവല്ല ഞങ്ങൾ ആശംസിക്കുന്നതു്. സർജി

ആ കെട്ടിടത്തിനകത്ത് നിന്നു വരുന്നു. ആനന്ദം കൊണ്ടും അഭിമാനം കൊണ്ടും അയാൾക്ക വീർപ്പു മുട്ടുകയാണ്. വെട്ടിത്തിളങ്ങുന്ന നയനങ്ങളോടെ അയാൾ നാലു ഭാഗവും നോക്കുന്നു.

സർജി: ഒന്നിതിനെക്കുറിച്ചോർത്തുനോക്കു; വാല്യ; എൻെറ ഓമന വാല്യ!

[സർജി, താൻ ആദ്യം കണ്ട മുട്ടിയ ആളെ ചുംബിക്കുന്നു — തനി അപരിചിതനായ ഒരാളെ. അയാൾ ഓടിപ്പോകുന്നു. വയലിൻ, മാൻഡോളിൻ, ഇവയിൽ നിന്ന് ഒരു സംഗീതത്തിൻെറ മൃദുശ്രുതിയുയരുന്നു.]

ഗായകസംഘം: [അക്ഷമയോടെ, ഉല്ലാസയോടെ] നിങ്ങൾ കാത്തിരുന്ന ആ സുദിനം ഒടുവിലിതാ ആഗതമായിരിക്കുന്നു... നിങ്ങൾ കുടുംബത്തെ വീട്ടിലേക്കു കൊണ്ടുപോകുന്ന ദിവസം.

—സർജി ഇനിയൊരിക്കലും നിങ്ങൾ തനിച്ചാവുകയില്ല. ഇപ്പോൾ രണ്ടു സെറ്യോജിൻമാർ കൂടിയുണ്ടല്ലോ.

—ഈ ദിനം നിങ്ങളൊരിക്കലും മറക്കുകയില്ല. പക്ഷെ നിങ്ങളിപ്പോൾ പോകണം. നിങ്ങളുടെ സ്നേഹിതന്മാർ നിങ്ങളെ കാത്തു നില്ക്കുകയാണ്.

നിശ്ശബ്ദദൃശ്യം (പാൻടോമൈം)

[ഖനനയന്ത്രത്തൊഴിലാളികൾ പ്രസവാസ്പത്രിയിലേക്കു പോകുകയാണ്. എല്ലാവരുടെ കയ്യിലുമുണ്ട് ഓരോ പൊതിക്കെട്ട്. രണ്ടു കൊച്ചുസവാരിവണ്ടികൾ തള്ളിക്കൊണ്ട് സർജിയുണ്ട് മുമ്പിൽ. ആ തിരിവിൽ വെച്ചു ലാറിസയും സിങ്കയും ഘോഷയാത്രയിൽ ചേരുന്നു. മഞ്ഞു പൊഴിയുന്നുണ്ട്.... വേനൽ കാലത്തെ അവസാന മഞ്ഞ്, ഏപ്രിലിലെ മൃദുലമായ ഹിമപാതം.

ഘോഷയാത്ര ആസ്പത്രിയുടെ പുറത്തുള്ള ആ ബെഞ്ചിൻെറ അടുക്കലെത്തി, അവിടെ നില്ക്കുന്നു. അതിൽ ഒരു കാവൽ മാലാഖയെപ്പോലെ ആൻറൺ ഇരിക്കുന്നുണ്ട്. സർജി അവൻെറ അടുക്കൽ പോയി ഒരു പെട്ടി മധുരപലഹാരം കൊടുക്കുന്നു. വാല്യ, ഒരു നേർസിനാൽ അനുഗതയായി വാതിൽക്കൽ പ്രത്യക്ഷപ്പെടുന്നു. അവളുടെ മുഖത്ത് ലജ്ജാമധുരമായ ഒരു പ്രകാശമുണ്ട്. സർജി അവൾക്കൊരു പൂച്ചെണ്ട് സമ്മാനിക്കുന്നു. അവൾ അയാളെ ഉമ്മവെച്ചു, ഒരു കൊച്ചുകുഞ്ഞിനെ കയ്യിൽ കൊടുക്കുന്നു. സർജി ശങ്കയോടെ അതിനെ എടുത്ത് വളരെ കരുതലോടെ സവാരിവണ്ടിയിൽ കിടത്തുന്നു. എല്ലാവരും കെട്ടിപ്പിടിക്കാനും ഉമ്മ വെയ്ക്കാനുമായി വാല്യയെ വളയുന്നു. നേർസ് മററെ കുഞ്ഞിനെ സർജിയുടെ കയ്യിൽ കൊടുക്കുന്നു. സവാരിവണ്ടി ശരിയാക്കുന്നതു വരെ പിടിക്കാനായി സർജി അതിനെ വിക്ടറുടെ കയ്യിലേല്പിക്കുന്നു. വിക്ടർ ആദ്യം കുഞ്ഞിനെയും പിന്നെ വാല്യയേയും നോക്കുന്നു. സർജി കുട്ടിയെ സവാരിവണ്ടിയിൽ കിടത്തി ആൻറണെ സമീപിച്ചു വളരെ ഗൗരവത്തോടെ അവനു ഹസ്തദാനം ചെയ്യുന്നു. സർജിയും വാല്യയും കൂടിച്ചേർന്നു നിന്ന് സവാരിവണ്ടിയുന്തിക്കൊണ്ടു മുന്നിൽ. ആ ജാഥ പതുക്കെ വീട്ടിലേക്കു നീങ്ങുകയാണ്. ഒരു വളവിലെത്തിയപ്പോൾ വിക്ടർ ആരും കാണാതെ പിൻമാറി, തൻെറ കൂട്ടുകാരെ തനിയെ വിടുന്നു. തൻെറ കോളർ ഉയർത്തി പിടിച്ച് അയാൾ ആ യാത്ര നീങ്ങുന്നത് നോക്കി നിൽക്കുകയാണ്. അയാൾ തനിച്ചാണ്. വയലിനും മാൻഡോളിനും ആലപിച്ചിരുന്ന ആ ഉല്ലാസ ഗാനം നിലയ്ക്കുന്നു.]

ഗായകസംഘം: എന്താണിതു വിക്ടർ?

വിക്ടർ: ജീവിതത്തിൻെറ ദീപം കെട്ടടങ്ങി (ഇരുട്ടിലേക്കു മറയുന്നു).

[ഒരൊററ വയലിനിൽ നിന്നുതിരുന്ന താരാട്ടു പാട്ട്. ഇരുട്ടിൽ നിന്ന്, ഉറങ്ങുന്ന തൻെറ ഇരട്ട മക്കളുടെ നേരെ കുനിഞ്ഞ മട്ടിൽ വാല്യയുടെ മങ്ങിയ ദൃശ്യം കാണാം.]

ഗായകസംഘം: (കൎക്കശസ്വരത്തിൽ) മിണ്ടാതെ! ഈ കുഞ്ഞുങ്ങളെ അലട്ടാതെ. അവരിപ്പോഴും കൊച്ചു കുട്ടികളാണ്....

—വലുതായി, അധികം ഉറക്കമില്ലാതെതന്നെ കഴിച്ചുകൂട്ടാറായ നിങ്ങൾക്കിതു സാരമില്ല. പക്ഷെ ഇപ്പോളിവൎക്ക് മതിവരുവോളം ഉറങ്ങണം.

—അവരെ ഉപദ്രവിക്കല്ലേ; അവൎക്കൊരുമാസമേ പ്രായമായിട്ടുള്ളു.

—അല്ല രണ്ടു മാസം.

—അല്ല മൂന്നു മാസം, ഉറങ്ങി അവൎക്കു ശക്തി സംഭരിക്കണം. അവർ, ഈ കൊച്ചു സെറ്യോജിൻമാർ ഇപ്പോഴും കുഞ്ഞുങ്ങളാണ്.

(താരാട്ട് നിലയ്ക്കുന്നു)

—ആരോ വാതിൽക്കൽ മുട്ടുന്നുണ്ട്. പക്ഷെ വാല്യ മയങ്ങിപ്പോയതിനാൽ അത് കേൾക്കുന്നില്ല.

—നമുക്ക് വാല്യയെ ഉണൎത്തണം.

—വാല്യ! ഉണരു!

വാല്യ (ഞെട്ടിയുണൎന്നു) എന്താണിത്? ആരാണവിടെ?

[വാല്യ വാതില്ക്കലേക്ക് ഓടുന്നു. സൎജി കടന്നുവരുമ്പോൾ മുറിയിൽ പ്രകാശം പരക്കുന്നു.]

സർജി: ഉറങ്ങുകയായിരുന്നോ?

വാല്യ: ഉം (പതുക്കെ) ശബ്ദമുണ്ടാക്കാതെ നോക്കണെ.

സർജി: എനിക്കിന്നു ക്ഷീണം തോന്നുന്നു. അത്ഭുതം (ഉറങ്ങുന്ന ജോഡിയെ നോക്കിനില്ക്കുന്നു) ഈ ഫേ്യാഡോറിനെ കാണുമ്പോഠം തമാശ തോന്നുന്നു.

വാല്യ: (ആക്ഷേപത്തോടെ) എന്താണ്?

സർജി: വല്ലാതെ തടിവെയ്ക്കുന്നതു നോക്കൂ. ഒരു ബൂർഷ്വായെപ്പോലെയുണ്ട്.

വാല്യ: അവനു കുട്ടമില്ല തടി........വിശക്കുന്നുണ്ടോ?

സർജി: വല്ലാതെ.

വാല്യ: (ഭക്ഷണം കൊണ്ടുവരുന്നു) ഇതാ, വരൂ.

സർജി: ഉം, വളരെ രുചികരമായിരിക്കുന്നല്ലോ.

വാല്യ: അതിൽ കുറച്ചുകൂടി വെണ്ണപുരട്ടൂ.

സർജി: നീയിന്നു എന്തുചെയ്യുകയായിരുന്നു.

വാല്യ: തീർച്ചയായും വിരൽ ഞൊട്ടയൊടിച്ചുകൊണ്ടിരിക്കുകയായിരുന്നില്ല എന്നു ധൈര്യമായിപ്പറയാം. രണ്ടു കുട്ടികളെ വളർത്തുക നിസ്സാരമായ നേരംപോക്കൊന്നുമല്ല.

സർജി: എനിക്കറിയാമത് (ഭക്ഷണം കഴിക്കുന്നു) ഇന്നു് പത്രത്തിൽ അഡ്നോറുടെ പ്രസ്താവനകഠം കണ്ടോ?

വാല്യ: ഇല്ല........ലീനയുടെ വയററത്ത് എന്തോ തരിതരിപോലെ പൊന്തിയിരിക്കുന്നു. ഡോക്ടറെ കാണിക്കണോ?

സർജി: വേണമെങ്കിൽ കാണിക്കാം.............

വാല്യ: എനിക്കവരെ കുട്ടികളുടെ ക്ലിനിക്കിലേക്കു് കൊണ്ടുപോകുവാൻ വലിയ ഇഷ്ടമാണ്. മററുള്ള കുട്ടികളെക്കാളും

വളരെ വളരെ ഭേദമാണവർ. ഫ്യോഡോറിനു നാലുമാസമാകുന്നതേയുള്ള.........പക്ഷെ അവനു് ആറുമാസമായ ഒരു കുട്ടിയുടെ ഘനമുണ്ടു്. എനിക്കറിയാം, ഞാൻ കണക്കു നോക്കി. ലീനക്കു് വല്ലാത്ത ബുദ്ധിശക്തിയാണു്. ഡോക്ടറും അങ്ങിനെ പറഞ്ഞു. "നിങ്ങളുടെ ഈ കൊച്ചുകുട്ടിക്കു് പ്രായത്തിൽ കവിഞ്ഞ ബുദ്ധിശക്തിയുണ്ടു്" എന്നാണവരഭിപ്രായപ്പെട്ടതു്.

സർജി: ലീന ഒരു കുഞ്ഞോമനയാണു്.

വാല്യ: കുറച്ചുകൂടി പഴക്കറി വേണോ?

സർജി: ആകാം. എനിക്കവ പുതിയ റൊട്ടിയോടൊപ്പം തിന്നാനിഷ്ടമാണു്.

വാല്യ: ഇതാ, കറുമുറെയുള്ള നല്ലറൊട്ടി.

സർജി: ഓർമ്മയുണ്ടോ?

വാല്യ: (അയാളുടെ കഴുത്തിൻെറ പിന്നിൽ ചുംബിച്ചുകൊണ്ടു്) ഇതാ. കഴിയ്ക്കൂ........

സർജി: വാല്യ, ഞാൻ നിനക്കൊരു സൈക്കിറം വാങ്ങട്ടെ?

വാല്യ: എന്തിനു്.

സർജി: യാത്രചെയ്യാൻതന്നെ.

വാല്യ: (ചിരിച്ചുകൊണ്ടു്) നിങ്ങറംക്കു വളരെ രസകരമായ ആശയങ്ങളുണ്ടല്ലോ.

സർജി: വാല്യ; ഒരു വാർത്ത കേറംക്കണോ? ഞങ്ങളുടെ ഖനനയന്ത്രത്തിനു കുറച്ചുകാലം പണിനിറുത്തേണ്ടിവരും.

വാല്യ: എന്താണു് കുഴപ്പം?

സർജി: റെഡ്യൂസിങ്ങു് ഗിയറിനു ചില അററകുററപ്പണികറം ചെയ്യാനുണ്ടു്. കോരികയുടെ ചങ്ങലയൊന്നു മാററണം.

നല്ലപണിയാണ്. പക്ഷെ ഒരൊററ നിമിഷം അലസമാ യിരിക്കാനുള്ള ഇടയില്ല എന്നതാണ് കുഴപ്പം.

വാല്യ: സെർഡ്യൂക്ക് വിറയ്ക്കുമല്ലോ.

സർജി: അയാളുടെ പ്രവൃത്തികൾ അസാധാരണമായി തോന്നു ന്നുണ്ട്.

വാല്യ: അയാൾ ലാറിസയുമായി പ്രണയത്തിലാണ്............ (ചിരിക്കുന്നു) നിങ്ങളുടെ ബോസ്സ് ചെയ്യുന്നതു് അപമാന കരമാണ്.

സർജി: എന്തുകൊണ്ടയാൾക്കു സ്നേഹിക്കാൻ പാടില്ല? അത്ര യൊന്നും പ്രായമായിട്ടില്ല.

വാല്യ: നിങ്ങളുടെ വീക്ഷണത്തിന്നനുസരിച്ചിരിക്കുമത്. (ഒരു നിശ്ശബ്ദതക്കുശേഷം) വിക്ടർ എന്താണ് നമ്മെ കാണാൻ വരാത്തതു്?

സർജി: അതയാളുടെ കാര്യം.

വാല്യ: സർജീ.

സർജി: ഉംംം.

വാല്യ, ഈ ലോകത്തിൽവെച്ച് ഏററവും നല്ലതു് നിങ്ങളാണ്.

സർജി: (അവളെ കെട്ടിപ്പിടിക്കുന്നു) വാല്യ....എൻെറ വാല്യ.... നിനക്കു മുഷിപ്പോ മററോ തോന്നുന്നുണ്ടോ?

വാല്യ: ഓ, എനിക്ക് മുഷിയാൻ നേരമെവിടെ?

സർജി: കുറച്ചുകാലംകൂടി ക്ഷമിക്കു. കുട്ടികൾ കുറച്ചുകൂടി വല്യ തായാൽ നമുക്കവരെ നേർസറിയിലാക്കാം. എന്നാൽ പിന്നെ നിനക്കു പണിയെടുക്കാനോ, പഠിക്കാനോ പോകാം.

വാല്യ: (ചെറിയ ഒരു മൗനത്തിനുശേഷം ഉദാസീനമായി) ഞാൻ ചോദിച്ചോട്ടെ, എന്തു പണിക്കാണ്.

സർജി: കോൺക്രീററ് ശരിയാക്കുക. ഈ സമയത്ത് കോൺക്രീററാണ് ഏററവും പ്രാധാന്യം.

വാല്യ: (പരിഹാസത്തോടെ) കോൺക്രീററോ! ഏതുസമയത്തു വേണമെങ്കിലും ഒരു പണമിടപാടിൻെറ പുസ്തകം തന്നോളു............

സർജി: അല്ല, വാല്യ, നിനക്കു തെററിയിരിക്കുന്നു. (വികാരത്തോടെ) എന്താണ് ഒരു മനുഷ്യനെ സന്തുഷ്ടനാക്കുന്നതു്? താൻ പ്രസ്താവയോഗ്യമായ എന്തെങ്കിലും പണിചെയ്യുന്നുണ്ട് എന്ന ചാരിതാത്ഥ്യം; തന്നേക്കാൾ വലിയതായ ഒന്നിൻെറ ഭാഗമാണ് താനെന്ന വിശ്വാസം.

വാല്യ: നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നതു് എന്നെനിക്കു മനസ്സിലാകുന്നില്ല.

സർജി: എങ്ങിനെയാണത് പറഞ്ഞു ഫലിപ്പിക്കേണ്ടത് എന്നെനിക്കറിയില്ല. മനുഷ്യന്നു എന്തെങ്കിലും പ്രയോജനമുള്ള, അയാളെ വലുതാക്കുന്ന, തൻെറ ആദ്യത്തെ നിലയേക്കാൾ മെച്ചപ്പെടുത്തുന്ന പണികൾ ഉണ്ടെന്നെനിക്കറിയാം. (വാത്സല്യത്തോടെ) നിനക്കു് കോൺക്രീററ് പണിയിഷ്ടമില്ലെങ്കിൽ ഖനനയന്ത്രത്തിൽ വേലയെടുക്കാം. ആദ്യം ഒരു സഹായിയുടെ നിലയിൽ തുടങ്ങിയാൽമതി, പിന്നീടു നിനക്കു് സായാഹ്ന പാഠശാലയിൽ ചേരാം. ഈ വക പണികൾക്കു് നിനക്കു് സാമത്ഥ്യമുണ്ടായാൽ അസിസ്റ്റണ്ട് ഫോർമാനോ, അത്തരത്തിലുള്ള മററുവല്ലതുമോ ആകാം.

വാല്യ: (ദേഷ്യത്തോടെ) ശരി, എൻെറ കാലയാപനത്തിന്നു ഞാൻ പുറത്തുപോയി പണിയെടുക്കണമെന്നു് നിങ്ങൾ നിർബ്ബന്ധിക്കുകയാണെങ്കിൽ ഞാൻ നേരെ കടയിലേക്കു് പൊയ്ക്കോളാം. അവിടെ എല്ലാവരും എന്നെ അറിയും. ........ഞാൻ തനിച്ചാവില്ല.

സർജി: വാല്യ!

വാല്യ: അട്ടഹസിക്കല്ലെ; കുട്ടികളെ നിങ്ങഠം ഉണത്തും.

സർജി: എന്നാൽ ഇങ്ങനെ സംസാരിക്കാതിരിക്കൂ.

വാല്യ: എന്താണ് കടയ്ക്കു കുററം? ഒന്നറിയണമല്ലോ. എനിക്കു വേണ്ടതെല്ലാം ഞാൻ ആ ക്യാഷ് രജിസ്റ്റർകൊണ്ട് ഉണ്ടാക്കിയിരുന്നു.

സർജി: (ഞെട്ടലോടെ) എന്ത്?

വാല്യ: എൻെറ ശമ്പളംകൊണ്ടു ഞാൻ ജീവിച്ചിരുന്നുവെന്നാണോ ധാരണ. അതു നടപ്പില്ലായിരുന്നു. അല്പസ്വല്പം ചില്ലറ വൈകുന്നേരമാകുമ്പോഴേക്കും നല്ല ഒരു തുകയാകും.

സർജി: (അലറുന്ന സ്വരത്തിൽ) വാല്യ! (ശബ്ദം താഴ്ത്തി) വാല്യ, ഓമനേ, (അവളുടെ തലമുടി തലോടുന്നു)

വാല്യ: (പതുി താഴ്ത്തി) സർജി, എനിക്കു് മാപ്പുതരു (മുട്ടുകുത്തുന്നു) ക്ഷമിക്കു എന്നോട്.

സർജി: അരുത്, വാല്യേ, ഓമനേ, (അവളെ എഴുന്നേല്പിച്ചു സ്നേഹത്തോടെ ആലിംഗനം ചെയ്യുന്നു) അരുത്.

വാല്യ: എനിക്കു് വല്ലാത്ത ക്ഷീണം. പകൽ മുഴുവനും കുട്ടികഠംക്കുവേണ്ടി ബദ്ധപ്പെടണം, ഭക്ഷണം തയ്യാറാക്കണം, തുണികളലക്കണം, പാത്രങ്ങഠം വൃത്തിയാക്കണം. പിന്നെ വോഠംഗക്കപ്പുറത്തുള്ള ആ പെൺകുട്ടിയെപററി പറഞ്ഞപ്പോഠം........എനിക്കു വിഷമംതോന്നി.

സർജി: (അവളുടെ തലമുടി തലോടിക്കൊണ്ടു്) അതാ, മതി. ഇനി ഞാനൊന്നുവാക്കു പറയുകയില്ല. കരയല്ലെ. ഞാൻ ഒരു കഴുതതന്നെയാണ്. വാല്യ. പക്ഷെ ഞാൻ നിന്നെ അത്രയേറെ സ്നേഹിക്കുന്നു. വാല്യ! അത്ഭുതമായിരിക്കുന്നില്ലേ.

വാല്യ: (കരച്ചിലിനിടയിൽ പുഞ്ചിരി പൊഴിച്ചുകൊണ്ടു്) അത്ഭുതമോ?

സർജി: നീ കരയരുതു്. നീയൊരിക്കലും ഒരൊററ തുള്ളി കണ്ണീർ പൊഴിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ആളുകഠം, പ്രത്യേകിച്ചു കമ്യൂണിസം പടുത്തുയർത്തുന്നവർ, ഉദാഹരണമായി നീയും ഞാനും, ഈ ലോകത്തിൽ ആനന്ദത്തോടുകൂടിതന്നെയിരിക്കണം. (അവളെ പതുക്കെ കട്ടിലിൽ കിടത്തുന്നു) നിനക്കു് ക്ഷീണമുണ്ടു്. ഉറങ്ങിക്കോളൂ. ഞാൻ പാത്രം കഴുകിവെച്ചു എല്ലാം വൃത്തിയാക്കിക്കോളാം. ഞാൻ ഭംഗിയായി ചെയ്തുകൊള്ളാം. ഫ്യോഡോറോ, ലീനയോ ഉണർന്നാൽ ഞാൻ അവരെ സമാധാനപ്പെടുത്താം. എല്ലാം ശരിയാകും. ഇതാ കണ്ണുകളടയ്ക്കൂ. ഇനിയുറങ്ങിക്കോളൂ....

(വാല്യ ഉറങ്ങുന്നു. മുറി ക്രമേണ മറയുന്നു.)

ഗായകസംഘം: വാല്യ, നീയൊരിക്കലും മറക്കാത്ത ആ ദിവസം അടുത്തടുത്തു വരുകയാണു്.

[വാല്യ വരുന്നു.]

വാല്യ: (മന്ദസ്വരത്തിൽ) ഞാൻ ഇവിടെയുണ്ടു്.

ഗായകസംഘം: ജൂലായ് മുപ്പത്തിയൊന്നാംതീയതിയിലെ പ്രഭാതമാണിതു്. ആ ദിവസമെത്തി. (വാല്യ കൈകൊണ്ടു മുഖം മറയ്ക്കുന്നു.)

—ആ ദിവസമെങ്ങിനെയാണു് ആരംഭിച്ചതെന്നുപറയൂ.

വാല്യ: ഞങ്ങഠം വളരെ നേരത്തെ എഴുനേററിരുന്നു എന്നു ഞാൻ ഓർക്കുന്നു. വീട്ടു് വിടുന്നതിനുമുമ്പു് സർജി പടിക്കൽനിന്നു് എൻെറ കൈപിടിച്ചു.

(ഒരു ചെറിയ ഗൃഹാരാമവും പടിവാതിലും കാണാം. അതിനപ്പുറത്തു് ഒരു പുതിയ രണ്ടുനില കെട്ടിടത്തിൻെറ മങ്ങിയ

ബാഹ്യരേഖ. സർജിയും വാല്യയും ഒരു ബഞ്ചിൻെറ സമീപം നിൽക്കുകയാണ്.)

വാല്യ: (സർജിയെനോക്കി തൻെറ കഥ തുടരുന്നു) എന്താണ് ഉണ്ടാകുവാൻ പോകുന്നതു് എന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ പോകുവാൻ സമ്മതിക്കാതെ ദേഹത്തിൽ തൂങ്ങി കിടക്കുമായിരുന്നു. പക്ഷെ ഞാനൊന്നുമറിഞ്ഞിരുന്നില്ലല്ലോ. സാധാരണമാതിരി ഒരു പ്രഭാതമായിരുന്നു അന്നും. ചൂടു കൂടുതലായിരുന്നു........വല്ലാത്ത ഉഷ്ണം. (സർജിയോട്ട്) കുറച്ചുനേരം കൂടെകിടക്കാമായിരുന്നു. ഇന്നു് ഞായറാഴ്ചയല്ലെ?

സർജി: പക്ഷെ വാല്യ വല്ലാത്ത ചൂട്. എനിക്കാനദിയിൽ ഒന്നു മുങ്ങണം.

വാല്യ: തോർത്ത് എടുത്തിട്ടുണ്ടോ?

സർജി: (തോർത്ത് കാണിച്ചു) ഇതാ ഉണ്ടല്ലോ.

വാല്യ: സർജി, എൻെറ ഉടുപ്പു് ഇഷ്ടമായോ?

സർജി: ഭംഗിയായിരിക്കുന്നു.

വാല്യ: നിങ്ങൾക്കു ഒരു തോൽകോട്ടുവാങ്ങിക്കണം. വാങ്ങിക്കട്ടെ.

സർജി: ആവാം, പിന്നെയാകട്ടെ.

വാല്യ: വേണ്ട. ഇപ്പോൾ വാങ്ങാം. ഒരു തോൽകോട്ടു ഇട്ടാൽ നിങ്ങൾ സുന്ദരനായിരിക്കും. (അയാളെ കെട്ടിപ്പിടിക്കുന്നു.)

സർജി: നോക്കു, ഇതാ ചീഫ്.

വാല്യ: ഭംഗിയായി വേഷംകെട്ടിയിട്ടുമുണ്ട്.

(സെർഡ്യൂക്ക് വരുന്നു. പതിവിലുമേറെ ഭംഗിയായി വസ്ത്രധാരണം നിർവ്വഹിച്ചിരിക്കുന്നു.)

സർജി: (നിഷ്കളങ്കമായി) ചീഫ്, ഞങ്ങളെ കാണാൻ വന്നതാണോ?

സെർഡ്യൂക്ക്: (എന്തോ സംശയിച്ച്) ഞാനോ, ഹോ, ഞാൻ വെറുതെയൊന്നു നടക്കാനിറങ്ങിയതാണ്.

സർജി: (ചിരിയടക്കാൻ പ്രയാസപ്പെടുന്നു) നടക്കാനോ. ങേ!

സെർഡ്യൂക്ക്: പിന്നെപിന്നെ, ലാറിസ പെട്രോവ്ന ഇവിടെയാണ് താമസിക്കുന്നതെന്നു കേട്ടല്ലോ?

സർജി: വേഷം കണ്ടപ്പോൾ അവരെ സന്ദർശിക്കുവാൻ വന്നതായിരിക്കുമെന്നു ഞാൻ വിചാരിച്ചു. കുറെക്കാലമായി ഇത്ര രസികനായിട്ടു കാണാറില്ല.

സെർഡ്യൂക്ക്: അവധിദിവസം ഒരാൾക്കു ശരിക്കു വസ്ത്രധാരണം ചെയ്യാനും വയ്യേ!

സർജി: (വിനയത്തോടെ) മാപ്പുതരു. ആ കെട്ടിയിരിക്കുന്ന മനോഹരമായ ടൈ നമ്മുടെ എംപോറിയത്തിൽനിന്നു വാങ്ങിച്ചതാണോ?

സെർഡ്യൂക്ക്: ഹേയ് യുവാവെ, കേൾക്കു, നിങ്ങൾ നീന്താൻ പുറപ്പെട്ടതല്ലേ-ഉം-പോയാട്ടെ വേഗം.

സർജി: എനിക്കു പ്രത്യേകിച്ചു ധൃതിയൊന്നുമില്ല. ഇന്നു ഞായറാഴ്ചയല്ലേ.

സെർഡ്യൂക്ക്: കുട്ടി നീ വെറുതെ കുഴപ്പം ക്ഷണിച്ചുവരുത്തുകയാണ് (വെറുതെ) എനിക്കു ലാറിസ പെട്രോവ്നയെ ഒരു കാര്യം പ്രമാണിച്ചു ഒന്നു കാണണം.

(സർജിയും വാല്യയും ഉറക്കെ ചിരിക്കുന്നു)

കുട്ടീ നോക്കിക്കോളു (വിരൽ വിറപ്പിക്കുന്നു) ഞാൻ തന്നേക്കാം (വീടിന്റെ ഭാഗത്തേക്കു നടക്കുന്നു.)

സർജി: ചീഫ്, മൂന്നാംനമ്പർ ഫ്ളാററ്.

സെർഡ്യൂക്ക്: നന്ദി, നന്ദി.

സർജി: (ചിരിച്ചുകൊണ്ട്) നല്ല ഒരാളാണ്.

വാല്യ: നിങ്ങളും ഒരു കാലത്ത് ഇതിലും വിശേഷമൊന്നുമായിരുന്നില്ല. തീപ്പെട്ടിവാങ്ങാൻ കടയിൽ വരാറുള്ളത് ഓർമ്മയുണ്ടോ (സങ്കടത്തോടെ പതുക്കെ നിലവിളിച്ചുകൊണ്ട്) ഹോ, ഞാൻ പാൽ സ്റ്റൗവിൽവെച്ചാണ് വന്നത്. അതിപ്പോഠം മുഴുവൻ തൂവിപ്പോയിരിക്കും (അകത്തേക്ക് ഓടുന്നു) [നദിയിലേക്കുള്ള വഴിയിലൂടെ ഒരു ബാലനും ബാലികയും നടന്നടുക്കുന്നുണ്ട്. ആൺകുട്ടിയുടെ കയ്യിൽ ഒരു ചൂണ്ടയും പെൺകുട്ടിയുടെ കയ്യിൽ ഒരു ചെറിയ പാത്രവുമുണ്ട്]

സർജി: (കുട്ടിയെ തിരിച്ചറിഞ്ഞ്) എന്ത്! എൻെറ പഴയ ചങ്ങാതിയാണല്ലോ ആൻറൺ! ഹലോ!

ആൺകുട്ടി: ഹലോ, ഞാൻ നിങ്ങളെയും ഓക്കുന്നുണ്ട് (പെൺകുട്ടിയോട്) ഈ മനുഷ്യനു ഒരൊററത്തവണക്ക് രണ്ടു കുട്ടികളുണ്ടായി.

പെൺകുട്ടി: ആലോചിച്ചുനോക്കൂ!

ആൺകുട്ടി: അവർ എങ്ങിനെയുണ്ട്. സുഖമായിരിക്കുന്നുവോ?

സർജി: നന്ദി, മിടുമിടുക്കരായിരിക്കുന്നു. പിന്നെ ആൻറൺ എന്തുണ്ട് വിശേഷം. ഇപ്പോഴും ഡോക്ടറാകണമെന്നാണോ മോഹം.

ആൺകുട്ടി: അതെ; ഞങ്ങഠം മീൻപിടിക്കാൻ പോകുകയാണ്.

സർജി: (പെൺകുട്ടിയെ ചൂണ്ടികാണിച്ചുകൊണ്ട്.) ആരാണീ കൂട്ടുകാരി!

ആൺകുട്ടി: ഇതാണ് ലീറ. ഞാൻ ഇവളെപററി പറഞ്ഞുതന്നത് ഓക്കുന്നുണ്ടോ? ഇവളാണ് ചാർളി ചാപ്ലിൻ ഉണ്ടെന്നു വിശ്വസിക്കാത്തവഠം.

പെൺകുട്ടി: തീർച്ചയായും ഞാൻ വിശ്വസിക്കുന്നില്ല.

ആൺകുട്ടി: (വിജയപൂർവ്വം) കേട്ടോളു!

സർജി: അത്ഭുതം, ഞാനും നിങ്ങളുടെകൂടെ കൂടട്ടെ!

ആൺകുട്ടി: തീർച്ചയായും. ഞങ്ങറം ഒരു ചങ്ങാടമുണ്ടാക്കിയിട്ടുണ്ടു്.

സർജി: എന്നാൽ വരു.

സർജി കുട്ടികളുടെ കൈ പിടിക്കുന്നു. അവരൊരുമിച്ചു നദിയിലേക്കു നടക്കുന്നു. വഴിക്കുവെച്ചവർ വിക്ടറെ കാണുന്നു.

വിക്ടർ: ഹലോ, എവിടെ പോകുന്നു?

സർജി: ഒന്നു നീന്തി കളിക്കാൻ.

5363

വിക്ടർ: നശിച്ച ചൂടു്.

[വികൃതമായ ഒരു നിശ്ശബ്ദത]

സർജി: (കുട്ടികളോടു്) നിങ്ങറം പൊയ്ക്കോളു. ഞാൻ ഒപ്പമെത്തിക്കൊള്ളാം.

ആൺകുട്ടി: ഞങ്ങറം നിങ്ങളെ കാത്തിരിക്കും.

(കുട്ടികറം പോകുന്നു.)

സർജി: ഞങ്ങളെ കാണുവാൻ വന്നതാണോ?

വിക്ടർ: അല്ല.

സർജി: വിക്ടർ തനിക്കെന്തുപററി?

വിക്ടർ: (കൎക്കശനായി) ഒന്നുമില്ല.

സർജി: (തൻെറ കൈ അയാളുടെ ചുമലിൽ വെയ്ക്കുന്നു) ഞാൻ.... (വിക്ടർ സർജിയുടെ കൈതട്ടികളഞ്ഞു, അയാളെ അടിക്കാനായി കൈ ഓങ്ങുന്നു.) വിക്ടർ നിങ്ങറം എന്തു ചെയ്യുകയാണു്?

വിക്ടർ: എനിവളെ മറക്കാനാകുന്നില്ല. ഒരിക്കലും മറക്കുകയു മില്ല. എന്തുചെയ്യണമെന്നെനിക്കറിയാൻ വയ്യ. ഒരു പക്ഷെ നിങ്ങൾക്കു പറയാനാകുമായിരിക്കും. (ഭയങ്കരമായി ചിരിക്കുന്നു) നിങ്ങളെ നോക്കുമ്പോൾ രോഷമെന്നിൽ തിളച്ചുപൊങ്ങുകയാണ്. നിങ്ങൾ മരിച്ചെങ്കിലോ എന്നു ഞാനാശിക്കുകയാണ്.........നിങ്ങൾ......ഒരിക്കൽ എൻെറ ആത്മാർത്ഥസ്നേഹിതനായിരുന്ന നിങ്ങൾ....

സർജി: (വിറയാർന്ന സ്വരത്തിൽ) ആയിരുന്നു. എന്തോ....ഞാൻ ഇപ്പോഴും........

വിക്ടർ: ഇല്ല; നമ്മുടെ സുഹൃത്ബന്ധമവസാനിച്ചിരിക്കുന്നു. (മൗനത്തിനുശേഷം) ശരി, ഞാൻ പോയേക്കാം. ഈ സ്ഥലം വിട്ട് ഞാൻ ലെനിൻഗ്രാഡിലേക്ക്, എൻെറ പിതാവിൻെറ അടുക്കലേക്കുപോകും. ചിററമ്മയുമായി ഇണങ്ങി പ്പോകാൻ എനിക്ക് കഴിയുമായിരിക്കാം. (നിരാശയോടെ) ഞാൻ ഒററക്കായി........

സർജി: അപ്പോൾ, ചീഫ്, റോഡിക, ഡെന്നീസ് മുതലായവരോ? വിക്ടർ, ഞങ്ങളെയെല്ലാം വിട്ടുപോകുവാൻ നിങ്ങൾക്കു എങ്ങിനെ സാധിക്കുന്നു? ആദ്യത്തെകൊല്ലം — പണി തുടങ്ങിയകാലത്ത് മഞ്ഞിനോടും ഹിമവാതത്തോടും നാം പൊരുതിനിന്ന ആ രാത്രികൾ—ഓർക്കുന്നുണ്ടോ? അങ്ങനെയുള്ള ഒരു മമതാബന്ധം ഇത്ര ലാഘവത്തോടെ വലിച്ചെറിയുവാൻ നിങ്ങൾക്കു സാധിക്കുമോ?

വിക്ടർ: ഇതു് മാറുമെന്നു ഞാൻ വിചാരിച്ചിരുന്നു. ഈ വേദന ആറുമെന്നു ഞാൻ മോഹിച്ചിരുന്നു. എനിക്കവളെ മറക്കുവാനൊക്കുമൊന്നും, അതോടെ എല്ലാം അവസാനിക്കുമെന്നു ഞാൻ ആശിച്ചിരുന്നു. പക്ഷെ എനിക്കു തെററുപററി. (പതുക്കെ) നിങ്ങൾ അവളെ എന്നിൽനിന്നകററികൊണ്ടുപോയി.

സർജി: നിങ്ങാം അന്നവളെ സ്റ്റേഹിച്ചിരുന്നു എന്നു സത്യ പറ യാനൊക്കമോ?

വിക്ടർ: പിന്നെ ഇല്ലേ?

സർജി: (ശാന്തനായി) ഇല്ല; അതുസ്നേഹമായിരുന്നില്ല.

വിക്ടർ: (നിശ്ശബ്ദതക്കശേഷം) അതെ നിങ്ങാം പറയുന്നതു് ശരി യാണ്! (കടുത്ത സ്വരത്തിൽ) ശരി, ഗുഡ്ബൈ. നിങ്ങാം ഇനിയെന്നെ കാണില്ല. ഞാൻ മംഗളമാശംസിക്കുന്നു. (ഓ ടിപ്പോകുന്നു)

സർജി: (അയാളെ തിരികെ വിളിക്കുന്നു) വിക്ടർ, വിക്ടർ....

വാല്യ; (വീട്ടിൽ നിന്നു ഓടിവരുന്നു) അല്ല നിങ്ങളിതുവരെ പോ യില്ലേ. നന്നായി. (ലജ്ജയോടെ) എനിക്കൊരു കാര്യം പറയാനുണ്ട്.

സർജി: (ചിരിക്കുന്നു) പറയാനുണ്ടോ, പറയൂ.

വാല്യ: (പതുക്കെ) ഞാൻ നിങ്ങളെ വളരെ വളരെ സ്നേഹിക്കുന്നു എന്നു പറയാനാണ് സർജി. എന്താണ് കാരണമെന്നറി യാമോ? അറിയുന്തോറും കൂടുകൽ നല്ലവനാണ് നിങ്ങളെന്നു എനിക്കു മനസ്സിലാകുന്നു.

സർജി: നീയൊരു മിടുക്കിയാണ്........ വാല്യ (അവളെ ചുംബി ക്കുന്നു.)

വാല്യ: അദ്ദേഹമെന്നെ ചുംബിക്കുന്നു. ഞാനാകയ്യും പിടിച്ചു അദ്ദേഹത്തെ നോക്കി നിന്നു. അതവസാനത്തെ കാഴ്ചയാ ണെന്നു എനിക്കു മനസ്സിലായിരുന്നില്ല. അവസാനത്തെ പ്രാവശ്യമാണ് ഞാനാ ചൂടുള്ള കൈ എന്റെ കയ്യിൽവെ യ്ക്കുന്നതു്; അവസാനത്തെ പ്രാവശ്യമാണ് ആ കണ്ണുകളി ലേക്ക് ഉററുനോക്കുന്നത്, എന്നെനിക്കു നിശ്ചയമുണ്ടാ യിരുന്നില്ല. ഇപ്പോഠം അദ്ദേഹം പോകും—ഒരിക്കലും തിരി

ച്ചവരുകയില്ല. ഹാ, ഞാനറിഞ്ഞിരുന്നുവെങ്കിൽ. പക്ഷെ എനിക്കൊന്നും അറിയാമായിരുന്നില്ല. പിരിയാൻ കാലത്ത് ഞാൻപറഞ്ഞത് ഇത്രമാത്രമാണ്–(സർജിയോട്) തോത്ത് കളയാതെ നോക്കണെ....

സർജി: ഞാൻ ശ്രദ്ധിച്ചോളാം (ഓടിപ്പോകുന്നു)

വാല്യ: ആ റോഡിലൂടെ ഓടിയകലുന്നത് ഞാൻ നോക്കിനിന്നു ആ കുട്ടികളുടെ ഒപ്പമെത്തുന്നതും അവരുടെ കൂടെ നദിയിലേക്കുള്ള റോഡിലേക്കു തിരിയുന്നതും ഞാൻ കണ്ടു. കുറച്ചു നേരം വെറുതെ സ്വപ്നം കാണാനായി ഞാനാ ബഞ്ചിൽ ഇരുന്നു. പിന്നെ എനിക്കു തോന്നി അദ്ദേഹമില്ലാത്ത സമയത്ത് എൻെറ പണികറം കഴിക്കുകയാണ് നല്ലതെന്ന്.

[വാല്യ തിരുമ്പിയത് ഉണക്കാൻ അഴയിലിടുകയാണ് – സർജിയുടെ ഷർട്ടും രണ്ടു സിങ്ക്ലെററും. ലാറിസയും സെർഡ്യൂക്കും വീട്ടിനകത്ത് നിന്നു വരുന്നു.]

ലാറിസ: സ്റ്റീപ്പൻ യെഗറോവിച്ച്, നമുക്ക് എങ്ങോട്ട് പോകണം.

സെർഡ്യൂക്ക്: നമുക്കാ അണക്കെട്ടിനടുത്തേക്ക് പോകാം.

ലാറിസ: പക്ഷെ ഇന്ന് അവുധി ദിവസമാണ് അല്ലെ?

സെർഡ്യൂക്ക്: എനിക്കാ യന്ത്രമൊന്നു കാണണം. അത് നന്നാക്കാൻ പോവുകയാണ്....

ലാറിസ: (നെടുവീപ്പ് വിട്ട്) ശരി, എന്നാൽ അങ്ങിനെയാകട്ടെ.

സെർഡ്യൂക്ക്: വൈകുന്നേരം നമുക്ക് സ്ലൂഡ്യാങ്കയിലേക്കൊരു യാത്ര നടത്താം. അച്ഛനെ കാണുവാൻ പോകരുതെ? നീ അദ്ദേഹത്തെ കാണണമെന്നാണ് എൻെറ ആഗ്രഹം.

ലാറിസ: അദ്ദേഹത്തിനു എത്ര വയസ്സായി.

സെർഡക്ക്: എഴുപത്തിയഞ്ച്. അദ്ദേഹം ഇപ്പോഴും മത്സ്യം

പിടിക്കുന്ന സ്ഥലത്ത് പണിചെയ്യുന്നുണ്ട്. നല്ല കരുത്തൻ വേണ്ടിവന്നാൽ അദ്ദേഹം ഈ അങ്കാറാനദി നീന്തി കടക്കും. അദ്ദേഹത്തിനു നിന്നെ ഇഷ്ടമാകുമെന്നാണെന്റെ വിചാരം. ഈശ്വരാ! (വാതിൽക്കൽനിന്നു പെട്ടെന്നു പിൻമാറുന്നു).

ലാറിസ: എന്താണ് സംഗതി.

സെർഡ്യൂക്ക്: ആ ഫോർമാന്റെ ഭാര്യ പുറത്ത് വസ്ത്രങ്ങൾ വിരിക്കുന്നുണ്ട്.

ലാറിസ: എന്താ നിങ്ങൾക്കവളെ പേടിയാണോ.

സെർഡ്യൂക്ക്: പേടിയോ........അല്ല........പക്ഷെ.........ശരി...... ലാറിസ.... എനിക്ക് വയസ്സ് നാല്പത്തിരണ്ടായി എന്ന് നിനക്കറിയാമോ.

ലാറിസ: അതിനെന്ത്?

സെർസ്യൂക്ക്: ആളുകൾ എന്നെ പരിഹസിക്കും.

ലാറിസ: ഇപ്പോൾ പരിഹസിക്കാൻമാത്രമൊന്നുമുണ്ടായിട്ടില്ല. നിങ്ങൾ ഇതേവരെ എന്നോട് വിവാഹാഭ്യത്ഥന ചെയ്തിട്ടില്ലല്ലോ. അതുചെയ്യുമ്പോൾ ആളുകൾക്കു കുറെ ചിരിക്കാനുണ്ടാകും. (വാല്യയെ നോക്കി തലകുനിക്കുന്നു) ഹലോ, വാല്യ!

വാല്യ: നടക്കാൻ പോകുന്നോ?

ലാറിസ: സ്റ്റീപൻയെഗറോവിച്ച് എന്നെ ഭക്ഷണത്തിനു ക്ഷണിച്ചിരിക്കുകയാണ്. വൈകുന്നേരം ഞങ്ങൾ നൃത്തത്തിനു പോകുന്നുണ്ട്. എന്താണ് പറയേണ്ടതു് എന്ന് എനിക്കു് നിശ്ചയമില്ല.

സെർഡ്യൂക്ക്: (പതുക്കെ ലാറിസയോട്) നീയൊരു കൊച്ചു കള്ളി! [വിനയത്തോടെ തൊപ്പിയുയത്തി വാല്യയെ അഭിവാദ്യം ചെയ്യുന്നു] (ലാറിസയേയുംകൂട്ടി പോകുന്നു)

വാല്യ! (സ്നേഹപൂർവ്വമായ പുഞ്ചിരിയോടെ അവരെതന്നെ നോക്കിനിൽക്കുന്നു) നല്ല നേരംപോക്കുള്ള ജോഡി.

(വിക്റ്റർ പ്രവേശിക്കുന്നു)

വാല്യ: വിക്റ്റർ ഹലോ.

വിക്റ്റർ: സർജി പോയോ?

വാല്യ: ഉവ്വ്. (മൗനം) നിങ്ങൾ എന്താണ് ഞങ്ങളെ കാണാൻ വരാത്തതു്?

വിക്റ്റർ: (രസത്തോടെ) വല്ലാത്ത തിരക്ക്, ചങ്ങാതി, വല്ലാത്ത തിരക്ക്,

വാല്യ: നിങ്ങൾ ചടച്ചിരിക്കുന്നു.

വിക്റ്റർ: (ഉല്ലാസത്തോടെ) ചിലപ്പോൾ ഭക്ഷണം കഴിക്കാൻകൂടി ഇടകിട്ടാറില്ല.

വാല്യ: (അയാളുടെമുഖത്തു് സൂക്ഷിച്ചുനോക്കുന്നു) നിങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു. ഇപ്പോൾ പണ്ടത്തെക്കാളും സുമുഖനാണ്.

വിക്റ്റർ: അങ്ങനെയവർ പറയുന്നുണ്ട്.

വാല്യ: ഇപ്പോൾ ആരുടെ ഒപ്പമാണ് നൃത്തത്തിനുപോകാറ്?

വിക്റ്റർ: കുറച്ചുകാലമായി പോകാറില്ല.

വാല്യ: കാരണം?

വിക്റ്റർ: പാദരക്ഷകളെല്ലാം ഉപയോഗശൂന്യമായി.

വാല്യ: (മൗനത്തിനുശേഷം) സർജിയെ കാണണമോ?

വിക്റ്റർ: വേണം. ഞാൻ യാത്രപറയാൻ വന്നതാണ്. ഞാനിവിടെനിന്നു് പോകുകയാണ്.

വാല്യ: എവിടേയ്ക്കു്?

വിക്ടർ: ലെനിൻഗ്രാഡ്.

വാല്യ: കുറച്ചുകാലത്തേക്കാണോ?

വിക്ടർ: എനിക്കവിടം എത്രത്തോളമിഷ്ടപ്പെട്ടുമെന്നതിനെ ആശ്രയിച്ചിരിക്കുമതു്. ഞാൻ നെവ്സ്കിയിലൂടെ ഒന്നു നടക്കും. നീവ, പോയിക്കാണും. അതിൻെറ അരഭിത്തിക്കരികെനിന്നു് നീയും ഞാനുംകൂടി അങ്കാരനദിയിലേക്കു് നോക്കിനിന്നിരുന്നതിനെപററി ഓക്കും.

വാല്യ: നിങ്ങളുടെ വത്തമാനം അസാധാരണമായി തോന്നുന്നു.

വിക്ടർ: വാല്യ; ഞാനിപ്പോഠം ആലോചിക്കുകയാണു്. നാം പ്രേമബദ്ധരായിരുന്നുവോ; അല്ലയോ എന്നു്.

വാല്യ: അല്ല, വിക്ടർ, അതു് സ്നേഹമായിരുന്നില്ല. അതു് ഒന്നുമായിരുന്നില്ല. നാം വെറുതെ കോപ്പിരാട്ടി കാട്ടുകയായിരുന്നു.

വിക്ടർ: അല്പമൊരു തമാശ, അല്ലേ!

വാല്യ: ഹോ, വിക്ടർ, ആ തമാശ എത്രമാത്രം എത്രമാത്രം ഹൃദയവേദന എനിക്കുണ്ടാക്കിയിരുന്നു എന്നു നിങ്ങഠം അറിഞ്ഞിരുന്നുവെങ്കിൽ. എന്നെ നിസ്സാരയായ വാല്യ എന്നവർ വിളിച്ചിരുന്നതിൽ അത്ഭുതമൊന്നുമില്ല. ഓർമ്മയുണ്ടോ? പക്ഷെ സർജി, എൻെറ പഴയ ചരിത്രത്തെ അവഗണിച്ചു, യഥാത്ഥത്തിൽ എന്നെ സ്നേഹിച്ചു. അദ്ദേഹം എന്നെ സ്വന്തം ഭാൎയ്യയാക്കി. അദ്ദേഹത്തിൻെറ സ്നേഹമെന്നെ രക്ഷപ്പെടുത്തി. (പെട്ടെന്നു ഓമ്മവന്നു വിക്ടറെ നോക്കുന്നു) അലോഗ്യം തോന്നരുതെ.

വിക്ടർ: (ചൊടിയോടെ) എനിക്കു് അലോഗ്യമോ? വിഡ്ഢിത്തം പറയാതിരിക്കു. അതെല്ലാം അവസാനിച്ചുകഴിഞ്ഞു.

വീട്ടിന്നകത്തു് എവിടെനിന്നോ റേഡിയോ സംഗീതം കേഠക്കാം. റോഡിക് വരുന്നു. അയാഠം സാവധാനത്തിൽ

ആ നടപ്പാതയിൽ കയറി വാല്യയുടേയും വിക്ടറുടേയും അടുക്കലായി നില്ക്കുന്നു. യാതൊന്നും മിണ്ടുന്നില്ല. ഗായകസംഘം പ്രത്യക്ഷപ്പെട്ടു് ആ ചെറിയ കൂട്ടത്തെ വളഞ്ഞുനില്ക്കുന്നു.

വാല്യ: ഹലോ റോഡിക...........സർജിയെ കാണാൻവന്നതാണോ? അദ്ദേഹം പോയി.

റോഡിക: ശരി.

ഗായകസംഘം കുറേക്കൂടെ അടുത്തുവരുന്നു.

വാല്യ: അകത്തു് കടന്നു ഇരിക്കൂ. അദ്ദേഹമിപ്പോഠംവരും.

റോഡിക: ശരി

(നിശ്ശബ്ദത; ഗായകസംഘം കുറെക്കൂടി അടുക്കുന്നു.)

വാല്യ: റോഡിക, എന്താണു് സംഗതി?

റോഡിക: ഒന്നുമില്ല.

വാല്യ: (പെട്ടെന്നു പുഞ്ചിരിതൂകി) സർജി തിരിച്ചുവരുമ്പോഠം നമുക്കു് ഒരുമിച്ചു ചായകുടിക്കാം. വിക്ടറും വരണം. റോഡിക കാക്കുകയില്ലേ. ഞാൻപോയി കെററിലിൽ കുറച്ചു വെള്ളം കൂടിയൊഴിക്കട്ടെ. അരനിമിഷത്തിനകം വരാം. വീട്ടിലേക്കു ഓടിപ്പോകുന്നു. ഗായകസംഘം റോഡിക്കിനെയും വിക്ടറെയും വളയുന്നു.

വിക്ടർ (ശാന്തതയോടെ) ശരി, എന്താണു് സംഗതി?

റൊഡിക: ദൈവത്തെയോത്തു് ശാന്തനാകൂ!

വിക്ടർ: എന്തു പററി?

റോഡക: (പിറുപിറുക്കുന്നു) സർജി നദിയിൽ മുങ്ങിപ്പോയി. (ആരോ നിരാശയോടെ കൈ ഉയർത്തുന്നു. ആഘാതമേററപോലെ ഗായകസംഘം തരിച്ചു നിൽക്കുന്നു.)

വിക്ടർ: മുങ്ങിപ്പോയി. അങ്ങനെയാകാൻ തരമില്ല. അവക്ക്യൊളെ രക്ഷപ്പെടുത്തരുതെ.

ഗായകസംഘത്തിൽ അല്പമൊരിളക്കം. പക്ഷെ അത് വേഗം നിലയ്ക്കുന്നു. വീണ്ടും പഴയ അചേതനത്വം.

വിക്ടർ: (സ്തംഭനാവസ്ഥക്കശേഷം) എങ്ങിനെയാണത് സംഭവിച്ചത്?

റോഡിക്: കൂട്ടികെട്ടിയ ഒരു ചങ്ങാടത്തിലിരുന്നു രണ്ടു കുട്ടികൾ —ഒരാണും ഒരു പെണ്ണും—മീൻ പിടിച്ചിരുന്നു. ചങ്ങാടം മറിഞ്ഞു. സർജിയല്ലാതെ വേറെയാരുമുണ്ടായിരുന്നില്ല. ആ പരിസരത്തിൽ. ആദ്യം അയാൾ ആ പെൺകുട്ടിയേയും കൊണ്ടു നീന്തി കരയ്ക്കലാക്കി വീണ്ടും ആൺകുട്ടിയെ അന്വേഷിച്ചുപോയി........പക്ഷെ അവിടെ അവൻെറ ഒരു തുമ്പുമുണ്ടായിരുന്നില്ല. സർജി കുറെയേറെ നേരം തപ്പി തിരഞ്ഞിരിക്കണം. കുട്ടിയെ കണ്ടു കിട്ടിയപ്പോഴേക്കും സർജി പരവശനായിരുന്നു. ഒരു വിധത്തിൽ കുട്ടിയെ ചങ്ങാടത്തിലാക്കി. പക്ഷെ സർജിക്കു നീന്തി കരയ്ക്കു പററാനുള്ള ശക്തിയുണ്ടായിരുന്നില്ല. കുട്ടിക്കു അപായമൊന്നുമില്ല.

വിക്ടർ: ഹോ റോഡിക........

[അസഹ്യതയോടെ ഗായകസംഘം രണ്ടുമൂന്നടി പിൻവാങ്ങുന്നു.]

റോഡിക്: വാല്യയോടു പറയണം.

വിക്ടർ: വേണ്ട........വേണ്ട.

റോഡിക്: അവർ ഒരിക്കൽ അറിയേണ്ടതല്ലെ?

വിക്ടർ: അതു ശരിയാണ്,

റോഡിക്: പോയി പറയൂ.

വിക്ടർ: എനിക്കു വയ്യ.

റോഡിക്: വിക്ടർ, ദയവായി.

വിക്ടർ: ഇല്ല, എനിക്കതു് ചെയ്യാനാവില്ല.

റോഡിക്: ശരി, എനിക്കതു് ചെയ്യാതെ തരമില്ല (റോഡിക് വീട്ടിനകത്തേക്കു് കടക്കുന്നു.)

[ഗായകസംഘം നിശ്ശബ്ദനായിരിക്കുന്ന വിക്ടറുടെ സമീപത്തേക്കു് നീങ്ങുന്നു. വിക്ടർ ചുററും നോക്കി വീട്ടിനകത്തേക്കു് കയറി, ഉമ്മറപ്പടിമേൽ വീണു പൊട്ടി കരയുന്നു. ആശ്വസിക്കാനെന്നമട്ടിൽ ഗായകസംഘം കൈകരം നീട്ടുന്നു ലാറിസയും സെർഡ്യൂക്കും നടത്തംകഴിഞ്ഞു മടങ്ങിയെത്തുന്നു.]

സെർഡ്യൂക്ക്: (കളവുചെയ്യുന്നതു പോലെ) അതാ വിക്ടർ അവിടെയിരിക്കുന്നു.

ലാറിസ: നിങ്ങൾക്കു് എന്താണ് എല്ലാവരെയും ഇത്രപേടി. ഒരു കൊച്ചു വാവ.

സെർഡ്യൂക്ക്: (ധീരമായി വിക്ടറോട്) നോക്കു, ഞാനൊരു ജോഡി ട്രൗസർ വാങ്ങിയിരിക്കുന്നു. മോശമില്ല ഉവ്വോ? ങേ!

വിക്ടർ: എന്ത്! (സെർഡ്യൂക്കിനെ ഒരു തരം വെറുപ്പോടെ തുറിച്ചുനോക്കുന്നു).

ഗായകസംഘം: (പതുക്കെ) സ്റ്റീഫൻയെഗറോവിച്ച്.

—ഒന്നും പറയല്ലെ.

—ഇപ്പോൾ മൗനമാണാവശ്യം. [വാല്യയും റോഡിക്കും വീട്ടിനകത്ത് നിന്നു പ്രവേശിക്കുന്നു. ഗായകസംഘം വാല്യയുടെ നേക്കു് ഒരടിവെയ്ക്കുന്നു.]

വാല്യ: (ഗായകസംഘത്തിനോട്) എൻെറ തൊപ്പികൊണ്ടു ഞാനെന്തു ചെയ്യു. സർജിയുടെ ഷർട്ട് അയയിൽ കിടക്കുന്നതു്

കണ്ടപ്പോൾ അവിടെ നിന്നതിനെ തുറിച്ചുനോക്കുന്നു) വരു, റോഡിക്.

(പോകുന്നു)

വിക്ടർ: (എഴുന്നേററ്) ലാറിസ, കുട്ടികളെ നോക്കിക്കോളു, (സെർഡ്യൂക്കിനോട്) ചീഫ്........സർജി മുങ്ങിമരിച്ചു....

സെർഡ്യൂക്ക്: [ഉറക്കെ] നുണ പറയുകയാണ്!

വിക്ടർ: സർജി മരിച്ചു [വേഗത്തിൽ പുറത്തേക്കു് പോകുന്നു]

[ലാറിസ വീട്ടിനകത്തേക്കു് പോകുന്നു. സെർഡ്യൂക്ക് പുറകേയും. ഗായകസംഘം രംഗവേദിയിലാകെ നിരന്നു നില്ക്കുന്നു. അവസാനം അവർ നിശ്ചലരാകുന്നു.

കയ്യിൽപൂക്കളേന്തി ഉല്ലാസത്തോടെ പാടിക്കൊണ്ടു രണ്ടു പെൺകുട്ടികൾ വഴിയിൽക്കൂടി വരുന്നു. ഗായകസംഘം അനങ്ങുന്നില്ല.

അങ്കാറ നദീതടം. നടപ്പാതയിൽ ഒരു വഴിപോക്കനെ കാണാം.]

വഴിപോക്കൻ: അധികം താമസിയാതെ ഇരുട്ടാകും. സൂര്യകിരണങ്ങൾ മരങ്ങളുടെ ദലതതിയെ തൊട്ടുതലോടുകയാണ്. ഞാനിന്നുരാവിലെ ഇർക്കുട്സ്കിൽ നിന്നു പുറപ്പെട്ടു. മോട്ടോർബോട്ടുവഴി നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്തു് എത്തി. ഞാനിപ്പോൾ അങ്കാറാ നദീതടത്തിൽ, പണിക്കാരുടെ വീടുകൾക്കപ്പുറത്തു് വെറുതെ നടക്കുകയായാണ്. പത്തു് ദിവസത്തിനുമുമ്പു് ഇവിടെ ഒരു ചെറുപ്പക്കാരൻ മുങ്ങിമരിച്ചു എന്നവർ പറയുന്നതു കേട്ടു. അധികം ദൂരെയല്ലാതെ ആ ചരിവിൽ അഞ്ചാളുകൾ ഇരിക്കുന്നതെനിക്കുകാണാം. അവരുടെ കൂടെ ഒരു പെൺകുട്ടിയുമുണ്ടു്. അവർ വളരെ സാവധാനത്തിൽ എന്തോ വർത്തമാനം പറയുകയാണ്. ഓരോരുത്തരും സ്വന്തം ചിന്തക

ളിൽ ലയിച്ചിരിക്കുന്നു. എന്തിനെപ്പററിയായിരിക്കും അവർ ചിന്തിക്കുന്നതു്. അടുത്തശുഭ്രമായ ഒരു കൈലേസിൽ ലളിതമായ ഭക്ഷണവും ഒരു കുപ്പിവീഞ്ഞും ഇരിക്കുന്നുണ്ടു്. ആ കൂട്ടത്തിലെ തലമൂതിന്ന ആഠം ആ പെൺകുട്ടിക്കൊഴികെ എല്ലാവൎക്കും പകൎന്നുകൊടുത്ത വീഞ്ഞു് അവർ ശാന്തരായി കുടിക്കുകയാണു്. എനിക്കു കടന്നുപോകണമെന്നുണ്ടു്. പക്ഷെ സാധിക്കുന്നില്ല. എന്തുകൊണ്ടാണു് എനിക്കീ മനുഷ്യരിൽ ഇത്ര ശ്രുഷ്ഠാന്തി തോന്നുന്നതു്? എന്തിനെപ്പററിയാണവർ സംസാരിക്കുന്നതു് എന്നു് കേഠക്കാൻ ഞാൻ ശ്രമിച്ചുനോക്കി. പക്ഷെ ഒരൊററ അക്ഷരവും കിട്ടിയില്ല. താഴെ ആ വെള്ളത്തിന്നററത്തു് ഒരു സ്ത്രീ നിന്നു് എന്തോ അലക്കുന്നുണ്ടു്. ആ കൂട്ടത്തിൽ ഒരാഠം അവളെ കണ്ടു. അയാഠം മററുള്ളവരോടു് എന്തോ പറഞ്ഞു. ഇതാ ഇപ്പോഠം എല്ലാരും അവഠം നില്ക്കുന്നിടത്തേക്കു് നോക്കുകയാണു്. എന്താണിവർ തമ്മിൽ ബന്ധം. ചുററുപാടും നടക്കുന്നതിനെപ്പററി അറിയാനും ശ്രദ്ധിക്കാനുമുള്ള ഈ ഭ്രാന്തൻ ഭയം എന്നെ ഇവിടെ പിടിച്ചുനിൎത്തുകയാണു്. എന്താണവിടെ നടക്കുന്നതു് എന്നു മനസ്സിലാക്കാൻ പററിയ എന്തെങ്കിലും ഒരു സൂചന ലഭിക്കുമെന്ന ആശയോടെ ഞാൻ കാത്തുനിൽക്കുകയാണു്............

[ഈ രംഗം ദൃശ്യമാകുന്നു. സെർഡ്യൂക്ക് വീഞ്ഞു് തകരപ്പാത്രങ്ങളിലേക്കു് ഒഴിക്കുന്നു. അയാളുടെ ചുററുമായി, വിക്റ്റർ, റോഡിക്, ഡെന്നീസ്, ലാപ്ചെങ്കോ എന്നിവരിരിക്കുന്നു. അല്പംമാറി സിങ്കയും.]

സെർഡ്യൂക്ക്: ഒരു തൊഴിലാളി മരിച്ചുപോയാൽ അയാളെ സംബന്ധിച്ചു്, ശാശ്വതമായി എന്തുണ്ടു്? (വികാരവിക്ഷോഭത്തോടെ) അയാളുടെ പണിമാത്രം. അവളുടെ സ്മരണ എന്നുമെന്നും നിലനിൽക്കും. കമ്യൂണിസത്തിൻെറ

കീഴിൽ മരണമെന്നൊന്നുണ്ടാകുകയില്ല. ഇന്നത്തേക്കാറം നൂറിരട്ടി മെച്ചമായിരിക്കും അന്നു്. അധ്വാനത്തിന്റെ ഫലംതന്നെയാണതിന്നു് കാരണം. നമ്മെക്കാറം വേഗം സർജിയായിരുന്ന ആ കാലത്തിന്നടുത്തു് എത്തിയതു്. അ യാറം ഒരു മനുഷ്യനെപോലെ ജീവിച്ചു, ഒരു കമ്മ്യൂണിസ്റ്റി നെപ്പോലെ പണിയെടുത്തു, ഒരു വീരനെപ്പോലെ മരണം വരിച്ചു. ആ സ്മരണ എന്നുമെന്നും ഉജ്വലമായി നില നിൽക്കും! (എല്ലാവരും പാത്രമുയർത്തി, നിശ്ശബ്ദമായി കു ടിക്കുന്നു.)

അതുകഴിഞ്ഞിട്ടു് ഇന്നേക്കു് രണ്ടാഴ്ചയായി. നമുക്കു് ഭാ വിയെപ്പററി ഓക്കേണ്ടിയിരിക്കുന്നു. സർജി ശ്മശാന ത്തിൽ അന്ത്യവിശ്രമം കൊള്ളുകയാണു്, പക്ഷെ നമുക്കു് ജീവിക്കണം. അതിന്നർത്ഥം നമുക്കു് അയാറംക്കുവേണ്ടിയും പ്രവർത്തിക്കണം. (മൗനം) ഖനനയന്ത്രം അധികം താമസി യാതെ പ്രവർത്തിക്കാൻ തുടങ്ങും. നമ്മുടെ തൊഴിലാളിക ളിൽ ഒരാറം കുറഞ്ഞു. അതിനെപ്പററി നാം എന്താണു് ചെയ്യാൻപോകുന്നതു്?

റോഡിക്: നമുക്കു് പുറത്തു നിന്നു് ആരേയും വേണ്ട.

സിങ്ക: (ധൃതിയിൽ) അതു തന്നെയാണു് ഇന്നലെ ഡെന്നീസ് എന്നോടു പറഞ്ഞതു്.

സെർഡ്യൂക്കു്: (ഗൗരവത്തിൽ) എയു്, പെണ്ണേ! നിനക്കു് സം സാരിക്കാൻ ആരും അനുമതി തന്നിട്ടില്ല.

ലാപ്ചെങ്കോ: നിന്റെ ഭർത്താവിനോടുള്ള ബഹുമാനം കൊണ്ടു മാത്രം നിന്നെ കൂടെ കൊണ്ടുവന്നതാണു്. അതുകൊണ്ടു് മിണ്ടാതെ ഇരുന്നോളു. അതാണു് നല്ലതു്.

സെർഡ്യൂക്കു്: ലാപ്ചെങ്കോ; അധികാരം വിട്ടു് കളിയ്ക്കണ്ട. (മററുള്ളവരോടു്) വിക്ടർ, നിങ്ങറം എന്തു പറയുന്നു.

നിങ്ങരംക്ക പോകണം, അല്ലേ. അങ്ങിനെയാണ് ഞാൻ മനസ്സിലാക്കിയതു്.

ഡെന്നീസ്: ചീഫ്, അതത്ര ഗൗരവമാക്കേണ്ട. അയാരം അങ്ങിനെ സ്വന്തം സുഹൃത്തുക്കളെ കുഴപ്പത്തിലാക്കുകയില്ല.

സെർഡ്യൂക്ക്: അതു ശരിയാണോ?

വിക്ടർ: (അല്പമാശങ്കയോടെ) അതെ, ഞാൻ എൻെറ മനസ്സുമാററിയിരിക്കുന്നു.

സെർഡ്യൂക്ക്: അതാണു ഭേദം.

സിങ്ക: (ധൃതിയിൽ) ഞാൻ അന്നേ പറയാറുണ്ടല്ലോ, അയാരം നിങ്ങളെ വിട്ടു പോകുകയില്ലെന്നു്............ഞാൻ.........

സെർഡ്യൂക്ക്: ഞാനിനിയും താക്കീതുതരണോ?

ഡെന്നീസ്: ചീഫ്, അവളോടു് വല്ലാത്ത അക്രമമാണു് നിങ്ങരം ചെയ്യുന്നതു്.

സെർഡ്യൂക്ക്: കുട്ടീ, നിനക്കു് ഈ പെണ്ണുങ്ങളെപ്പററിയൊന്നുമറിയില്ല. അവക്കു സ്വല്പം എളുതരം കൊടുത്താൽമതി, അവർ നമ്മുടെ കഴുത്തിൽ കയററിയിരിക്കും.

സിങ്ക: സഖാവ് സെർഡ്യൂക്ക്, സ്വന്തം അനുഭവത്തിൽനിന്നു് പഠിച്ചതായിരിക്കുമോ ഇതു്.

സെർഡ്യൂക്ക്: (വിറച്ചുകൊണ്ടു്) എന്തുപറഞ്ഞു (ശാന്തനായി) പോകട്ടെ; സാരമില്ല. (വിക്ടറോടു്) നിങ്ങരം എന്താണവിടെ നോക്കുന്നതു്?

വിക്ടർ: അവിടെ വാല്യ, വസ്ത്രങ്ങരം കഴുകുന്നു. (എല്ലാവരും മൗനമായി അവിടേക്കു് നോക്കുന്നു.)

ലാപ്ചെങ്കോ: കുട്ടികളുടെ തുണികരം.

റോഡിക്: സ്റ്റീഫൻ, യെഗോറോവിച്ച്, എനിക്കൊരുകാര്യം പറയുവാനുണ്ട്.........നമുക്ക് വേറൊരാളെ ജോലിക്കു കൂട്ടേണ്ട........നമുക്ക് നാലുപേക്കുകൂടി അഞ്ചാളുടെ പണി ചെയ്യാം. വിക്റ്റർ ഷിഫ്ററ് ഫോർമാനാകട്ടെ. ഡെന്നീസ് വിദ്യുതിവിഭാഗത്തിലെ ഒന്നാം അസിസ്റ്റണ്ട്. ഞാൻ ഹൈഡ്രോളിക്സ് നോക്കിക്കോളാം. ലാപ്ചെങ്കോ ആവട്ടെ എണ്ണക്കാരൻ. കുറേക്കാലമായല്ലോ അയാറം കാത്തിരിപ്പു പട്ടികയിൽ പെട്ടിട്ട്. നമുക്ക് പുറമെനിന്ന് സഹായമൊന്നും വേണ്ട. നമുക്കുതന്നെ നോക്കാം. പക്ഷെ നമുക്ക് അഞ്ചാമൻെറ വേതനം സൂക്ഷിക്കണം.

സെർഡ്യൂക്ക്: ഹോ, മനുഷ്യ! എന്താണിത്. റോഡിയോൺ, നീ ശരിയായി തുടങ്ങി, ഇപ്പോറം എങ്ങോട്ടാണ് നീ വെട്ടിത്തിരിഞ്ഞു പോകുന്നത്. നമുക്ക് എന്തിനാണ് അഞ്ചാമൻെറ ശമ്പളം.

റോഡിക്: സർജിയുടെ പെൻഷൻെറ പേരിൽ വാല്യക്കു കിട്ടുന്നതു് വലിയൊരു സംഖ്യയൊന്നുമല്ല. അവർ നല്ലപോലെ ജീവിച്ചു ശീലിച്ചവരാണ്. വാല്യക്കു കഴിച്ചുകൂട്ടാൻ വിഷമമാണ്. സർജി നമ്മുടെകൂടെ പണിയെടുക്കുന്നുണ്ട് എന്ന മട്ടിൽ, അഞ്ചാമൻെറ ശമ്പളം വാല്യക്കു കൊടുക്കണമെന്നാണ് എൻെറ നിർദ്ദേശം.

ഒരു നിമിഷനേരത്തേക്കു് ആരും മിണ്ടുന്നില്ല.

ഡെന്നീസ്: (റോഡിക്കിനെ സമീപിച്ചു) റോഡിക് നീയൊരു സമർത്ഥനാണ്. എന്തൊരു വിചിത്രമായ ആശയം.

സിങ്ക: (ആവേശത്തോടെ) ഹോ, റോഡിക്! (ഓടിച്ചെന്നു യാളെ ചുംബിക്കുന്നു.)

സെർഡ്യൂക്ക്: ലേഡിഃബേർഡ്, ആർതന്നു നിനക്കീ രംഗം.

സിങ്ക: ഞാനൊന്നും പറഞ്ഞില്ലല്ലോ. ഞാനയാളെ ചുംബിച്ചു തേയുള്ളൂ. അതിൻെറ വിഷമം ഡെന്നീസിനല്ലെ, നിങ്ങൾക്കല്ലല്ലോ.

ഡെന്നീസ്: ശരി, നിനക്കതു് പറഞ്ഞാൽ മതിയായിരുന്നു. സാരമില്ല; (അവളുടെ ചെവിപിടിച്ചു തിരുമ്മുന്നു)

സെർസ്യൂക്ക്: ഭൂരിഭാഗവും ഇതിന്നനുകൂലമാണെന്നു ഞാൻ മനസ്സിലാക്കുന്നു. (വിക്ടറോട്) എന്തുപറയുന്നു നിങ്ങൾ?

വിക്ടർ: ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സെർഡ്യൂക്ക്: ഷിഫ്ററ് ഏറെറടുക്കുവാൻ നിങ്ങൾക്കു സമ്മതമാണോ? അതു് നടത്താൻ സാധിക്കുമോ?

വിക്ടർ: നിങ്ങളുടെ സഹായത്തോടെ.

സെർഡ്യൂക്ക്: ലാപ്ചെങ്കോ, ഇനി താനെന്തുപറയുന്നു. നിങ്ങൾ ഞങ്ങളെ അബദ്ധത്തിലാക്കില്ല ഉവ്വോ?

ലാപ്ചെങ്കോ: ചീഫ്, ഇതു് തീരെ മര്യാദയല്ല. ഞാനിപ്പോൾ വളരെ ഭേദപ്പെട്ടിട്ടുണ്ടു് എന്നു് നിങ്ങൾക്കറിയാമല്ലോ. (ഡെന്നീസിനെ ചൂണ്ടികാണിച്ചു്) എന്നോടു ചോദിക്കുകയാണെങ്കിൽ അയാൾ ഏറെറടുത്തിട്ടുള്ളതു് വളരെ കൂടുതലാണെന്നാണു് ഞാൻ പറയുക. കഴിഞ്ഞതിൻെറ മുമ്പിലത്തെ കൊല്ലത്തിൽ അയാൾ വെറും ഒരു സഹായി മാത്രമായിരുന്നു. ഇപ്പോൾ അയാളിതാ ഫോർമാൻെറ അസിസ്റ്റൻറ് ആകാൻപോകുന്നു.

ഡെന്നീസ്: നീ, നിൻെറ കാര്യം ശ്രദ്ധിച്ചോ. ഒന്നു നേരെ എഴുന്നേററുനില്ക്കു മനുഷ്യാ. നിങ്ങൾക്കാവശ്യം സൈനികപരിശീലനമാണു്.

വിക്ടർ: ചീഫ്!

സെർഡ്യൂക്ക്: എന്താ?

വിക്ടർ: വാല്യയെപററി.

സെർഡ്യൂക്ക്: എന്താണവളെപററി, (മൌനം) തുറന്നുപറയൂ. അതോ നിങ്ങഠം വീണ്ടും മനസ്സുമാറിയോ?

വിക്ടർ: ഉവ്വ്.

സെർഡ്യൂക്ക്: എന്ത്?

വിക്ടർ: അതുകൊണ്ടു കാര്യമൊന്നുമില്ല.

സെർഡ്യൂക്ക്: നിങ്ങളുടെ ഇഷ്ടം. സിങ്കാ?

സിങ്ക: (ഉൽകണ്ഠയോടെ) ഉം?

സെർസ്യൂക്ക്: കുട്ടി, ആ നദിയിലേക്ക് ഓടിപ്പോയി വാല്യയെ കൂട്ടികൊണ്ടുവരൂ.

സിങ്ക: ഇതാ പോണു. (ഓടുന്നു)

"ഗോർക്കിയുടെ സുന്ദരമായ നഗരത്തിൽ" എന്നൊരു ഗാനത്തിൻെറ അലകഠം.

വിക്ടർ: സർജിക്കു ആ ഗാനം വളരെ ഇഷ്ടമായിരുന്നു.

സെർഡ്യൂക്ക്: ശരി, കുട്ടികളെ, നിങ്ങഠംക്ക് എന്താണ് ഇത്ര മൌനം.

വിക്ടർ: എന്തിനെപററി സംസാരിക്കണം?

സെർഡ്യൂക്ക്: ഒരുപക്ഷെ ഡെന്നീസ് അയാളുടെ മേജറെക്കുറിച്ചു പറയും.

ഡെന്നീസ്: അദ്ദേഹമിപ്പോഠം വെറും മേജറല്ല. കഴിഞ്ഞ ആഴ്ച അദ്ദേഹത്തെ ലെഫ്ററ്നൻറ് കേണേലായി ഉയർത്തി.

റോഡിക്: (ഒരു ഇളിയോടെ) നാമിതാ ഇവിടെ തലകളഞ്ഞു ദിവസവും പണിയെടുക്കുന്നു. കയററം കിട്ടുന്നതു് വേറെ ചിലക്കും.

[സിങ്കവരുന്നു. കയ്യിൽ ഒരു ബക്കററിൽ അലക്കിയ തുണികളുമായി വാല്യ കൂടെയുണ്ടു്.]

വാല്യ: (ഒന്നും കാണാത്ത ഒരു നോട്ടമുണ്ടു് അവളുടെ കൺകളിൽ) ഹലോ.

സെർഡ്യൂക്ക്: (എന്തെങ്കിലും പറയണമല്ലോ എന്നമട്ടിൽ) തുണിതിരുമ്മുകയായിരുന്നോ?

വാല്യ: അതെ ഞാനിപ്പോൾ വീട്ടിലേക്കു് പോകുകയാണു്.

സെർഡ്യൂക്ക്: തുണിതിരുമ്മാൻ എന്തിന്നിത്രവഴി വരണം?

വാല്യ: ഇവിടെ വെള്ളം കുറച്ചുകൂടി നല്ലതാണു്.

സെർഡ്യൂക്ക്: കുട്ടികൾ ആരുടെ കയ്യിലാണു്.

വാല്യ: ലാറിസയുടെ കൂടെ.

സെർഡ്യൂക്ക്: പണം വേണ്ടത്രയുണ്ടോ?

വാല്യ: ഇതുവരെ ഉണ്ടായിരുന്നു.

സെർഡ്യൂക്ക്: എന്തുചെയ്യാനാണു് ഭാവം?

വാല്യ: എനിക്കറിയില്ല ചീഫ്.

സെർഡ്യൂക്ക്: കുട്ടി, അങ്ങിനെയെന്നെ വിളിച്ചതിൽ സന്തോഷമുണ്ടു്. എല്ലാത്തിനും ഉണ്ടു് ഒരാരംഭവും അവസാനവും എന്നോർക്കണം കുട്ടി. അതിൽ ആതങ്കമുണ്ടു്, പക്ഷെ അതിൽ ആനന്ദവും കാണും.

വാല്യ: (മൃദുസ്വരത്തിൽ) ഇപ്പോൾ എനിക്കെല്ലാം ഒരുപോലെ തന്നെയാണു്.

സെർഡ്യൂക്ക്: (നിശ്ചിതസ്വരത്തിൽ) അങ്ങിനെ പറയല്ലെ.

വാല്യ: എന്തുകൊണ്ടു്?

സെർഡ്യൂക്ക്: നിൻെറ കുട്ടികളെകുറിച്ചോർക്കണം.

വാല്യ. (ചിന്തയോടെ) ഞാൻ വീണ്ടും കടയിലേക്കുതന്നെ പോകാമെന്നു കരുതുന്നു.

സെർഡ്യൂക്ക്: കേൾക്കു, കുട്ടി, ഇവിടെ ഇവർ സർജിയുടെ പേരിൽ പണിയെടുക്കാമെന്നു തീരുമാനിച്ചിരിക്കുകയാണ്. സമ്പാദ്യം നിനക്കു കിട്ടും.........മുഴവനും.

വിക്റ്റർ: (സഭാവാസികളോട്) വാല്യ ഒരൊററക്ഷരം മിണ്ടുന്നില്ല.........കുറെനേരമായി മൗനംഭജിക്കുന്നു. അവൾ ആ നിർദ്ദേശത്തെ നിരാകരിക്കണമെന്ന് എന്തുകൊണ്ട് ഞാൻ ആഗ്രഹിക്കുന്നു.. എന്താണതിൽ എനിക്കിത്ര നിർബ്ബന്ധം. "പോകു, ഇവിടുന്ന്, എനിക്കു നിങ്ങളുടെ പണമാവശ്യമില്ല," എന്നവൾ പറഞ്ഞിരുന്നുവെങ്കിൽ! ഹാ, അവളതൊന്നു പറഞ്ഞിരുന്നുവെങ്കിൽ!

വാല്യ: നന്ദി. (ഒരു മൃദുഹാസത്തോടെ) നന്ദി...........

[ആ ചെരിവും ആൾക്കാരും മറയുന്നു. വിദൂരതയിലേക്ക് നോക്കിക്കൊണ്ട് ആ യാത്രക്കാരൻമാത്രമവിടെ നില്ക്കുന്നുണ്ട്.]

യാത്രക്കാരൻ: അവരാ പെൺകുട്ടിയെ വിളിച്ചു. പക്ഷെ എന്താണവർതമ്മിൽ പറഞ്ഞതു് എന്ന കാര്യം എന്നെ സംബന്ധിച്ചിടത്തോളം അജ്ഞാതംതന്നെ. ഇതാ അവർ എഴുന്നേററുപോകുന്നു, ശാന്തരായി, നിശ്ശബ്ദരായി. എൻെറ ഹൃദയത്തിൽ ഏതു് തന്ത്രിയാണവർ മീട്ടിയതെന്നത്ഭുതപ്പെട്ടുകൊണ്ട് ഞാൻ ഇങ്ങിനെ നില്ക്കുകയാണ്. എന്താണ് അവർതമ്മിലുണ്ടായതു്. (കുറച്ചുനേരത്തേക്കയാൾ ചിന്തയിൽ ലയിച്ചുനില്ക്കുന്നു). എന്തെങ്കിലും നിസ്സാരകാര്യമായിരിക്കും; എന്നേപ്പോലുള്ള ഒരു വിദൂരദർശകന് അതിൽ കാര്യമായ എന്തെങ്കിലും ഉണ്ടായിരിക്കുമെന്നു തോന്നിയതാകും. അസാധാരണം. ഇടയ്ക്കിടയ്ക്കെല്ലാം നമുക്കു് തെററു പററാറുണ്ട്.

[കാഴ്ച മായുന്നു. സാവധാനത്തിൽ ഗായകസംഘം പ്രത്യക്ഷപ്പെടുന്നു.]

ഗായകസംഘം: ഒരു മനുഷ്യൻ മരിക്കുമ്പോൾ, അയാളുടെ സാധനങ്ങൾ അവയുടെ സ്ഥാനങ്ങളിൽനിന്നു പതുക്കെ പതുക്കെ മറയുകയാണ് പതിവ്. അല്പമാസങ്ങൾക്കുള്ളിൽ പഴയ പാർപ്പുകാരനെ സംബന്ധിച്ച യാതൊന്നു മുണ്ടാകുകയില്ല ആ മുറിയിൽ.

—പക്ഷെ വാല്യയുടെ മുറിയിൽ അതു സംഭവിച്ചില്ല. എല്ലാം തൊടാതെതന്നെയിരിക്കുന്നു ഇവിടെ. ഒരൊററ വ്യത്യാസം—ഇപ്പോൾ ആ കട്ടിലിന്മേൽ സർജിയുടെ ഒരു ഛായാപടം തൂങ്ങികിടക്കുന്നുണ്ട്. ഒരു കൊച്ചുപടത്തിൽ നിന്നു ഏതോ ഇർടസ്റ്റ് ചിത്രകാരൻ വലുതാക്കി വരച്ചെടുത്ത ഒരു ഛായ.

—മുറിയിൽ സുഖമായ ചൂടുണ്ട്. കുട്ടികൾ ഗാഢനിദ്രയിൽ ആണ്. ചുമരിൽ ഉള്ള ക്ലോക്കിന്റെ ടിക് ടിക് നാദം മാത്രമേയുള്ള ആ നിശ്ശബ്ദത ഭഞ്ജിക്കുവാൻ.

—വാല്യ, നീ വല്ലാതെ ക്ഷീണിച്ചുവോ

വാല്യ: ഉവ്വ്, വല്ലാത്ത ക്ഷീണം.

[മുറിയിൽ അവൾതന്നെയാണ്. പാത്രങ്ങളെല്ലാം കഴുകിതുടച്ച് തോർത്ത് മാററിയതെയുള്ളു. ഇതാ, ഒരു ദിവസം കഴിഞ്ഞു, ഇനിയെനിക്കു കുറച്ചു വിശ്രമം കിട്ടും, (കട്ടിലിന്മേൽ ഇരുന്നു സർജിയുടെ പടത്തിലേക്കുതന്നെ നോക്കുന്നു). ഇന്നു നടന്നതെല്ലാം നിങ്ങളോടു പറയുവാൻപോകുകയാണ് ഞാൻ. ഒരു നിമിഷം നിൽക്കു. എന്തൊക്കെയാണ് ഇന്നുണ്ടായതെന്നു ഓർത്തുനോക്കട്ടെ.]

ഗായകസംഘം: കാലത്തെ നീ ചന്തയിൽപോയി.

വാല്യ: അതെ, അതു ശരി. അതുംകഴിഞ്ഞു് ഞാൻ കുട്ടികളെ ക്ലിനിക്കിലേക്ക് കൊണ്ടുപോയി. ഫ്യോഡോർ വല്ലാത്ത വികൃതിയാണു് സർജി; നിങ്ങരംക്കു ഓക്കാൻകൂടി പററാത്ത തരത്തിൽ കുസൃതി. ഡമ്മിയില്ലാതെ അവൻെറ കാര്യങ്ങരം നടത്തുവാൻ ഞാൻ വളരെ ശ്രമിച്ചുനോക്കി. പക്ഷെ വല്ലാത്ത നിർബന്ധശീലനാണവൻ.! അവനതു് കൂടിയേ തീരൂ. അവൻെറ ഡോക്ടർ പതിവുപോലെ ഇന്നും അവനെ സ്തുതിച്ചു. അവൻ വളരെ നല്ല കുട്ടിയാണത്രെ. ലീനക്ക് പെട്ടെന്നു ഭക്ഷണത്തോടാസക്തി തോന്നിത്തുടങ്ങിയിരിക്കുന്നു. അവരംക്കു് ഇതിനുമുമ്പു അങ്ങിനെയൊന്നുമുണ്ടായിരുന്നില്ല. അവരംക്കിപ്പോരം ഏഴുമാസമായി. വളന്നു ഇല്ലെ? അവർ ഉറങ്ങിയപ്പോരം വസ്ത്രങ്ങരം തിരുമ്പിയെടുക്കാൻ ഞാൻ നദിയിലേക്കോടി. ഇന്നു് എനിക്ക് ഭാഗ്യം പോരായിരുന്നു. ചെന്ന ഉടനെതന്നെ മഴതുടങ്ങി. ഞാൻ നനഞ്ഞു കുതിന്നു. ബേയ്ക്കൽ തടാകത്തിൽനിന്നുവന്ന ആ കുളിർ കാററ് മരങ്ങളിലെ ഇലകളെയെല്ലാം ചീന്തിക്കളഞ്ഞു. വേനൽക്കാലത്തെ അവസാന ഓമ്മകരംപോലും മാഞ്ഞു. നിവൃത്തിയില്ല. നവമ്പർ ആയല്ലോ. ക്ലബ്ബിൻെറ മുമ്പിലൂടെ കടന്നു വരുമ്പോരം ഇന്നു് വൈകുന്നേരം അവിടെ നൃത്തമുണ്ടു് എന്നൊരു പ്രഖ്യാപനംകണ്ടു. ഒരു നൃത്തം.........എന്തു സാധാരണം. (ഓമ്മിച്ചു്) പിന്നേയുമുണ്ടല്ലോ എന്തോ....

ഗായകസംഘം: ലാറിസയും സെർഡ്യൂക്കും ചായക്കുവന്നിരുന്നു.

വാല്യ: എന്തൊരു തമാശക്കാർ. അവക്കന്യോന്യം ആത്മാത്ഥമായ സ്നേഹമുണ്ടു്. പക്ഷെ എപ്പോഴുമവർതമ്മിൽ കലഹിക്കും. സെർഡ്യൂക്ക് ഖനനയന്ത്രത്തെപററി സംസാരിച്ചു. സെറ്യോഗിൻ ഖനനയന്ത്രമെന്നാണയാരം അതിനെ വിളിക്കുന്നതു്. വല്ലാത്ത പ്രയാസമുള്ള സമയമാണെന്നാണയാരം പറയുന്നതു്. മഴകാരണം നിലം മുഴുവൻ ചളി

യാണ്. അതുകൊണ്ട് അയാൾ വല്ലാതെ വിഷമിച്ചിരിക്കുന്നു. ഖനനയന്ത്രത്തിലെ മററു തൊഴിലാളികളും ഇടക്കിടെ വരാറുണ്ടെന്നറിയാമല്ലോ........

ഗായകസംഘം: വിക്ടർ ഒഴികെ എല്ലാവരും........അതെന്താ?

വാല്യ: ശരി, എന്താണയാൾ വരാത്തതു് ഹോ, ഞാൻ പ്രധാനപ്പെട്ട ഒരു കാര്യം പറയാൻ മറന്നു. ഇന്നു് ആ ആൻറൺ എന്നെ കാണാൻവന്നിരുന്നു. ഓക്കുന്നില്ലേ. അവനും അമ്മയും കൂടെയാണു് വന്നതു്. കുട്ടികൾക്കു പലേതരത്തിലുള്ള കളിക്കോപ്പുകളും കൊണ്ടുവന്നിരുന്നു. ആൻറണ ഇപ്പോഴും ഡോക്ടറാകണമെന്നാണു് മോഹം. നല്ല കുട്ടി....(കുറച്ചു് നേരത്തേക്കവൾ മൗനമായിരിയ്ക്കുന്നു). ശരി, അങ്ങനെ ഒരു ദിവസം. (ഹൃദയംഗമമായി) കേൾക്കു, സർജി, നിങ്ങളായിരുന്നു എനിക്കുണ്ടായിരുന്ന ഒരേ ഒരു കൂട്ടുകാരൻ. ഞാൻ സ്നേഹിച്ചിരുന്ന ഒരേ ഒരു വ്യക്തി. സർജി എനിക്കു് നിങ്ങളെ കാണാതിരിക്കാൻവയ്യ. എന്തൊരു ഭയങ്കരം. പക്ഷെ കുറേനേരം നിങ്ങളെക്കുറിച്ചോർത്താൽ . എനിക്കു് സ്വല്പം സുഖംകിട്ടും, അല്പമൊരാശ്വാസവും.

ഗായകസംഘത്തിൽനിന്നൊരു ശബ്ദം: വാല്യ, ഞാൻ നിനക്കൊരു സൈക്കിൾ വാങ്ങട്ടെ.

വാല്യ: എന്തിനു്.

ഗായകസംഘത്തിലെ ശബ്ദം: തീർച്ചയായും കയറിയപ്പോകാൻ തന്നെ.

വാല്യ: (പതുക്കെ ചിരിച്ചുകൊണ്ടു്) വളരെ തമാശയുള്ള ആശയങ്ങളാണല്ലോ നിങ്ങൾക്കു്.

ഗായകസംഘത്തിലെ ശബ്ദം: പത്രത്തിൽ അഡനോവവരുടെ പ്രസ്താവന കണ്ടോ?

വാല്യ: ഇല്ല.

ഗായകസംഘത്തിലെ ശബ്ദം: നിനക്കു് വിരസത തോന്നുന്നില്ല എന്നു തീർച്ചയാണോ?

വാല്യ: എനിക്കു മുഷിവുതോന്നാൻ സമയമൊന്നുമില്ല. (വർദ്ധിച്ചു വരുന്ന നിരാശയോടെ) വേനൽക്കാലം വരാറായി സർജി. അതുകഴിഞ്ഞാൽ വസന്തവും വേനലും. ഞാനെന്തുചെയ്യാൻ പോകുന്നു? ഞാനതിനെപ്പററിയാണു് ഓക്കുന്നതു്. സർജി ഞാൻ എങ്ങനെ കഴിച്ചുകൂട്ടും. (ഉത്തരത്തിനു കാത്തുനിൽക്കാതെ) എനിക്കു വല്ലാത്ത ക്ഷീണം. ഞാനിന്നു് അത്രയൊന്നും പണിയെടുത്തില്ല. എന്നാലും എന്തൊരു വല്ലായ്മ.... (വയലിനിൽനിന്നു സുപരിചിതമായ താരാട്ടു്. ആ ഗാനധാരയുടെ മൃദുസ്വരത്തിലുള്ള പ്രതിധ്വനി, ആദ്യം സ്ത്രീകളുടെയും പിന്നെ പുരുഷന്മാരുടെയും ശബ്ദത്തിൽ)

വാല്യ: (പ്രകൃതി സുഷുപ്തിയിൽ) ദിവസേന നിങ്ങൾ തിരക്കുകൂട്ടിക്കോളു, എല്ലാ ദിവസവും ഒരേപോലെ തന്നെയാണു്, നിങ്ങൾ തിക്കും തിരക്കും കൂട്ടിക്കോളു....

ഗായകസംഘത്തിൽനിന്നൊരു ശബ്ദം: നീ ക്ഷീണിച്ചിരിക്കുന്നു. ഓമനേ കിടന്നുറങ്ങിക്കോളു. ഞാൻ പാത്രം കഴുകി വൃത്തിയാക്കിക്കോളാം. എല്ലാം ഭംഗിയായി ചെയ്തുകൊള്ളാം, ഫ്യോദോറോ, ലീനയോ ഉണന്നാൽ ഞാൻ അവരെ ഉറക്കിക്കോളാം. ഒന്നിനെപററിയും ഓക്കാതെ കിടന്നുറങ്ങിക്കൊള്ളു.

ഗായകസംഘം: വാല്യ ഉറങ്ങുകയാണു്. അവൾ അങ്ങനെ ഉറങ്ങുമ്പോൾ ശരത്കാലത്തെ കോപാക്രാന്തയായ കാററു് അങ്കറയിൽനിന്നു് ആഞ്ഞടിക്കുന്നു.

—വാല്യ ഉറങ്ങുന്നു. അവൾ ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ ആ വലിയ, കൊണ്ടുനടക്കാവുന്ന ഖനനയന്ത്രത്തിലെ രാത്രി

ഷിഫ്ററ് വേലക്കാർ മഴ നനഞ്ഞു പണിയെടുക്കുക യാണ്.

—എവിടെയോ ഡോക്ടറാകാൻ പോകുന്ന ആൻറണും അവൻെറ കൊച്ചുചങ്ങാതി ലീറയും – ചാർളി ചാപ്ലിൻ ഉണ്ടെന്നു വിശ്വസിക്കാത്ത ലീറയും—കിടന്നുറങ്ങുകയാണ്.

—പെട്ടെന്നു പാതിരാത്രി സെർഡ്യൂക്ക് ഉണർന്നെഴുനേൽക്കുന്നു—തൻെറ വയസ്സിനെക്കുറിച്ചുള്ള ഹൃദയവേദനയോടെ ........അയാൾക്കു ഉറങ്ങാൻ പററുന്നില്ല. അതുകൊണ്ടു നേരം വെളുക്കുന്നതുവരെ ഒരു ഫ്രഞ്ചു വ്യാകരണ പുസ്തകവും വായിച്ചുകൊണ്ടിരിക്കുകയാണയാൾ.

ഡെന്നീസ്: (പല്ലവി) ഞങ്ങളുടെ പുതിയ മുറിയിൽ സിങ്കയും ഞാനും കിടന്നുറങ്ങുകയാണ്........എൻെറ തോളിൽ തല വെച്ചാണവൾ ഉറങ്ങുന്നതു്. ഞാൻ ഉണരുമ്പോൾ അവൾ അവിടെ ഉണ്ടായില്ലെങ്കിലോ എന്നു ഭയപ്പെടുന്നപോലെ ഞാൻ അവളെ ഇറുകെ കെട്ടിപ്പിടിച്ചിട്ടുണ്ടു്.

വിക്ടർ: (പല്ലവി) എനിക്കുറക്കമില്ല! ഞാൻ റോഡിലിറങ്ങി നിദ്രയിലാണ്ട വസതികളുടെ ഇടയിലൂടെ നടക്കുകയാണ്. ഞാനിപ്പോൾ വാല്യയുടെ ജനവാതിൽക്കൽ നിൽക്കുന്നു. പക്ഷെ ഞാൻ വാതിൽക്കൽ മുട്ടുന്നില്ല. അദ്ധരാത്രി എത്രയെത്ര തവണയായി ഞാൻ ഇവിടെയിങ്ങനെ വന്നുനില്ക്കുന്നു. യാതൊരു തീരുമാനവുമെടുക്കാതെ ഞാൻ തിരിച്ചു വീട്ടിലേക്ക് പോരും.

ഗായകസംഘം: രാത്രി മറയുന്നു, പുലരി വന്നണയുന്നു. ശരത്കാലത്തെ തുടൎന്നു മഞ്ഞുകാലവും അതിനെ പിൻതുടൎന്നു വസന്തവും വന്നുചേരും.

—ഏപ്രിൽ-കുളുൎമ്മയാൎന്ന, കാററ് വീശുന്നു, ഏപ്രിൽ....എന്നാലുമതു വസന്തമാണ്. സൂര്യാതപമേററ് അവസാനത്തെ ഹിമകണവും അലിയുന്നു....സിങ്ക പ്രത്യക്ഷപ്പെടുന്നു:

അവരം വളരെ ഉത്സാഹത്തിലാണ്. തന്റെ ഏററവും നല്ല വസ്ത്രങ്ങളുടെ മേൽ അവളൊരു മേലങ്കി ധരിച്ചിട്ടുണ്ട്. കൈകളിൽ നിറയെ പിഞ്ഞാണങ്ങളാണ്.

സിങ്ക: അഭിനന്ദനങ്ങരം. ഇന്ന് ഏപ്രിൽ മുപ്പതാംതീയതിയാണ്. ഫേ്യാഡോറിനും, ലീനക്കും ഇന്ന് ഒരു വയസ്സാകും. അതിനെക്കുറിച്ച് ഒന്നു ഓർത്തുനോക്കു. ഒരുകൊല്ലം തികഞ്ഞു കഴിഞ്ഞു. ഞങ്ങരം ഇന്ന് ഒരു ജന്മദിനവിരുന്ന് ഒരുക്കുന്നുണ്ട്. സെറേ്യാജിൻ ഖനനയന്ത്രത്തൊഴിലാളിസംഘം മുഴുവനും വരുന്നുണ്ട്. ചുരുക്കത്തിൽ അവക്ക് തലതൊട്ടപ്പന്മാരുടെ സ്ഥാനമാണല്ലോ. (സ്വകാര്യമായി) അവർ— കുട്ടികരം എവിടെയാണന്നറിയാമോ. ഞാനവരെ ലാറിസ പെട്രോവ്നായുടെ മുറിയിൽ കൊണ്ടാക്കിയിരിക്കുകയാണ്. അവിടെ അവക്കു സുഖമായിരിക്കും........

[സെറേ്യാജിൻമാരുടെ മുറികാണാം. വാല്യയും ലാറിസയും കൂടി ധൃതിയിൽ മേശയൊരുക്കുകയാണ്.]

സിങ്ക: എപ്പോഴാണ് സർഡ്യുക്കും അയാളുടെ സൈന്യവും വരാമെന്നു പറഞ്ഞിരിക്കുന്നതു്?

ലാറിസ: ഏഴ്–മുപ്പതിനു്.

സിങ്ക: (കൈപൊക്കി) ഈശ്വരാ, മണി ഏഴാവാറായി.

ലാറിസ: പരിഭ്രമിക്കാതിരിക്കുക, ഇപ്പോരം എല്ലാം ശരിയാകും. ........(വാല്യയോട്) നീയെന്തിനെക്കുറിച്ചാണിത്ര ആലോചിക്കുന്നതു്?

വാല്യ പ്രത്യേകിച്ചൊന്നുമില്ല.

(മൗനം)

സിങ്ക: എത്ര സ്ഥലത്തു് പ്ലേററ് വെയ്ക്കണം?

ലാറിസ: എല്ലാവക്കുമൊരുക്കിക്കോളു.

വാല്യ: വിക്ടറെ കണക്കാക്കേണ്ട. അയാഠം ഒരിക്കലും എന്നെ കാണാൻവരാറില്ല.

സിങ്ക: കാരണം.

വാല്യ: ഹോ, വിക്ടൎക്ക ജീവിതാസ്വാദനത്തിലേ വിശ്വാസമുള്ള. കുഴപ്പങ്ങളെ അയാഠം വളരെയകററിയെ നിത്തു.

സിങ്ക: നല്ല പണിക്ക് അയാഠംക്ക് എന്തോ ആനുകൂല്യം ലഭിക്കാൻ പോകുന്നു എന്നു കേട്ടു. ഒരു മെഡലോ, ആയിരം രൂബിളോ, വേറെ എന്തോ ആണ്.

ലാറിസ: (വാല്യയെ നോക്കി) കുട്ടി നിനക്ക് എന്തു പററി?

വാല്യ: അകത്ത് ആകെ ഒരു മരവിപ്പ് തോന്നുന്നു.

ലാറിസ: (സഹതാപത്തോടെ) കുറച്ചു കഴിഞ്ഞാൽ എല്ലാം മറക്കും.

വാല്യ: അതല്ല.... അത്.... കുട്ടികളല്ലാതെ എനിക്കീജീവിതത്തിൽ യാതൊരഭിരുചിയുമില്ല. ചിലപ്പോഠം അത് എന്നെ പേടിപ്പെടുത്തുന്നു.

സിങ്ക: (മേശക്കരികെനിന്നു തുള്ളിച്ചാടി) കുട്ടികളെ, ഒരു കാര്യം ഊഹിക്കാമോ? നമ്മുടെ ലാപ്ചെങ്കോ ഒരു പ്രണയത്തിൽ ചെന്നു ചാടിയിരിക്കുന്നു.

ലാറിസ: നേരോ?

സിങ്ക: ഈശ്വരനാണ് സത്യം. അയാഠം പോയി ഒരു വിശേഷപ്പെട്ട ചെക്ക് ജാക്കററും വാങ്ങിയിരിക്കുന്നു.

വാല്യ: (ഒരു ചെറുചിരിയോടെ) ലാപ്ചെങ്കോ....

സിങ്ക: അല്ലാതെ നിവൃത്തിയൊന്നുമില്ല. ചീഫ് ഒരു ചീത്ത മാതൃക തുടങ്ങിവെച്ചില്ലെ! (ലാറിസയെ നോക്കി ചിരിക്കുന്നു).

ലാറിസ: കുട്ടി, എൻെറ സെർഡ്യൂക്കിനെ വെറുതെ വിട്ടേക്കു. (ആത്മാത്ഥതയോടെ) ലക്ഷത്തിൽ ഒരുന്നേ കാണു അത്തരക്കാർ.

സിങ്ക: (പരിഭ്രമത്തോടെ). ഞാൻ അതൊന്നും ഉദ്ദേശിച്ചല്ല. (ലജ്ജയോടെ) എന്നാൽ നിങ്ങൾക്ക് എന്തുകൊണ്ട് കല്യാണം കഴിച്ചുകൂടാ?

ലാറിസ: കല്യാണം കഴിക്കുകയോ? അദ്ദേഹത്തിനു വലിയ നാണമാണ്. മനുഷ്യൻെറ മുഖത്ത് നോക്കാൻ വയ്യത്രെ. തന്നെത്തന്നെ അപഹാസ്യനാക്കാൻ അധികാരമില്ലെന്നാണ് പറയുന്നത്.

സിങ്ക: അദ്ദേഹത്തിനീകാര്യത്തിൽ ഭയങ്കര നാണമാണ്. (അഭിമാനത്തോടെ) ഞാനും ഡെന്നിസും സ്നേഹത്തിലാണ് എന്നതിൻെറ പേരിൽ രണ്ടു കൊല്ലം എന്നെ എത്ര കഷ്ടപ്പെടുത്തിയെന്നോ?

വാല്യ: ലാറിസ

ലാറിസ: ഉം.

വാല്യ: ഞാൻ വീണ്ടും കടയിലേക്ക് വരണമെന്നു വിചാരിക്കുന്നു. നീയെന്നെ തിരിച്ചെടുക്കുമോ?

ലാറിസ: സമയം വൈകിപ്പോയി വാല്യ. ഞാൻ റീയിൻഫോർസ് പണിപഠിക്കുവാൻ സായാഹ്നക്ലാസുകളിലേക്ക് പോകുകയാണ്.

വാല്യ: എന്തിനു്?

ലാറിസ: കഠിനഹൃദയനായ എൻെറ സെർഡ്യൂക്ക് എന്നെക്കൊണ്ടതു ചെയ്യിക്കുന്നു. നിനക്കദ്ദേഹത്തെ അറിയാമല്ലോ. (സെർഡ്യൂക്കിനെ അനുകരിച്ചുകൊണ്ടു്) എൻെറ കുട്ടി ശരിയായ തൊഴിൽ എന്തെങ്കിലും പഠിക്കു.

സിങ്ക: (ചിരിച്ചുകൊണ്ട്) അതാണദ്ദേഹം! (പോകുന്നു).

ലാറിസ: വാല്യ, സത്യം പറഞ്ഞാൽ എനിക്കും പുത്തനായ ഒരാരംഭം വേണം. (പോകുന്നു)

വാല്യ: (മേശമേൽ കിടക്കുന്ന പണം നോക്കിക്കൊണ്ടു) സർജിയുടെ ശമ്പളം.... അവരതിൽ വലിയ കണിശക്കാരാണ്. [വിക്ടർ വാതിൽക്കൽ പ്രത്യക്ഷപ്പെടുന്നു. നീണ്ട മൗനം] വിക്ടർ! നിങ്ങളോ?

വിക്ടർ: അതെ, ഞാൻ തന്നെ. (ചിരിക്കുന്നു). നിന്നെ ഞാൻ ഭയപ്പെടുത്തിയോ?

വാല്യ: ഞാൻ നിങ്ങളെ പ്രതീക്ഷിച്ചിരുന്നില്ല.

വിക്ടർ: ശരി ഞാൻ വന്നു. അതുകൊണ്ടു വിഷമമുണ്ടോ?

വാല്യ: ഇല്ല.

വിക്ടർ: ഞാനും ചീഫും കൂടെയാണ് വന്നത്. അദ്ദേഹം കുട്ടികളെ കാണാൻ അകത്തേക്ക് കയറി. ഞാൻ നേരെ നിന്നെ കാണാൻ വന്നു. നിൻെറ ആ ഫ്യോഡോർ സർജിയുടെ തനി ഛായ തന്നെ. (ഒരു പാർസൽ വാല്യയുടെ കയ്യിൽ കൊടുത്തു) ഇതാ അവക്കൊരു സമ്മാനം.

വാല്യ: നിങ്ങളുടെ ഉടുപ്പുകാം മാററ. മഞ്ഞു പെയ്യുന്നുണ്ടായിരുന്നോ?

വിക്ടർ: ഉവ്വ്; എന്നാലും ശരത്കാലം തന്നെ. (തൻെറ ചുററും നോക്കുന്നു) ഇവിടെ സുഖമായിരിക്കുന്നു. (കട്ടിലിൽ ഇരിക്കുന്നു) ഞാൻ പോകുകയാണെന്നു സത്യം ചെയ്തിരുന്നു. ഓർമ്മയുണ്ടോ? പക്ഷെ എനിക്കാ സത്യം പാലിക്കുവാൻ സാധിച്ചില്ല. മാപ്പുതരണം.

[ഒരു നിശ്ശബ്ദത]

വാല്യ: (പതുക്കെ) നിങ്ങറം എന്താണ് എന്നെ കാണാൻ വരാത്തത്?

വിക്ടർ: ഞാൻ ആശ്വസിപ്പിക്കുന്നതിൽ മിടുക്കനെല്ല.

വാല്യ: എന്നാലും വരാമായിരുന്നു.

വിക്ടർ: (അയാളുടെ ശബ്ദമിടറുന്നു) എനിക്കു ഭയമാണ്.

വാല്യ: ഹോ, വിക്ടർ.

വിക്ടർ: (വികാരത്തെ നിയന്ത്രിക്കാൻ സാധിക്കാതെ) ഞാൻ മറന്നെന്നാണോ നിൻെറ വിചാരം? ഞാനെല്ലാം ഓക്കുന്നുണ്ട്. എപ്പോഴും ഞാൻ നിന്നെപ്പററി വിചാരിക്കുന്നുണ്ട്. നോക്കുന്നിടത്തെല്ലാം എൻെറ മുമ്പിൽ കാണുന്നത് നിന്നെയാണ്. നമ്മുടെ ബന്ധം ഒരു കഴുതകളിയാണെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. പക്ഷെ ഇന്നെനിക്ക് ശരിക്കും അറിയാൻ സാധിക്കുന്നുണ്ട്. എല്ലാം എൻെറ കുററമാണ്; എനിക്കറിയാം. സ്വന്തം കൈകൊണ്ടു ഞാൻ എൻെറ ആനന്ദത്തെ വധിച്ചുകളഞ്ഞു (നിരാശയോടെ) പക്ഷെ എങ്ങനെയറിയാനാണ്....ഞാൻ നടിച്ചതൊന്നുമല്ല. അതിങ്ങനെയായിരുന്നു. 'വൈററ് ഹില്ലിനെ' ഓക്കുന്നുണ്ടോ, വാല്യ? താരകറം കുനിഞ്ഞു നമ്മെ നോക്കാറുള്ളത് ഓമ്മയുണ്ടോ?

വാല്യ: നിത്തു, വിക്ടർ.

വിക്ടർ: (ഭയത്തോടെ അവളെ നോക്കിക്കൊണ്ടു്) നീയിപ്പോഴും അയാളെ സ്നേഹിക്കുന്നുണ്ടോ.

ഒരു പുഞ്ചിരിയോടെ വാല്യ തലയാട്ടുന്നു.

വിക്ടർ: (അയാളുടെ ശബ്ദം താഴ്ന്നു ഒരു പിറുപിറുപ്പുപോലെയാകുന്നു). എനിക്കു മാപ്പു തരു.

വാല്യ: ഞാൻ നിങ്ങറംക്കു മാപ്പു തരുന്നു.

വിറയ്ക്കുന്ന കൈകരാംകൊണ്ടു വിക്ടർ സിഗററ്റ് കൊളുത്തു ന്നു. തൻെറ പരിഭ്രാന്തി മറയ്ക്കാൻവേണ്ടി വാല്യ എന്തോ തിരുപ്പിടിക്കുകയാണ്.

വിക്ടർ: (അനങ്ങാതെ) ഞാൻ പോകുന്നു. എനിക്കിപ്പോരംതന്നെ പോകണം. ഒരുപാടു കാലമായി ഞാനവളെ കണ്ടിട്ട്.... അവളുടെ വായക്കടുത്തുള്ള ആ ചെറിയ വര അന്നുണ്ടായിരുന്നില്ല. അവരം ഇപ്പോഴും സർജിയെ സ്നേഹിക്കുന്നു. എനിക്കാവേഷംപോലും ഓർമ്മയില്ല. ഞാനിപ്പോരം എഴുന്നേററു പോകും. ഇല്ല. എനിക്കു വയ്യ. അതുകൊണ്ടു കാര്യമില്ല.

വാല്യ: (അനങ്ങാതെ) അസാധാരണം........ അസാധാരണം. അതുകൊണ്ടാണയാരം വരാത്തത്. സർജിയുടെ മരണമാണയാളെ അകററി നിർത്തിയത്. അയാരം തീരെ മാറിയിരിക്കുന്നു. കണ്ണുകരം തീരെ വ്യത്യസ്തങ്ങളായി തോന്നുന്നു. ഒരിക്കൽ ഞാൻ ഈ വിക്ടറോടൊപ്പം പാർക്കിൽവെച്ചു നൃത്തം ചെയ്തിരുന്നു എന്നത് സത്യംതന്നെയാണോ? അല്ല. ഇതൊരു വ്യത്യസ്തനായ വിക്ടറാണ്. എന്താണയാരം മിണ്ടാത്തത്. എന്തു ശാന്തനാണയാരം. സാധു വിക്ടർ.

വിക്ടർ: നീയെങ്ങിനെ കഴിയുന്നു.

വാല്യ: അങ്ങനെ കഴിഞ്ഞുകൂടുന്നു.

വിക്ടർ: ഏകാന്തത തോന്നുന്നുണ്ടോ?

വാല്യ: ചിലപ്പോരം. സർജി പോയപ്പോരം ഞാനും മരിച്ചു കഴിഞ്ഞു എന്നാണെനിക്കു തോന്നുന്നത്.

വിക്ടർ: അങ്ങിനെ പറയാതെ.

വാല്യ: എന്നോടു ദയതോന്നേണ്ട കാര്യമൊന്നുമില്ല. എനിക്കുമുണ്ട് എൻെറ ആനന്ദങ്ങരം—വിധവയുടെ ആനന്ദം. എ

നിക്കു നോക്കിയെടുക്കാൻ കുട്ടികളുണ്ട്. എനിക്കവരുടെ ആനന്ദത്തെപററി ചിന്തിക്കണം.

വിക്ടർ: നിന്നെപ്പററിയെന്തു പറയുന്നു. എന്താണ് നിൻെറ സ്വന്തം ജീവിതം? വീട്, കുട്ടികരം, അത്രയൊക്കെ മതിയോ, വാല്യ?

വാല്യ: ഇതിലും മീതെ എനിക്കെന്താണാവശ്യം? (ചിരിക്കുന്നു.) ഞാൻ വിശപ്പുകൊണ്ടു മരിക്കുന്നില്ല. നിങ്ങരംക്കു നന്ദി, എനിക്കു് ജീവിക്കാനാവശ്യമുള്ളതെല്ലാമുണ്ട്.

വിക്ടർ: (ആത്മാൎത്ഥതയോടെ) ഞാനൊരു കാര്യം പറയട്ടെ. നീ ആ പണം സ്വീകരിക്കാതിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുകയാണ്. അതാണ് വാസ്തവം!

വാല്യ: നേരോ? പക്ഷെ എന്താണ് കാരണം?

വിക്ടർ: ഞാൻ സൗജന്യത്തെ വെറുക്കുന്നു. നീ അത്യന്തം അഭിമാനിയും സ്വതന്ത്ര്യയുമായിരുന്നു. ഇപ്പോരം നിന്നെ ഒന്നു നോക്കു....

വാല്യ: പറയൂ. പറയൂ.

വിക്ടർ: നീയിന്നു മററുള്ളവരെ ആശ്രയിച്ചു ജീവിക്കുന്നവളാണ്.

വാല്യ: (അയാളെ ആക്ഷേപത്തോടും അത്ഭുതത്തോടുംകൂടി നോക്കുന്നു). വിക്ടർ, തീർച്ചയായും നിങ്ങരം മാറിയിട്ടുണ്ട്.

വിക്ടർ: അതാണ് പ്രേമം എനിക്കു ചെയ്ത ഉപകാരം.

വാല്യ: അത് നിങ്ങളെ കഠിനഹൃദയനും ക്രൂരനുമാക്കിയിരിക്കുന്നു.

വിക്ടർ: നിനക്കതു പറയാം.

വാല്യ: (ദേഷ്യത്തോടെ) ഭയങ്കരം, ഭയങ്കരം.

[ലാറിസ പ്രവേശിക്കുന്നു].

ലാററിസ: എന്താണിവിടെയിത്ര ശബ്ദം.

വാല്യ: (പരിഭ്രമത്തോടെ) ഒന്നുമില്ല....

ലാററിസ: വാല്യ, കുട്ടികളുടെ അടുത്തേക്കു പോകൂ. സെർഡ്യൂക്കിന്നു അവരെ നോക്കാനാവില്ല. നീയില്ലാതെ അവർ ഉറങ്ങുകയില്ല. [വാല്യ ഓടുന്നു.] നിങ്ങറം നല്ല ആളാണു്. ആറു മാസം മാറിനിന്നു ഇപ്പോറം വന്നു ലഹളയുണ്ടാക്കുന്നു!

വിക്ടർ: യഥാൎത്ഥത്തിൽ അവളെ സ്നേഹിക്കുന്നുണ്ടെങ്കിൽ നിങ്ങളും അതു് ചെയ്യും.

ലാററിസ: എന്താണിതിൻെറ അൎത്ഥം.

വിക്ടർ: ആരുമവളെ സ്നേഹിക്കുന്നില്ല.

ലാററിസ: നിങ്ങറംക്കു ഭ്രാന്താണു്. [സെർഡ്യൂക്കു്, റോഡിക്, ഡെന്നീസു്, സിങ്ക എന്നിവർ വരുന്നു.] സഖാവു് സെർഡ്യൂക്കു്, നിങ്ങളുടെ അസിസ്റ്റൻറിനെ സൂക്ഷിച്ചോളൂ. അയാറം ഇവിടെ കൂക്കിവിളിക്കുകയാണു്.

സെർഡ്യൂക്കു്: വിക്ടർ; എന്താണു് സംഗതി.

വിക്ടർ: (രൂക്ഷമായി) ഒന്നുമില്ല.

സിങ്ക: ലാപ്ചെങ്കോയെവിടെ.

റോഡിക്: സാധു ലാപ്ചെങ്കോ, അയാറം സമുദായത്തിനു നഷ്ടപ്പെട്ടു.

ഡെന്നീസു്: അയാറം തൻെറ കാമിനി ന്യൂറയെ കാത്തു സിനിമാ തിയേററിൻെറ പുറത്തു് നില്ക്കുന്നുണ്ടു്.

റോഡിക്: വിക്ടർ, മട്ടുകണ്ടിട്ടു്, നിങ്ങളും ഞാനും മാത്രമെ ഇവിടെ അവിവാഹിതരായി ഉണ്ടാകുകയുള്ളൂ എന്നാണു് തോന്നുന്നതു്.

സെർഡ്യൂക്ക്: നിങ്ങൾ എന്താണ് സൂചിപ്പിക്കുന്നത് എന്നെനിക്കു മനസ്സിലായി.

വിക്ടർ: (പെട്ടെന്നുണ്ടായ ധിക്കാരത്തോടെ) ഇനി എല്ലാവരും ഇരിക്കുവിൻ. നമുക്കിത് എന്നെന്നേക്കുമായി പറഞ്ഞവസാനിപ്പിക്കുക. കുറെക്കാലമായി ഞാൻ മിണ്ടാതിരിക്കുന്നു. ഇപ്പോൾ ഞാനെല്ലാം തുറന്നു പറയുവാൻ പോകുകയാണ്.

സിങ്ക: നോക്കൂ, വാസ്തവത്തിൽ അയാൾ ഗൗരവത്തോടെയാണ്.

വിക്ടർ: സിങ്ക, നീ ഇതിൽ ഒന്നും പറയേണ്ട.

സെർഡ്യൂക്ക്: എല്ലാവരും നിശ്ശബ്ദരായിരിക്കുവിൻ! ഷിഫ്റ്റ് ബോസ്സ് സംസാരിക്കട്ടെ.

വിക്ടർ: നമ്മളും വാല്യയും തമ്മിലുള്ള ഏർപ്പാട്........തീരെ തെററാണ്. അവൾക്കു പണം ശരിക്കു കിട്ടുന്നുണ്ട്. എന്തിനാണത്? വെറുതെ വീട്ടിൽ കുത്തിയിരിക്കുന്നതിനോ.

സെർഡ്യൂക്ക്: നിനക്ക് ഭ്രാന്തായോ, കുട്ടി.

സിങ്ക: വിക്ടർ, നിങ്ങൾക്ക് എങ്ങിനെ........

റോഡിക്: നിങ്ങൾ സ്വയം ലജ്ജിക്കേണ്ടിയിരിക്കുന്നു.

ഡെന്നീസ്: എന്താണിത്

റോഡിക്: (വെറിയോടെ) നോക്കൂ വിക്ടർ........

(ലാപ്ചെങ്കോ തൻെറ കാമിനി ന്യൂറയൊത്തു കടന്നു വരുന്നു)

ലാപ്ചെങ്കോ! (ആനന്ദത്തോടെ) ഹലോ ചങ്ങാതിമാരെ! കുട്ടികൾക്കു ജന്മദിനാഭിവാദ്യങ്ങൾ! ഇത് ന്യൂറ. കേന്ദ്ര ആഫീസിൽ നിന്നാണവൾ വരുന്നത്. പ്രമാണിയാണ്.

ന്യൂറ: (ലജ്ജയോടെ) അഭിവാദനങ്ങൾ.

ലാപ്ചെങ്കോ: (ന്യൂറയോട്) എൻെറ സഹപ്രവർത്തകരെ പരി

ചയമാകം. എല്ലാവരും വലിയ ആാംക്കാരാണ്. നല്ല ചങ്ങാതികളും.

വിക്ടർ: അഫാൻസി, മാറിനില്ല. ഞങ്ങാംക്ക കുറച്ചു ധൃതിയു ണ്ടിപ്പോാം.

ഡെന്നീസ്: ചീഫ്, നിങ്ങാം എന്താണ് ഒന്നും പറയാത്തത്. അയാാം പറഞ്ഞത് കേട്ടുവോ?

സെർഡ്യൂക്ക്: മിണ്ടാതിരിക്ക. ഞാൻ പറയാം........ (പരിഭ്രാന്തനായ ലാപ്ചെങ്കോവിനെ തൻെറ വഴിയിൽ നിന്നു മാററി വിക്ടറെ സമീപിക്കുന്നു) യുവാവെ, കാര്യമെന്താണെന്നു വിശദമായി പറയൂ.

വിക്ടർ: നിങ്ങാം സർജിയെയും അയാളുടെ മക്കളെയും കുറിച്ചോർത്തു. പക്ഷെ അവളെ പററിയെന്തു പറയുന്നു. അവാം ജീവനുള്ള ഒരു മനുഷ്യനല്ലെ?

ലാപ്ചെങ്കോ (സൗമനസ്യത്തോടെ) ഇവിടെ നോക്കു, സ്നേഹിതരെ!

സെർഡ്യൂക്ക്: ലാപ്ചെങ്കോ, പോയാട്ടെ.

ന്യൂറ: എനിക്ക് നിങ്ങളുടെ സ്നേഹിതരെപ്പററി വലിയ മതിപ്പൊന്നും തോന്നുന്നില്ല. ഏതാണ്ട് ഒരു യുദ്ധംപോലെയാണ് എനിക്കു തോന്നുന്നത്.

വിക്ടർ: നിങ്ങളുടെ പണം എന്താണവാംക്കു ചെയ്യുന്നതെന്നു മനസ്സിലാകുന്നുണ്ടോ, റോഡിക്. എനിക്കിതു സഹിക്കാൻ വയ്യ.

റോഡിക്: (ഉദാസീനതയോടെ) വിക്ടർ, നിങ്ങാംക്ക് ഇതിൽ വ്യക്തിപരമായ കാര്യങ്ങാം ഉണ്ടെന്നു തോന്നുന്നുവല്ലോ.

വിക്ടർ: (കോപാക്രാന്തനായി) എന്ത്? (ഒരു കസേരയെടുത്തു അയാളുടെ നേരെ ഓങ്ങുന്നു)

ന്യൂറ: (കഴിയാവുന്ന തത്ര ഉച്ചത്തിൽ) തമ്മിൽ തല്ലല്ലെ, ദയവു ചെയ്തു........

വിക്ടർ: (കസേര താഴെ വെയ്ക്കുന്നു). അതെ, എനിയ്ക്കു വ്യക്തി പരമായ താല്പര്യമുണ്ട്. ഞാൻ വാല്യയെ സ്നേഹിക്കുന്നു.

ന്യൂറ: (ഭയപ്പെട്ടു പിറുപിറുക്കുന്നു) എന്റെ ഈശ്വരാ

വിക്ടർ: എന്തിനതു മറച്ചു വെയ്ക്കണമെന്നെനിക്കു മനസ്സിലാകുന്നില്ല. നിങ്ങളാണ് എന്റെ കുടുംബക്കാർ. അതുകൊണ്ടു നിങ്ങൾ അറിയുന്നതാണ് നല്ലത്........എന്റെ ആനന്ദം വിരലുകൾക്കിടയിലൂടെ ചോർന്നുപോകാൻ അനുവദിച്ചവനാണ് ഞാൻ........ കാരണം എനിക്കൊരു വിലയുമുണ്ടായിരുന്നില്ല. വാല്യ സർജിയുടെ ഭാര്യയായി. അതായിരുന്നു അതിന്റെ അവസാനം. എല്ലാ സംഗതികളും മറക്കാൻ സാധിക്കുമെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. എനിക്കതു സാധിച്ചില്ല. അവൾക്കു കുട്ടികളുണ്ടായി, അമ്മയായി. എന്നിട്ടും എനിക്കവളെ എന്റെ മനസ്സിൽനിന്നു മാച്ചു കളയാൻ സാധിച്ചില്ല. എനിക്കു സർജിയുടെ സ്ഥാനം കിട്ടുമായിരുന്നു. ഞാൻ അവളുടെ അടുത്ത് നിന്നു ഓടിപ്പോകാൻ ശ്രമിച്ചു; പക്ഷെ സാധിച്ചില്ല. അവൾ ഇവിടെയുണ്ട് എന്ന ധാരണമാത്രം മതിയായിരുന്നു എനിക്ക്.... അതുമാത്രം മതിയായിരുന്നു എനിക്ക്. റോഡിക്, അതാണ് എന്റെ വ്യക്തിപരമായ താല്പര്യം. നിനക്കിപ്പോൾ മനസ്സിലായോ?

(നീണ്ട നിശ്ശബ്ദത)

റോഡിക്; വിക്ടർ, ഞാൻ മാപ്പു ചോദിക്കുന്നു.

ന്യൂറ: (ലാപ്ചെങ്കോവിനോട് പതുക്കെ) നിങ്ങൾ എല്ലാവരും ഇങ്ങിനെയാണോ?

ലാപ്ചെങ്കോ: എങ്ങനെ!

ന്യൂറ: എല്ലാം തുറന്നങ്ങു പറയുക.

ലാപ്ചെങ്കോ: ഞങ്ങറം ശ്രമിക്കാറുണ്ട്.

വിക്ടർ: [ആദ്യമായി ന്യൂറയെ കാണുന്നു.] ഹലോ ആരാണത്?

ലാപ്ചെങ്കോ: ഞാൻ പറഞ്ഞതല്ലോ. കേന്ദ്രാഫീസിൽനിന്നുവരുന്ന ന്യൂറാ.

വിക്ടർ: (ക്ഷീണത്തോടെ) നിങ്ങറം എന്തിനാണവളെ ഇവിടെക്കു് കൊണ്ടുവന്നതു്?

ലാപ്ചെങ്കോ: അവളെന്റെ കാമിനിയാണ്. അതുകൊണ്ട് അവളെ എന്റെ സുഹൃത്തുക്കറംക്കു പരിചയപ്പെടുത്തികൊടുക്കാമെന്നു വിചാരിച്ചു.

ന്യൂറാ: (വിക്ടറോട്ടു് നാണത്തോടെ) എന്തുണ്ട് വിശേഷം?

വിക്ടർ: (ഒരു സുഹൃത്തിനെപ്പോലെ അവളെ കെട്ടിപ്പിടിച്ചുകൊണ്ടു്) നിന്നെ കണ്ടതിൽ സന്തോഷമുണ്ടു്, ന്യൂറ.

ന്യൂറ: കുറെക്കാലമായി ഞാൻ നിങ്ങളെ അറിയും. രണ്ടുകൊല്ലം മുമ്പു നാം ഒരുമിച്ചു നൃത്തംചെയ്തിട്ടുണ്ടു്.

വിക്ടർ: (ഒരു ചെറിയ പുഞ്ചിരിയോടെ) ഉവ്വ് ന്യൂറ, നാം നൃത്തം ചെയ്തിട്ടുണ്ടു്. (പെട്ടെന്നു മേശപ്പുറത്തു് മുഷ്ടിചുരുട്ടി ഇടിച്ചുകൊണ്ടു്) ഇല്ല. എനിക്കവറം വെറുതെയിരുന്നു പണം പറവുന്നതു് സഹിക്കാൻവയ്യ. സർജി അവളെ സ്വന്തം കാലിൽനിർത്തി. അയാറം അവളെ വിശ്വസിച്ചു, സ്വയം വിശ്വസിപ്പിക്കുവാനവളെ പഠിപ്പിച്ചു.

സെർഡ്യൂക്ക്: കട്ടികളെപ്പററി എന്തുപറയുന്നു. നിങ്ങറം അതിനെക്കുറിച്ചു് ആലോചിച്ചിട്ടുണ്ടോ.

വിക്ടർ: (രണ്ടും കല്പിച്ചു പറയാനുള്ളതു് പറയുന്നു) ചീഫ്....നമുക്കു് അവളെകൊണ്ടു ഖനനയന്ത്രത്തിൽ പണിയെടുപ്പിക്കാം.

സെർഡ്യൂക്ക്: അതു പററില്ല. അവറംക്കൊരു പരിശീലനവു മില്ല.

വിക്ടർ: (ആത്മാർത്ഥതയോടെ) അവറം അവിടെവന്നു് പ്രവത്തികണ്ടു മനസ്സിലാക്കട്ടെ. നാം അവറംക്കുവേണ്ടി പണിയെടുക്കാം. പതുക്കെ നമുക്കവളെ പഠിപ്പിക്കുകയുമാവാം. ഒന്നോ രണ്ടോ കൊല്ലത്തിനകം അവറംക്കതു വശമാകും. ശരിയായ ഒരു പണി അവറംക്കു് അറിയാനും സാധിക്കും. ഒരു സൗജന്യമായിരിക്കുകയില്ല, അവറം വീട്ടിലേക്കു് കൊണ്ടുപോകുന്നതു്. ശരിയായ ശമ്പളമായിരിക്കും. അവറം ഒരു തൊഴിൽക്കാരിയുമാകും.

സെർഡ്യൂക്ക്: (സാവധാനത്തിൽ) അപ്പോറം അതായിരുന്നു ഈ കുഴപ്പമെല്ലാം അല്ലേ? നിങ്ങളുടെ പ്രണയത്തെ കുറിച്ചുള്ള സംസാരത്തിൽ അധികമൊന്നും ഞാൻ വിശ്വസിച്ചിരുന്നില്ല എന്നു തുറന്നു പറയട്ടെ. പക്ഷെ ഇതു് വ്യത്യസ്തമാണ്. (വിക്ടറെ കെട്ടിപിടിക്കുന്നു). ഇപ്പോറം എനിക്കു മനസ്സിലായി, നിങ്ങറം വാസ്തവത്തിൽ അവളെ സ്നേഹിക്കുന്നുണ്ടു്.

വിക്ടർ: ചീഫ്....

സെർഡ്യൂക്ക്: പക്ഷെ നിങ്ങറം റോഡിക്കിനോടു് കാണിച്ചതു് മര്യാദയായില്ല. അയാറം ആ നിർദ്ദേശം കൊണ്ടുവന്നതു് ഏററവും നല്ല ഉദ്ദേശത്തോടെയാണ്. വാല്യക്കു സഹായകമാകുന്ന എന്തെങ്കിലും വഴി കണ്ടുപിടിക്കണമായിരുന്നു. കുട്ടികറം നന്നെ ചെറുപ്പമായിരുന്നല്ലോ. ഇപ്പോറം എനിക്കു തോന്നുന്നു നിങ്ങറം പറയുന്നതാണ് ശരിയെന്നു്. (റോഡിക്കിനോട്ടു്) നിങ്ങറംക്കും അങ്ങിനെ തോന്നുന്നില്ലേ റോഡിക്?

റോഡിക്: അതെ, അയാറം പറയുന്നതു് ശരിയാണ്.

സെർഡ്യൂക്ക്: (മററുള്ളവരോടു്) നിങ്ങളെന്തു വിചാരിക്കുന്നു.

ഡെന്നീസ്: വിക്ടർ കാര്യത്തിൻെറ കരളിൽത്തൊട്ടിരിക്കുന്നു. ഇപ്പോഠം കേണലായി ഉയർത്തിയ എൻെറ മേജരം ഇതു തന്നെ പറയുമായിരുന്നു.

ലാപ്ചെങ്കോ: നിങ്ങളുടെ മേജറെപ്പററി കുറെയേറെയെല്ലാം ഞങ്ങഠം കേട്ടിരിക്കുന്നു.

സിങ്ക: ലാപ്ചെങ്കോ, കുറച്ചുകൂടി കേഠംക്കുന്നതുകൊണ്ടു ഒരു ദോഷവും വരാനില്ല.

ന്യൂറ: (എതിക്കുന്ന മട്ടിൽ) അതിനു ഇപ്പോഠം എന്താണാവോ, ലാപ്ചെങ്കോവിനിത്ര കുററം?

സെർഡ്യൂക്ക്: ഹേയ് പെൺകുട്ടികളെ, ഇപ്പോഠം അനാവശ്യ മായി മൂന്നുനാലാളായി ഇവിടെ.

[ലാറിസ വരുന്നു.]

ലാറിസ: ഞാനും അതിൽ പെടുമോ?

സെർഡ്യൂക്ക്: (ഭീകരനായി) ഉവ്വ്, നീയും പെടും. ഞാൻ നിന്നെ സ്നേഹിക്കുന്നുണ്ട് എന്നുവെച്ച് എൻെറ ഓരോ. കാലടിവെപ്പും ഒരാളുടെ അഭിപ്രായമനുസരിച്ചാകണമെ ന്നു് നിർബ്ബന്ധമൊന്നുമില്ല.

ലാറിസ: (ആനന്ദമത്തയായി) അദ്ദേഹമതു പറഞ്ഞു.... അവ സാ നമതു സമ്മതിച്ചു. അതും എല്ലാവരുടെയും മുമ്പിൽവെച്ച്.

സെർഡ്യൂക്ക്: ശരി, എന്താണതിന്. ഇനി എല്ലാവരും ഒന്നു മിണ്ടാതിരിക്കിൻ. [നിശ്ശബ്ദം] നാം ഈ കാര്യം എങ്ങനെ യാണ് വാല്യയെ അറിയിക്കുക?

[വാല്യ വാതിൽക്കൽ പ്രത്യക്ഷപ്പെടുന്നു.]

വിക്ടർ: ചീഫ്, എന്നെ അനുവദിക്കു. എനിക്കിനി യാതൊ ന്നും ഭയപ്പെടാനില്ല. ഞാൻ എല്ലാം പറഞ്ഞുകഴിഞ്ഞു. ഇപ്പോഠം ഇതും ഞാൻ അവളോട് പറയട്ടെ.

വാല്യ: ശരി, വിക്ടർ, എന്താണ് നിങ്ങൾക്ക് എന്നോട് പറയാനുള്ളത്?

[എല്ലാവരും വാല്യയെ തിരിഞ്ഞു നോക്കുന്നു.]

വിക്ടർ: (ഉറച്ച്) നീ സ്വന്തമായി ജീവിതമാരംഭിക്കേണ്ട സമയമായിരിക്കുന്നു. വന്നു ഞങ്ങളുടെ കൂടെ ആ ഖനന യന്ത്രത്തിൽ പണിയെടുക്കു. ഞങ്ങൾ നിനക്കൊരു തൊഴിൽ വശമാക്കിത്തരാം. ഇതാണ് ഏററവും നല്ലത്.

വാല്യ: (സമഭാവത്തോടെ) എനിക്കു മനസ്സിലായി. ഹേയ് ഷിഫ്ററ് ബോസ്സ്, നിങ്ങൾ, നിങ്ങളുടെ പഴയ പല്ലവി തന്നെയാവർത്തിക്കുകയാണല്ലോ. (ചിരിക്കുന്നു). പക്ഷെ, എന്നിൽ ഇത്ര താല്പര്യം കാണിക്കാൻ നിങ്ങൾക്കെന്താണവകാശം? (സെർഡ്യൂക്കിനോട്) നിങ്ങൾ തരാമെന്നു പറയുന്നതിന്നു നന്ദി. പക്ഷെ ഞാൻ എങ്ങിനെയെങ്കിലും എൻെറ കാര്യം നിർവ്വഹിച്ചുകൊള്ളാം. (പണമെടുത്ത് സെർഡ്യൂക്കിൻെറ മുമ്പിൽ വെയ്ക്കുന്നു.) സൌജന്യമില്ലാതെ തന്നെ (എല്ലാവരേയും ഉദാസീനമായി നോക്കുന്നു.) എനിക്കു കഴിഞ്ഞുകൂടാൻ സാധിക്കുകയില്ലെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്? ഞാൻ ഇവിടെ നിന്ന് പോകും. പോകാൻ ധാരാളം സ്ഥലമുണ്ടല്ലോ.

ഡെന്നീസ്: (ദേഷ്യത്തോടെ) വാല്യ, നിങ്ങൾക്ക് ഞങ്ങളോട് ഇങ്ങിനെ പെരുമാറാൻ യാതൊരവകാശവുമില്ല. ഞങ്ങൾ എന്തു് കുററമാണ് ചെയ്തതു്?

വാല്യ: പട്ടാളക്കാര, എനിക്കു നിങ്ങളുടെ മേലധികാരിയെ പിടിക്കുന്നില്ല. അതാണ് കാരണം. അയാൾ വല്ലാത്ത പ്രതികാരബുദ്ധിയാണ്. (വിക്ടറെ സമീപിച്ച് അയാളുടെ കണ്ണുകളിലേക്ക് തറച്ചുനോക്കുന്നു) എന്നെ സംബന്ധിച്ച ചില കാര്യങ്ങൾ അയാൾക്കു മറക്കുവാൻ സാദ്ധ്യമല്ല എന്നതു തീർച്ചയാണ്.

വിക്ടർ: ഇതുമാത്രമാണോ നിനക്ക് പറയാനുള്ളത്, വാല്യ? (വാതിൽക്കൽ പോയി കോട്ട് ഇടുന്നു) ഗുഡ്ബൈ.... (ധൃതിയിൽ പുറത്തേക്ക് പോകുന്നു.)

സെർഡ്യൂക്ക് (ശാന്തനായി, ആക്ഷേപിക്കുന്ന മട്ടിൽ) നീയിതു ചെയ്യാൻ പാടില്ലായിരുന്നു.

റോഡിക്: (വാല്യയുടെ സമീപം പോയി) അയാൾ നിന്നെ സ്നേഹിക്കുന്നു. (പതുക്കെ) ഗാഢമായി സ്നേഹിക്കുന്നു.

സിങ്ക: (ദേഷ്യത്തോടെ) വാല്യ, നിനക്ക് തികച്ചും തെററുപററിയിരിക്കുന്നു. നീയെന്തിനാണ് വിക്ടറെയിത്രമാത്രം അലട്ടുന്നത്?

വാല്യ: എന്തിനാണ്, സർജ്'ി, എൻെറ സർജി, എന്തിനാണത്? (മുറിയും ആൾക്കാരും മറയുന്നു. മങ്ങിയ വെളിച്ചത്തിൽ വാല്യ മാത്രമുണ്ട്) പ്രിയപ്പെട്ടവനെ, നിങ്ങളില്ലാതെ ഞാൻ നശിച്ചു. ഇത് വല്ലാത്ത കഷ്ടമാണ്. ഞാനെന്തു ചെയ്യും. എനിക്കു തലചുററുകയാണ്. എന്തുവേണമെന്നറിയുന്നില്ല.

ഗായകസംഘത്തിൽ നിന്നൊരു ശബ്ദം: കരയരുത്. ഒരൊററ തുള്ളിപോലും നീർ വിൻെറ കണ്ണിൽനിന്നു തീരുന്നത് എനിക്കിഷ്ടമല്ല. ഈ ലോകത്തിൽ മനുഷ്യർ സന്തോഷമാരിയിക്കണം. അതാണ് വാസ്തവം. പ്രത്യേകിച്ച കമ്യൂണിസം കെട്ടി പടുക്കുന്നവർ. ഉദാഹരണമായി നീയും, ഞാനും. എന്താണ് സന്തുഷ്ടനാകാൻ മനുഷ്യനാവശ്യം. പ്രസ്താവയോഗ്യമായ എന്തെങ്കിലും പണി താൻ ചെയ്യുന്നുണ്ട് എന്ന ചാരിതാത്ഥ്യം; തന്നെക്കാൾ വലുതായ ഒന്നിൻെറ ഭാഗമാണ് താൻ എന്ന വിശ്വാസം.

വാല്യ; എന്താണതിൻെറ അത്ഥം?

ഗായകസംഘത്തിൽ നിന്നൊരു ശബ്ദം: എങ്ങിനെയാണത് പറയേണ്ടത് എന്നെനിക്കറിയുകയില്ല. മനുഷ്യനു എന്തെ

ങ്കിലും പ്രയോജനമുള്ള, അവനെ വലുതാക്കുന്ന, ആദ്യത്തെ നിലയിൽനിന്നു മെച്ചപ്പെടുത്തുന്ന പണികൾ ഉണ്ടെന്നെനിക്കറിയാം. കോൺക്രീററ് പണി നിനക്കിഷ്ടമില്ലെങ്കിൽ ഖനനയന്ത്രത്തിൽ പരീക്ഷിച്ചുനോക്കാം. ആദ്യം ഒരു സഹായിയെന്ന നിലയിലാരംഭിക്കാം. പിന്നെ നിനക്ക് സായാഹ്ന പാഠശാലകളിൽ പോയി പഠിക്കാം. ഖനനയന്ത്രത്തിലെ ജോലിക്കാരുടെ മുഴുവൻ മേധാവിയായി ഒരു യുവതി വോൾഗയിൽ ഉണ്ടത്രെ. വാല്യ ഞാൻ പറയുന്നത് കേൾക്കുന്നുണ്ടോ?

വാല്യ: ഹോ, സർജി, ഹോ എൻെറ ജീവിതേശാ....

(വീണ്ടും വെളിച്ചം. സ്നേഹിതവൃന്ദത്താൽ വളയപ്പെട്ട വാല്യ അവളുടെ മുറിയിൽ ഇരിക്കുന്നു.)

സെർഡ്യൂക്ക്: പോയി. വിക്ടറെ തിരികെ വിളിക്കു....വാല്യ അയാളെ തിരിച്ചു വിളിക്കു.

റോഡിക്: ഞാൻ പോകട്ടെ?

വാല്യ: നന്ദി; പക്ഷെ അയാൾ വരില്ല. വല്ലാത്ത ദുശ്ശാഠ്യക്കാരനാണ് വിക്ടർ എന്നെനിക്കറിയാം. (വാതിൽ തുറക്കുന്നു. വിക്ടർ വാതിക്കൽ നിൽക്കുന്നു) നിങ്ങളോ? നിങ്ങൾ മടങ്ങി വന്നുവോ?

വിക്ടർ: എൻെറ സാധാരണ ശീലമല്ല അത്, ആണോ! വാല്യ, നിനക്ക് എന്നെ തീരെ അറിയില്ല (അവളെ സമീപിച്ചു) ഞാൻ ഒരിക്കലും നിന്നെവിട്ട് പോകുകയില്ല. നീ പോയാൽ ഞാനും നിന്നെ പിൻതുടരും. എവിടെയാണെങ്കിലും നിന്നെ ഞാൻ കണ്ടു പിടിക്കും. വാല്യ; നിനക്കുവേണ്ടി, എൻെറ സുഹൃത്തുക്കളെയും സഖാക്കളേയും വിട്ടുപോകാൻ ഇടയാക്കല്ലെ! വാല്യ, ഖനനയന്ത്രത്തിൽ ഞാൻ നിൻെറ സർജിയുടെ സ്ഥാനമാണ് ഏറെറടുത്തിരിക്കുന്നത് അതി

ലെ ഓരോ ആണിയും, ഓരോ ഏപ്പും എൻെറ വിയർപ്പിൽ നനഞ്ഞതാണ്. ആ യന്ത്രം ഒരു മനുഷ്യനെപ്പോലെയാണ്. അതിന്നു ആത്മാവുണ്ട്. അതില്ലാതെ എനിക്കു ആനന്ദമായിരിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. വാല്യ, ഞാൻ മുട്ടുകുത്തിനിന്നു് നിന്നോട് ഇരക്കുകയാണ് എൻെറ സ്നേഹിതരെ വിട്ടു പോകാൻ ഇടയാക്കരുതെ.

വാല്യ: വിക്ടർ, വിഡ്ഢിത്തം കാട്ടാതിരിക്കു.

വിക്ടർ (ഭീകരതയോടെ) എന്നാൽ ഞങ്ങളുടെ കൂടെ ആ ഖനന യന്ത്രത്തിൽ പണിയെടുക്കാൻ വരു. നിൻെറ വേദനകളും എനിക്ക് നിന്നോടുള്ള പ്രേമവും, എല്ലാമെല്ലാം മറന്നേക്കൂ. എന്തായാലും അത് സർജിയുടെ, നമ്മുടെ സർജിയുടെ, നിൻെറ സർജിയുടെ യന്ത്രമാണ്. അയാറം നമ്മുടെ കൂടെയില്ല. എന്നാലും വാല്യ നിനക്കും എനിക്കും ജീവിച്ചേ മതിയാകൂ. നമ്മോടും ജീവിതത്തോടും നമുക്കുള്ള കടമയാണത്.

ഗായകസംഘം: എല്ലാവരും വാല്യയുടെ മറുപടിക്കു വേണ്ടി കാത്തുനിൽക്കുമ്പോഠം, മുകളിൽ, ലാറിസ്സയുടെ മുറിയിൽ, ആ രണ്ടുകുഞ്ഞുങ്ങളും,—ഫ്യോഡോറം- ലീനയും, ഗാഢനിദ്രയിലാണ്.

അന്ധകാരം. പരിചിതമായ ആ താരാട്ട് കേഠംക്കാം. വധി ശബ്ദങ്ങഠം ആ ഗാനം മൂളുന്നു.

—അവരുറങ്ങുന്നു. നിങ്ങളോ ഞാനോ ഇനിയൊരിക്കലും കാണാത്തതാണ് അവർ കാണുന്ന സ്വപ്നങ്ങഠം.

—ഫ്യോഡോർ ജീവിതത്തിൽ ഇതിന്നു മുമ്പൊരിക്കലും കാണാത്ത ഒരു മഞ്ഞപ്പൂവിനെയാണ്—അവൻെറ ചെറിയ ബൂട്സിൻെറ അടുക്കൽ പൊന്തിനിന്നിരുന്ന ആ മഞ്ഞപ്പൂവിനെയാണ് സ്വപ്നം കാണുന്നത്.

—ഇന്നു് കാലത്തു് ആൻറൺ—ഡോക്ടറാകാൻ പോകുന്ന ആൻറൺ—അവറംക്കു കൊടുത്ത പ്രകാശമുള്ള ആ നീലിച്ച പന്താണു് ലീനയുടെ സ്വപ്നവിഷയം.

സർജ്ജിയുടെ ഭാഗമഭിനയിച്ച നടൻ: എനിക്കവരുടെ സ്വപ്നങ്ങളോടു്, ബാല്യകാലത്തോടു് അസൂയതോന്നുന്നു.... അതിലും കൂടുതലായി എനിക്കസൂയ തോന്നുന്നതു്, അവറംക്കു പ്രായപൂർത്തിയാകുന്ന ആ കാലത്തെ കുറിച്ചോർക്കുമ്പോഴാണു്. അന്നു് എത്ര വ്യത്യസ്ഥമായിരിക്കും ലോകം. നാം കമ്യൂണിസത്തിൻെറ പേരിൽ പണിതെടുത്ത അത്ഭുതാവഹങ്ങളായ എന്തെല്ലാം സാധനങ്ങളാണു് ഈ ഭൂമിയിലവർ കാണുക.

ഗായകസംഘം: ഭാവിയുടെ മഹേന്ദ്രജാലത്തിൻെറ ഉമ്മറപ്പടിയിൽ നിന്നവർ മഞ്ഞപ്പൂക്കളും പ്രകാശമേറിയ നീല പന്തുകളും സ്വപ്നം കാണുകയാണു്.........

[വീണ്ടും ആ ചെറിയ മരപ്പാലത്തിൻെറ ബാഹ്യരേഖ അതിന്മേൽ, നിരത്തു് വിളക്കിൻെറ സമീപം വാല്യയും വിക്ടറും നിൽക്കുന്നു. മഴ പെയ്യുന്നുണ്ടു്].

വാല്യ: വിക്ടർ, പ്രിയപ്പെട്ട വിക്ടർ, വളരെ നന്ദി.

വിക്ടർ: എന്തിനു്.

വാല്യ: നോക്കൂ. (ഒരു കെട്ടു് നോട്ടു കാണിക്കുന്നു)

വിക്ടർ: നിൻെറ ശമ്പളം.

വാല്യ: അതെ, എൻെറ ആദ്യത്തെ ശമ്പളം (കണ്ണിൽ വെള്ളം നിറയുന്നു) അദ്ദേഹം അറിഞ്ഞിരുന്നുവെങ്കിൽ! എത്രയെത്ര സന്തോഷിക്കുമായിരുന്നു....

വിക്ടർ: ഉം.

വാല്യ: (കവിറം അയാളുടെ കയ്യിൽ അമർത്തി) നന്ദി, നന്ദി,

വിക്ടർ: മണ്ടിപ്പെണ്ണേ!

5362



വാല്യ: ഖനനയന്ത്രത്തൊഴിലാളികളുടെ മുഴുവൻ മേധാവിയായി വോറംഗയിൽ ഒരു യുവതിയുണ്ടത്രെ? അത് സാദ്ധ്യമാണോ

വിക്ടർ: തീർച്ചയായും.

വാല്യ: ഈശ്വരാ!

വിക്ടർ: എന്താണത്?

വാല്യ: (പുഞ്ചിരിയോടെ) ഒരു വെള്ളത്തുള്ളി കഴുത്തിലൂടെ ഇറങ്ങിപ്പോയി.

വിക്ടർ: ഖനനയന്ത്രം ബ്രാട്സ്കിലേക്കു പോകുകയാണ്? കേട്ടുവോ?

വാല്യ: [ധൃതിയിൽ] ഗുഡ്ബൈ, കുട്ടികളെകൊണ്ടുവരാൻ നേർസറിയിലേക്ക് പോകേണ്ട സമയമായി.

വിക്ടർ: [അവളുടെ കൈപിടിച്ച്] വാല്യ, ഓമനേ........

വാല്യ: വേണ്ട; അതു പറയല്ലെ........

വിക്ടർ: ഒരിക്കലും?

വാല്യ: ഞാൻ പിന്നെ കണ്ടുകൊള്ളാം [ഓടിപ്പോകുന്നു]

വിക്ടർ: കണ്ണിൽ മിഴി നീരും, ചുണ്ടിൽ പൂപുഞ്ചിരിയുമായ് അവൾ അതാ പാലത്തിന്മേൽ നിന്നു് ഇരുട്ടിലേക്ക് ഓടി .... എന്നെങ്കിലും അവൾ എന്റെ ഭാര്യയാകുമോ? അവൾ അതു സമ്മതിക്കുമോ? ആർക്കറിയാം.... പക്ഷെ അത് വേറെ. തികച്ചും വേറെ കഥ. അവളെയും നോക്കി, എത്ര യഗാധമായാണ് ഞാൻ അവളെ സ്നേഹിക്കുന്നത് എന്നും ഓർത്തു, ഈ വഴിത്താരയുടെ അററത്ത് നിൽക്കുമ്പോൾ ഈ കഥ അവസാനിക്കുകയാണ്.

ഗായകസംഘം: വിക്ടർ, നിങ്ങൾക്ക് നല്ലതു വരട്ടെ.

[സഭാവാസികളോട്] അവസാനിച്ചു.

[യവനിക]

This is a good Story

# പുതിയ നോവലുക

കണ്ണിമാങ്ങകൾ —സി. ര

താമസി —ജരാസന്ധൻ (വിവ:

മരുമകൾ —

രോഗികൾ —


ഫറവോ —എം. പി. ദേ

ഉഴുതുമറിച്ച പുതുമണ്ണ് —ഷോ
(വിവ: എം. ആർ. ചന്ദ്ര

ഉൾനാടൻ മണ്ണ് —സർജേയി ആൻ
(വിവ: കെ. വി. ര

സി. ഐ. സി. സി. ബുക്ക്

ടി. ബി. റോഡ്, എറണാകുള


ഒരു 350
കാമുകനാൽ
അലക്സി ടോൾസ്റ്റോയ്